# സാന്ത്വനപ്രകാശം

പാലാ രൂപതാ ബുള്ളറ്റിൻ




മാർച്ച് 19 – മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ

Vol. LXX March 2020 No.3



പാലാ രൂപതയുടെ സിഞ്ചെല്ലൂസ് ആയി നിയമിതനായ

**പെരിയ ബഹു. ജോസഫ് തടത്തിലച്ചന്**

പ്രാർത്ഥനാശംസകൾ...




**Canonical Erection of Sisters of the St. Martha's Congregation (SMC) to Major Archiepiscopal Status on 02.02.2020**

# ആശംസകൾ





**മാർച്ച് 19 ന് നാമഹേതുക തിരുനാൾ**
**ആഘോഷിക്കുന്ന**

**മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിനും**
**മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനും**

**സ്നേഹനിർഭരമായ പ്രാർത്ഥനാശംസകൾ**




പാലാ മെത്രാസനമന്ദിരത്തിൽനിന്നും സ്ഥലം മാറിപോകുന്ന മോൺ. ജോസഫ് കുഴിഞ്ഞാലിലച്ചനും ബഹു. വൈദികർക്കും നൽകിയ യാത്രയയപ്പുസമ്മേളനം.



കെയർ ഹോംസ് പാലാരൂപതാ വാർഷിക സമ്മേളന സമാപനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടു പിതാവിന്റെ മഹനീയ സാന്നിധ്യത്തിൽ ജോസ് കെ. മാണി എം.പി. ഉദ്ഘാടനം ചെയ്യുന്നു.



ബൈബിൾ അപ്പസ്തോലേറ്റിന്റെ വാർഷിക ദിനാഘോഷത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ച് സംസാരിക്കുന്നു.

"നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്,
സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ."

(മത്തായി 5: 14 – 16)

*'സാന്ത്വനപ്രകാശമേ, നയിച്ചാലും'*

# സാന്ത്വനപ്രകാശം

## പാലാ രൂപതാ ബുള്ളറ്റിൻ

**MARCH 2020**

**Vol. LXX No. 3**

# CONTENTS


ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക് ............................ 183

കെ.സി.ബി.സി. സർക്കുലർ ........................................ 185

സർക്കുലർ - നോമ്പുകാല സന്ദേശം ........................191

ലേഖനം ................................................................... 197

വികാരിയച്ചന്മാരുടെ ശ്രദ്ധയ്ക്ക് .............................. 203

Transfer List ........................................................ 206

അറിയിപ്പ് .............................................................. 212

Prayer Day List .....................................................217

വാർത്തകൾ .............................................................. 218

ആദരാഞ്ജലികൾ .................................................. 256

അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................ 259

Bishops' Engagements ....................................... 265

# ബഹു. വൈദികരുടെ ശ്രദ്ധയ്ക്ക്

**1. വി. മൂറോൻ കൂദാശാകർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും ഏപ്രിൽ 2-ാം തീയതി (വ്യാഴാഴ്ച)**

നമ്മുടെ രൂപതയിൽ മൂറോൻ കൂദാശാ കർമ്മം പെസഹാവ്യാഴാഴ്ച നടത്തുന്ന ഒരു ക്രമമാണ് സ്വീകരിച്ചുപോന്നിരുന്നത്. പ്രസ്തുത കർമ്മം മുൻ വർഷങ്ങളിൽ നടത്തിയതുപോലെ ഇക്കൊല്ലവും 40-ാം വെള്ളിയാഴ്ചയുടെ തൊട്ടുപിറകിലുള്ള ദിവസമായ **ഏപ്രിൽ 2-ാം തീയതി (വ്യാഴാഴ്ച)** എല്ലാ ബഹു. വൈദികരുടെയും സാന്നിദ്ധ്യത്തിൽ നടത്തുകയാണ്. തന്മൂലം ഏപ്രിൽ 2-ാം തീയതി രാവിലെ 10-ന് എല്ലാ അച്ചന്മാരും നമ്മുടെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ എത്തിച്ചേരേണ്ടതാണ്. വി.കുർബാന ഇടവകകളിൽ അർപ്പിച്ചിട്ടു വന്നാൽ മതിയാകും. സമൂഹബലി ഉണ്ടായിരിക്കുന്നതല്ല. അതുകൊണ്ട് തിരുവസ്ത്രം കൊണ്ടുവരേണ്ടതില്ല. എല്ലാവരുടെയും സാന്നിദ്ധ്യം ഉറപ്പാക്കിയാൽ മതി. ആദ്യം എല്ലാ ബഹു. വൈദികരും ചേർന്നുള്ള മാസധ്യാനമാണ്. (ഏപ്രിൽ മാസത്തിൽ ഫൊറോനാ മാസധ്യാനം നടത്തേണ്ടതില്ല). അതേതുടർന്ന് എല്ലാ അച്ചന്മാർക്കും കുമ്പസാരിക്കുന്നതിനുള്ള സൗകര്യവും ക്രമീകരിക്കുന്നതാണ്. 12 മണിക്ക് മൂറോൻ കൂദാശ ആരംഭിക്കും. ഉച്ചഭക്ഷണത്തോടുകൂടി കർമ്മങ്ങളെല്ലാം അവസാനിക്കും. തിരികെ പോകുമ്പോൾ എല്ലാ പള്ളികളിലേക്കുമുള്ള വി. മൂറോൻ തന്നുവിടുന്നതാണ്. അതിനുള്ള പ്രത്യേക പാത്രം കഴിഞ്ഞ വർഷങ്ങളിൽ തന്നത് ബഹു. വൈദികർ കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബഹു. വൈദികർ എല്ലാവരും ഈ പരിശുദ്ധ കർമ്മത്തിൽ പങ്കെടുക്കണം. ആരും ഒഴിവാകാതിരിക്കേണ്ടതിനാണ് മുൻകൂട്ടിത്തന്നെ അറിയിക്കുന്നത്. രൂപതാവൈദിക വിശുദ്ധീകരണദിനമായി എല്ലാവരും ഇതിനെ പരിഗണിക്കുമല്ലോ. ഏവർക്കും പരിശുദ്ധമായ നോമ്പുകാലം ഒരിക്കൽകൂടി പ്രാർത്ഥിക്കുന്നു.

**2. പെസഹാ വ്യാഴാഴ്ചത്തെ സ്ത്രോത്രകാഴ്ച** നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനു വേണ്ടിയാണ് എന്ന് അറിയാമല്ലോ. ബഹു. അച്ചൻ പള്ളിയിൽ ഈ കാര്യം മുൻകൂട്ടി പറഞ്ഞ് വേണ്ട ക്രമീകരണം നടത്താൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

മെത്രാസനമന്ദിരം
പാലാ, 22.02.2020

Ref: 3254/K-5/KCBC/OL/DS 11.2.2020

# മദ്യവിരുദ്ധ ഞായർ, 2020 മാർച്ച് 8

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ മാർച്ച് 8 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണല്ലോ. എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും തിന്മയുടെ സ്വാധീനങ്ങളിൽ നിന്നും പിൻതിരിഞ്ഞ് നടക്കുവാനുള്ള ആഹ്വാനമാണ് വലിയ നോമ്പിലെ ഈ ദിനാചരണം നമുക്കു നൽകുന്നത്. വളരെ ഗുരുതര സ്വഭാവമുള്ള ഈ വിഷയം നോമ്പുകാലത്ത് നമ്മുടെ ചർച്ചക്കും പരിചിന്തനത്തിനും വിഷയീഭവിക്കേണ്ടിയിരിക്കുന്നു. ഭാരതത്തിൽ ലഹരി ഉപയോഗത്തിലും വിപണനത്തിലും കേരളം രണ്ടാം സ്ഥാനത്ത് എത്തിനില്ക്കുന്നു. ഈ അടുത്ത കാലത്ത് ബഹു. കേരളാ ഹൈക്കോടതി നടത്തിയ നിരീക്ഷണം നമ്മുടെ സത്വരശ്രദ്ധയാകർഷിക്കുന്നു: 'തലമുറയെയും ജനങ്ങളുടെ ആരോഗ്യത്തെയും തകർക്കുന്ന ആഗോള പകർച്ചവ്യാധിയായി മദ്യലഹരി മാറിയിരിക്കുന്നു. സാമ്പത്തിക സുസ്ഥിരതയെയും സംവിധാനങ്ങളെയും അതു നശിപ്പിക്കുന്നു'. കോടതി നടത്തിയ ഈ പരാമർശം അതീവ ഗൗരവത്തോടെ നാം വിലയിരുത്തേണ്ട ഒരു സമയമാണിത്.

സാമൂഹ്യ പ്രശ്നങ്ങൾ രണ്ടു തരമുണ്ട്. ആദ്യത്തേത് പ്രകൃത്യാ അഥവാ സ്വഭാവികമായി സംഭവിക്കുന്നതാണ്. പ്രകൃതിയിൽ നിന്നുതന്നെ അത് ഉത്ഭവിക്കുന്നതിനാൽ അവയെ സ്വാഭാവികമായി നിയന്ത്രിക്കുക സാധ്യമല്ല. കഴിയുന്നത്ര മുൻകരുതലുകൾ എടുക്കുക മാത്രമാണ് മനുഷ്യനു ചെയ്യാൻ സാധിക്കുക. എന്നാൽ, രണ്ടാമത്തെ ഗണത്തിൽപ്പെടുന്നവ മനുഷ്യ

നിർമ്മിത സാമൂഹ്യ പ്രശ്നങ്ങളാണ്. മദ്യ-ലഹരി വസ്തുക്കളുടെ ഉപയോഗം ഒരു സാമൂഹ്യ പ്രശ്നമാണ്. അതിനാൽ, മനുഷ്യൻ മനസ്സുവച്ചാൽ ഇല്ലാതാക്കുവാൻ കഴിയുന്നതാണിത്. ജീവിതത്തിന്റെ വിവിധ തലങ്ങളിലുള്ളവർ ഈ സാമൂഹിക പ്രശ്നത്തിനെതിരേ ജാഗരൂകതയോടെ പ്രവർത്തിക്കേണ്ടത് തീർത്തും അനിവാര്യംതന്നെ.

മദ്യത്തിന്റെയും ലഹരിവസ്തുക്കളുടെയും ഉപയോഗം മനുഷ്യനെ ശാരീരികമായും മാനസികമായും രോഗഗ്രസ്തനാക്കുന്നു. കുടുംബത്തിൽ ഒരാൾ ലഹരിക്കടിമപ്പെട്ട് രോഗിയായിത്തീർന്നാൽ അതിന്റെ ദൂഷ്യഫലങ്ങൾ കുടുംബം മുഴുവനും അനുഭവിക്കേണ്ടി വരുന്നു. ഇന്ന് മദ്യപാനംമൂലം അനേകം കുടുംബങ്ങൾ തകർച്ചയിലും ദുരിതത്തിലും കഴിയുന്നു. തലമുറയുടെ വാഗ്ദാനങ്ങളായ കുട്ടികളും യുവാക്കളും ഇന്ന് ലഹരിയുടെ പിടിയിൽ അമർന്നുകൊണ്ടിരിക്കുന്നു. വിദ്യാർത്ഥികളടങ്ങുന്ന യുവാക്കളിൽ വളരെയധികം പേർ ലഹരി വസ്തുക്കൾക്ക് അടിമകളാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വസ്തുക്കളുടെ വിപണനവും ഉപയോഗവും നടക്കുന്നുവെന്നത് നമ്മെ ഏറെ ആശങ്കപ്പെടുത്തുന്നു. ഒരു വശത്ത് മദ്യം യഥേഷ്ടം ലഭ്യമാക്കുകയും ഉപയോഗിക്കാനുള്ള ഒത്താശ ചെയ്തുകൊടുക്കുകയും മറുവശത്ത് മദ്യത്തിനെതിരേ ബോധവത്കരണം നടത്തുകയും ചെയ്യുന്നത് തീർത്തും വൈരുദ്ധ്യം തന്നെ. താഴെ പറയുന്ന ഏതാനും ഉദാഹരണങ്ങളിൽ നിന്നും ഇത് വ്യക്തമാകും:

ബവ്കോ-കൺസ്യൂമർഫെഡ് ഔട്ട്ലെറ്റുകൾ 10 ശതമാനം വീതം വർഷംതോറും പൂട്ടിക്കൊണ്ടിരുന്നത് ഈ സർക്കാർ നിർത്തലാക്കി. തങ്ങളുടെ പ്രദേശത്ത് മദ്യശാലകൾ വേണമോ വേണ്ടയോ എന്നു തീരുമാനിക്കാൻ അധികാരം നല്കുന്ന പഞ്ചായത്ത് രാജ്-നഗരപാലിക ബില്ലിലെ 232, 443

വകുപ്പുകൾ റദ്ദു ചെയ്തു. സുപ്രീംകോടതി വിധിയെ തുടർന്ന് ദേശീയ പാതയോരങ്ങളിലെ മദ്യശാലകൾ ജനവാസ കേന്ദ്ര ങ്ങളിലേക്ക് മാറ്റി സ്ഥാപിക്കാനുള്ള നീക്കത്തെ ജനം ചെറുത്തു തോല്പിച്ചപ്പോഴാണ് ഈ ജനാധികാരവും അവകാശവും സർക്കാർ എടുത്തുകളഞ്ഞത്. തുടർന്ന് വിദേശമദ്യ ചട്ടമനു സരിച്ച് ബിയർ, വൈൻ തുടങ്ങിയ പാർലറുകൾ കൂടുതൽ തുറക്കാൻ തീരുമാനിച്ചു. അടച്ചു പൂട്ടിയ ബാറുകളെല്ലാം ഈ സർക്കാർ തുറന്നു കൊടുത്തു. വിമാനത്താവളങ്ങളിലെ അന്താ രാഷ്ട്ര ലോഞ്ചുകൾക്ക് ഒപ്പം ആഭ്യന്തര ലോഞ്ചുകളിലും വിദേ ശമദ്യം ലഭ്യമാക്കി. ദൂരപരിധി നിയമം 200 എന്നത് 50 മീറ്റ റാക്കി കുറച്ചു. വിദ്യാലയങ്ങൾക്കും ആരാധനാലയങ്ങൾക്കും സമീപം ബാറു തുറക്കാമെന്ന സ്ഥിതിവിശേഷവും ഒരു ദുര ന്തംപോലെ കടന്നു വന്നു. ഇവയൊക്കെ സർക്കാരിന്റെ മദ്യനയത്തിന്റെ ഇരട്ടത്താപ്പു നയമല്ലേ തുറന്നു കാട്ടുന്നത്? പൗരന്റെയോ പൗരസമൂഹത്തിന്റെയോ ആരോഗ്യത്തിൽ തരിമ്പും ശ്രദ്ധയില്ലാത്ത ഒരു ഭരണകൂടത്തിനു മാത്രമേ ഇത്രയ്ക്ക് നിരുത്തരവാദപരമായ നയം സ്വീകരിക്കാനാകൂ.

ഇടതുമുന്നണിയുടെ പ്രകടനപത്രികയിൽ പറയുന്നതു പോലെ, "മദ്യം കേരളത്തിൽ ഗുരുതരമായ സാമൂഹ്യവിപ ത്തായി മാറിയിട്ടുണ്ട്". രാജ്യത്തെ ജനസംഖ്യയുടെ നാല് ശത മാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ഉള്ളൂവെങ്കിലും മദ്യ വില്പനയുടെ 16 ശതമാനം ഇവിടെയാണ് നടക്കുന്നത്. ദേശീയ ശരാശരിയുടെ മൂന്നിരട്ടി മദ്യമാണ് മലയാളികൾ ഉപയോഗി ക്കുന്നത്. മുൻപ് 300 പേരിൽ ഒരാൾ മദ്യപിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 20 പേരിൽ ഒരാൾ വീതം മദ്യപിക്കുന്നു. ജനസംഖ്യ യിൽ 5 ശതമാനം പൂർണ്ണമായും മദ്യത്തിന് അടിമകളായി മാറി. 1980-ൽ മദ്യ ഉപഭോക്താക്കളുടെ കുറഞ്ഞ പ്രായം 18 വയസ്സാ യിരുന്നെങ്കിൽ ഇപ്പോൾ 11-12 വയസ്സിലെത്തി നിൽക്കു ന്നുവെന്നുള്ളതാണ് ഭയപ്പെടുത്തുന്ന സത്യം. കേരള ജനസം ഖ്യയിൽ 17% മുതൽ 20% വരെ പേർ മദ്യപരാണ്. നാഷണൽ

ഇൻസ്റ്റിറ്റ്യൂട് ഒഫ് മെഡിക്കൽ സയൻസിന്റെ കണക്കുകൾ പ്രകാരം 20 ശതമാനം കുട്ടികൾ ഏതെങ്കിലും തരത്തിലുള്ള ലഹരിപദാർത്ഥം ഉപയോഗിച്ചിട്ടുള്ളവരാണ്. മദ്യപാനംമൂലം കേരളത്തിൽ 8 ലക്ഷം പേർ കരൾ രോഗികളായി മാറിക്കഴിഞ്ഞു. ഹൃദ്രോഗികളുടെ എണ്ണം 50 ശതമാനം വർദ്ധിച്ചു.

ലോകത്തിലെ ഏതൊരു ഭരണകൂടവും പാലിക്കേണ്ട മൗലികതത്ത്വം പാവങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും വളർത്തുകയും പരിപോഷിപ്പിക്കുകയും നന്നാക്കുകയും ചെയ്യുക എന്നതാണ്. അതിനു തക്കതായ നയങ്ങളാണ് സർക്കാർ ആവിഷ്കരിക്കേണ്ടത്. മദ്യത്തിന്റെ ഉപയോഗത്തിൽ മുൻനിരയിൽ നിൽക്കുന്ന കേരളത്തിൽ മദ്യവില്പന നിയന്ത്രണ - നിരോധന നടപടികളാണാവശ്യം. മനുഷ്യനന്മയാണ് സർക്കാർ ലക്ഷ്യം വയ്ക്കേണ്ടത്. കേരളത്തിന്റെ മദ്യപാനഗ്രാഫ് ഉയരുമ്പോളുണ്ടാകുന്ന കുടുംബ-സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സർക്കാർ പഠിക്കണം. മദ്യ വിപത്തിനെ നേരിടാൻ പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കണം. ജനങ്ങൾ മദ്യം വർജിച്ചാൽ മതി; ഫലപ്രദമായ മദ്യ നിയന്ത്രണവും നിരോധനവും അപ്രായോഗികമാണ് എന്നു വാദിക്കുന്നത് വഞ്ചനാപരമായ നിലപാടാണ്. ജനങ്ങൾ ആഗ്രഹിക്കുന്നിടത്തോളം മദ്യം ലഭ്യമാക്കുകയെന്നത് മദ്യരാജാക്കന്മാരുടെ മനുഷ്യത്വരഹിതവും സ്വാർത്ഥപരവുമായ താല്പര്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സർക്കാർ ഒരിക്കലും ഇത് മാനദണ്ഡമാക്കാൻ പാടില്ല. മദ്യവില്പനകൊണ്ടു കേരളത്തിന് എന്ത് നേട്ടമുണ്ടായി എന്നു വിലയിരുത്തേണ്ടിയിരിക്കുന്നു. ഒരു തൊഴിലാളി മദ്യംകൊണ്ട് ഉപജീവനം നടത്തുമ്പോൾ ആയിരങ്ങൾ മദ്യം കുടിച്ച് നശിക്കുന്നുണ്ട്. സർക്കാരിന് മദ്യത്തിൽ നിന്നു ലഭിക്കുന്ന വരുമാനം അതിന്റെ പ്രത്യാഘാതങ്ങൾ പരിഹരിക്കാൻ തികയുകയില്ല. കേരള സമൂഹത്തെ മദ്യക്കെടുതിയിൽ നിന്നും മോചിപ്പിക്കുന്നതിനു പകരം മദ്യത്തിൽ മുക്കിക്കൊല്ലാനുള്ള നീക്കങ്ങൾക്ക് ചരിത്രം മാപ്പു നല്കില്ല.

ഈ സർക്കാർ, പൂട്ടിയ ബാറുകൾ തുറക്കുവാനും വീര്യം കുറഞ്ഞ മദ്യം പഴവർഗ്ഗങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുവാനും പബ്ബുകൾ ആരംഭിക്കുവാനും എല്ലാമാസത്തിന്റെയും ആദ്യദിനം മദ്യവില്പനയില്ലാതെയുള്ള ഡ്രൈഡേ മാറ്റുവാനും രാത്രിയിൽ ഏറെ വൈകിയും ജോലി ചെയ്യുന്നവർക്ക് ഉല്ലസിക്കാൻ ക്ലബ്ബുകൾ തുടങ്ങുവാനും പദ്ധതികളിടുന്നു. സർക്കാരിന്റെ ഇപ്പോഴുള്ള മദ്യനയം നിശ്ചയമായും തിരുത്തണം. അതിനുള്ള ശക്തമായ നീക്കങ്ങൾ പൗരസമൂഹങ്ങൾ നടത്തുകയും വേണം. ലഹരിയെന്ന സാമൂഹ്യതിന്മയ്ക്കെതിരേ പ്രവർത്തിക്കാനുള്ള കടമ എല്ലാ സഭാംഗങ്ങൾക്കുമുണ്ട്. ദൈവരാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വത്തിന്റെ ഭാഗംകൂടിയാണ് മദ്യ-ലഹരി വിരുദ്ധപ്രവർത്തനങ്ങൾ. ആയതിനാൽ, ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചിരിക്കുന്ന മദ്യ ലഭ്യത കുറയ്ക്കുക, ബോധവൽക്കരണം നടത്തുക, ലഹരിക്കടിമപ്പെട്ടവരെ ചികിത്സിക്കുക എന്നീ കാര്യങ്ങൾ ഒരേസമയം നടപ്പിലാക്കിയാൽ മാത്രമേ ആശാവഹമായ മാറ്റങ്ങൾ ഉണ്ടാകുകയുള്ളൂ. "മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല" (ഗലാ 5:21) എന്ന വേദവാക്യം പ്രത്യേകം ഓർമ്മിക്കുന്നത് നല്ലതാണ്.

മദ്യവിരുദ്ധ സമിതിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയായി ചുമതലയേറ്റിരിക്കുന്ന റവ.ഫാ. ജോൺ അരീക്കലിന് എല്ലാവിധ മംഗളങ്ങളും നേരുന്നു. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ശക്തി പകരാൻ ഇടവകകൾതോറും യൂണിറ്റുകൾ രൂപീകരിക്കണം. കുടുംബങ്ങളിൽ മാമോദീസ, വിവാഹം തുടങ്ങിയ ആഘോഷങ്ങളിലും മദ്യത്തിന്റെ ഉപയോഗം ഇല്ലായെന്ന് ഉറപ്പുവരുത്താൻ നമുക്കു സാധിക്കണം. സ്കൂളുകളും ഇതര കലാലയങ്ങളും ലഹരി വിമുക്ത കാമ്പസുകളാകണം. അയൽക്കൂട്ടങ്ങൾപോലെ മദ്യവിരുദ്ധ ബോധവത്ക്കരണ സമിതികൾ നമ്മുടെ ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും രൂപപ്പെടണം. മദ്യവിരുദ്ധ സഭയും സമൂഹവുമെന്ന ലക്ഷ്യം നേടുവാ

നായി നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാം, പ്രാർത്ഥിക്കാം. മാർച്ച് 8-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്കു നല്കണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയോഡോഷ്യസ്**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ്. ആർ**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധ സമിതി)

കേരളകത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682025

---

N.B. 2020 മാർച്ച് മാസം 8-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോമലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കണം. ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

Ref: 3251/K-5/KCBC/OL/DS 4.2.2020

# 2020-ലെ നോമ്പുകാല സന്ദേശം

## ഫ്രാൻസിസ് പാപ്പാ

"ഞങ്ങൾ ക്രിസ്തുവിനെ പ്രതി നിങ്ങളോട് അഭ്യർത്ഥിക്കുന്നു:
നിങ്ങൾ ദൈവത്തോടു രമ്യപ്പെടുവിൻ" (2 കോറി 5:20)

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിന്റെ മൂലക്കല്ലാണ് ക്രിസ്തുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും മഹത്തായ രഹസ്യം. ആ രഹസ്യത്തെ പുതുക്കപ്പെട്ട ഹൃദയത്തോടെ ആചരിക്കാൻ നാം തയ്യാറാകണം. അതിന് ഈ വർഷം കർത്താവ് വീണ്ടും തക്കസമയം നല്കുന്നു. നമ്മൾ ആ രഹസ്യത്തിലേക്ക് മനസ്സുകൊണ്ടും ഹൃദയംകൊണ്ടും എപ്പോഴും തിരിച്ചുപോകണം. എന്തെന്നാൽ, അതിന്റെ ആധ്യാത്മികശക്തിയോട് നാം കാണിക്കുന്നതനുസരിച്ച് അത് നമ്മിലുള്ള വളർച്ച തുടർന്നുകൊണ്ടിരിക്കും. സ്വാതന്ത്ര്യത്തോടും ഔദാര്യത്തോടും കൂടെ പ്രത്യുത്തരിക്കുകയും ചെയ്യും.

### 1. പെസഹാരഹസ്യം: മാനസാന്തരത്തിന്റെ അടിസ്ഥാനം

യേശുവിന്റെ മരണത്തിന്റെയും ഉത്ഥാനത്തിന്റെയും സദ്വാർത്ത കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നതിൽ നിന്നാണ് ക്രൈസ്തവസന്തോഷം ഒഴുകുന്നത്. ഈ കെരിഗ്മ സ്നേഹത്തിന്റെ രഹസ്യത്തെ സമാഹരിക്കുന്നു. അത് "യഥാർത്ഥവും സത്യസന്ധവും വസ്തുനിഷ്ഠവുമാണ്. അതുകൊണ്ട് തുറവിയുടെ ബന്ധത്തിലേക്കും ഫലപ്രദമായ സംവാദത്തിലേക്കും അതു നമ്മെ ക്ഷണിക്കുന്നു" (ക്രിസ്തു ജീവിക്കുന്നു 117). നമ്മുടെ ജീവിതം നമ്മുടേതാണെന്നും നമ്മുടെ ഇഷ്ടംപോലെ അതിനെ ഉപയോഗിക്കാമെന്നുമുള്ള നുണ ഈ

സന്ദേശത്തിൽ വിശ്വസിക്കുന്ന ആരും തള്ളിക്കളയുന്നു. നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹത്തിൽ നിന്നാണ് ജീവൻ ഉണ്ടായത്. നമുക്ക് ജീവൻ സമൃദ്ധമായി നല്കാനുള്ള ആഗ്രഹത്തിൽ നിന്നു തന്നെ (cf യോഹ 10:10).“നുണകളുടെ പിതാവിന്റെ” (യോഹ 8:44) പ്രലോഭിപ്പിക്കുന്ന ശബ്ദം നാം ശ്രവിച്ചാൽ യുക്തിയില്ലായ്മയുടെ അഗാധതയിലേക്ക് മുങ്ങിത്താഴുകയും ഈ ഭൂമിയിൽത്തന്നെ നരകം അനുഭവിക്കുകയും ചെയ്യുകയെന്ന സാധ്യതയുണ്ടാകും. വ്യക്തിപരവും സാമൂഹികവുമായ മാനുഷികാനുഭവത്തിലെ ദുരന്തപരമായ അനേകം സംഭവങ്ങൾ അതിന് ഖേദകരമായി സാക്ഷ്യം വഹിക്കുന്നു.

രണ്ടായിരത്തി ഇരുപതിലെ ഈ നോമ്പുകാലത്ത്, ക്രിസ്തു ജീവിക്കുന്നു എന്ന അപ്പസ്തോലികാഹ്വാനത്തിൽ യുവജനങ്ങൾക്കായി ഞാൻ എഴുതിയത് ഓരോ ക്രൈസ്തവനോടും കൂടെ പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നു: “ക്രൂശിതനായ ക്രിസ്തുവിന്റെ വിരിക്കപ്പെട്ട കൈകളിൽ നിങ്ങളുടെ കണ്ണുകൾ ഉറപ്പിച്ചു പിടിക്കുക. നിങ്ങൾ വീണ്ടും വീണ്ടും രക്ഷിക്കപ്പെടട്ടെ. നിങ്ങൾ പാപങ്ങൾ ഏറ്റുപറയാൻ പോകുമ്പോൾ നിങ്ങളെ കുറ്റത്തിൽ നിന്നു സ്വതന്ത്രമാക്കുന്ന അവിടത്തെ കാരുണ്യത്തിൽ ഉറച്ചു വിശ്വസിക്കുക. വലിയ സ്നേഹത്തോടെ ചൊരിയപ്പെട്ട അവിടത്തെ രക്തത്തെപ്പറ്റി ധ്യാനിക്കുക. നിങ്ങൾ അതുവഴി ശുദ്ധീകരിക്കപ്പെടാൻ അനുവദിക്കുക. ഇങ്ങനെ നിങ്ങൾക്കു എന്നേക്കും പുതുതായി ജനിക്കാൻ കഴിയും” (നമ്പർ 123). യേശുവിന്റെ പെസഹാ ഒരു കഴിഞ്ഞകാല സംഭവമല്ല. പിന്നെയോ, സഹിക്കുന്നവരിൽ ക്രിസ്തുവിന്റെ ശരീരത്തെ വിശ്വാസത്തോടെ കാണാനും തൊടാനും നമ്മെ സഹായിച്ചുകൊണ്ട് പരിശുദ്ധാത്മാവിന്റെ ശക്തി വഴി അത് എന്നും സന്നിഹിതമാണ്.

**2. മാനസാന്തരത്തിന്റെ അടിയന്തിരാവശ്യം**

പെസഹാ രഹസ്യത്തെ കൂടുതൽ ആഴത്തിൽ ധ്യാനിക്കുക നല്ലതാണ്. ആ രഹസ്യത്തിലൂടെയാണ് ദൈവത്തിന്റെ

കരുണ നമ്മുടെമേൽ ചൊരിയപ്പെട്ടത്. യഥാർത്ഥത്തിൽ "എന്നെ സ്നേഹിക്കുകയും എനിക്കുവേണ്ടി സ്വയം നല്കുകയും ചെയ്ത" (ഗലാ 2:20) ക്രൂശിതനും ഉത്ഥിതനുമായ കർത്താവുമായി "മുഖത്തോടുമുഖം" പുലർത്തുന്ന ബന്ധത്തിൽ - സുഹൃത്തുക്കൾ തമ്മിലുള്ള ഹൃദയപൂർവകമായ സംവാദത്തിൽ - മാത്രമേ കാരുണ്യത്തിന്റെ അനുഭവം സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് നോമ്പുകാലത്ത് പ്രാർത്ഥന ഏറെ പ്രാധാന്യമുള്ളതായിരിക്കുന്നത്. പ്രാർത്ഥന ഒരു കടമയെന്നതിനെക്കാൾ കൂടുതലായി ദൈവത്തിന്റെ സ്നേഹത്തോട് പ്രത്യുത്തരിക്കാനുള്ള നമ്മുടെ ആവശ്യത്തിന്റെ പ്രകാശനമാണ്. ആ സ്നേഹം എപ്പോഴും നമുക്കു മുമ്പേ പോകുന്നതും നമ്മെ നിലനിറുത്തുന്നതുമാണ്. നമ്മൾ അയോഗ്യരാണെങ്കിലും നമ്മൾ സ്നേഹിക്കപ്പെടുന്നു എന്ന് അറിഞ്ഞുകൊണ്ടാണ് ക്രിസ്ത്യാനികൾ പ്രാർത്ഥിക്കുന്നത്. പ്രാർത്ഥനയ്ക്ക് വിവിധങ്ങളായ എത്രമാത്രം രൂപങ്ങളുമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ പ്രാധാന്യമർഹിക്കുന്നത് ഇതാണ്: അത് നമ്മുടെ ഹൃദയത്തിന്റെ ആഴത്തിലേക്ക് തുളച്ചുകയറുന്നു. എന്നേക്കും കൂടുതൽ പൂർണതയോടെ ദൈവത്തിലേക്കും അവിടത്തെ ഇഷ്ടത്തിലേക്കും തിരിയാൻവേണ്ടി നമ്മുടെ ഹൃദയകാഠിന്യത്തെ ചീകിക്കളയുന്നു.

അതുകൊണ്ട് മരുഭൂമിയിലേക്കു ഇസ്രായേൽ നയിക്കപ്പെട്ടതുപോലെ (cf ഹോസി 2:14) നയിക്കപ്പെടാൻ അനുകൂലമായ ഈ കാലഘട്ടത്തിൽ നമുക്കു നമ്മെത്തന്നെ അനുവദിക്കാം. നമ്മുടെ ദിവ്യമണവാളന്റെ ശബ്ദം കേൾക്കുകയെങ്കിലും ചെയ്യാനും നമ്മിൽ കൂടുതൽ ആഴത്തിൽ അത് പ്രതിധ്വനിക്കാനും അനുവദിക്കാം. നാം എത്ര പൂർണമായി ഈ വചനത്തിൽ നിലനില്ക്കുമോ അത്ര കൂടുതലായി അവിടന്നു നമുക്കു ദാനമായി നല്കുന്ന കാരുണ്യം നാം അനുഭവിക്കും. അവിടത്തെ അടുക്കലേക്കുള്ള നമ്മുടെ തിരിച്ചുപോക്കിന്റെ കാലങ്ങളും മാർഗങ്ങളും നമുക്കു നിയന്ത്രിക്കാൻ കഴിയുമെന്ന

വിഡ്ഢിത്തപരമായ മിഥ്യാബോധം വഴി കൃപാവരത്തിന്റെ ഈ സമയം വെറുതേ കടന്നുപോകാൻ അനുവദിക്കാതിരിക്കാം.

**3. തന്റെ മക്കളോടു സംവദിക്കാനുള്ള ദൈവത്തിന്റെ തീവ്ര മായ ആഗ്രഹം**

ദൈവം നമുക്കു മാനസാന്തരത്തിനുള്ള സമുചിതമായ ഒരു സമയം വീണ്ടും തരുന്നു. അതു തനിയേ സംഭവിച്ചുകൊള്ളുമെന്നു കരുതരുത്. ഈ പുതിയ അവസരം കൃതജ്ഞതയുടെ ബോധം നമ്മിൽ ഉണർത്തണം; നമ്മുടെ അലസതയിൽ നിന്നു നമ്മെ ഇളക്കിവിടണം. നമ്മുടെയും സഭയുടെയും ലോകത്തിന്റെയും ജീവിതത്തിൽ ചിലപ്പോൾ തിന്മയുടെ ദുരന്തപരമായ സാന്നിധ്യം ഉണ്ടാകും. എന്നാലും നമ്മുടെ ജീവിതഗതി മാറ്റാനുള്ളതാണ് ഈ സന്ദർഭം. അത് നമ്മളുമായുള്ള അവിടത്തെ രക്ഷയുടെ സംവാദം തടയാതിരിക്കാനുള്ള അചഞ്ചലമായ ദൈവേഷ്ടത്തെ അത് പ്രകാശിപ്പിക്കുന്നു. പാപം അറിയാത്തവനും എന്നാൽ നമുക്കുവേണ്ടി പാപമാക്കപ്പെട്ടവനുമായ (cf. 2 കോറി 5:21) ക്രൂശിതനുമായ യേശുവിൽ തന്റെ പുത്രനിൽ നമ്മുടെ പാപങ്ങളുടെ ഭാരം ചുമത്താൻ രക്ഷാകരമായ ഈ ഇഷ്ടം പിതാവിനെ പ്രേരിപ്പിച്ചു. അങ്ങനെ, ബനഡിക്ട് 16–ാമന്റെ വാക്കുകളിൽ പറഞ്ഞാൽ, "ദൈവം തനിക്കെതിരായി തന്നെത്തന്നെ തിരിച്ചു'' (ദൈവം സ്നേഹമാകുന്നു 12). കാരണം ദൈവം തന്റെ ശത്രുക്കളെ സ്നേഹിക്കുന്നു (cf.മത്താ 5:43–48).

ദൈവം തന്റെ പുത്രന്റെ പെസഹാരഹസ്യം വഴി നമ്മിൽ ഓരോരുത്തരുമായി നടത്താൻ ഉദ്ദേശിക്കുന്ന സംവാദത്തിന് പൊള്ളയായ സംസാരവുമായി യാതൊരു ബന്ധവുമില്ല. അത്തരം സംസാരം ആഥൻസിലെ ജനതയ്ക്ക് ഉണ്ടായിരുന്നതായി പറയപ്പെടുന്നു. അവർ "പുതുതായി എന്തെങ്കിലും പറയാനും കേൾക്കാനുമായിട്ടല്ലാതെ മറ്റൊന്നിനും വേണ്ടി സമയം ചെലവഴിച്ചില്ല" (അപ്പ.17:21). ശൂന്യവും

ഉപരിപ്ളവവുമായ ജിജ്ഞാസയാൽ നിശ്ചയിക്കപ്പെടുന്ന അത്തരം സംഭാഷണം ഒരോ യുഗത്തിന്റെയും ലൗകായതികത്വ ത്തിന്റെ സ്വഭാവമാണ്. നമ്മുടെ കാലത്തും മാധ്യമങ്ങളുടെ ദുരുപയോഗത്തിന് അതു കാരണമാകും.

**4. സമ്പന്നത പങ്കുവയ്ക്കാനുള്ളതാണ്, സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല**

പെസഹാരഹസ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രത്തിൽ സ്ഥാപിക്കുകയെന്നതിന്റെ അർത്ഥം ഇതാണ്: യുദ്ധങ്ങളുടെ നിരപരാധികളായ അനേകം ഇരകളിലും ജീവന്റെ മേലുള്ള ആക്രമണങ്ങളിലും സന്നിഹിതമായിരിക്കുന്ന ക്രൂശിതനായ ക്രിസ്തുവിന്റെ മുറിവുകളെക്കുറിച്ച് സഹതാപം തോന്നുക. ജനിക്കാനിരിക്കുന്നവർ മുതൽ വാർദ്ധക്യത്തിലെത്തിയ വ്യക്തികൾക്കെതിരേ വരെ അത്തരം ആക്രമണങ്ങളുണ്ട്. അക്രമത്തിന്റെ വിവിധരൂപങ്ങളുമുണ്ട്. പരിസ്ഥിതിപരമായ അപകടങ്ങളിലും ഭൂമിയുടെ വസ്തുക്കളുടെ തുല്യമല്ലാത്തരീതിയിലുള്ള വിതരണത്തിലും എല്ലാ രൂപങ്ങളിലുമുള്ള മനുഷ്യക്കടത്തുകളിലും വിഗ്രഹാരാധനയുടെ ഒരു രൂപമായിരിക്കുന്ന ലാഭത്തിനുവേണ്ടിയുള്ള അനിയന്ത്രിതമായ ദാഹത്തിലും അവയുണ്ട്.

സന്മനസ്സുള്ള സ്ത്രീപുരുഷന്മാരോട്, ഏറ്റവും ആവശ്യത്തിൽപ്പെട്ടവർക്ക് തങ്ങളുടെ വസ്തുക്കൾ ദാനധർമ്മം വഴി പങ്കുവയ്ക്കാൻ അഭ്യർത്ഥിക്കുകയെന്നത് ഇന്നും ഒരാവശ്യമാണ്. കൂടുതൽ നല്ല ലോകത്തെ പടുത്തുയർത്തുന്നതിന് വ്യക്തിപരമായി പങ്കുചേരാനുള്ള മാർഗ്ഗമാണത്. പരസ്നേഹപരമായ ദാനം നമ്മെ കൂടുതൽ മനുഷ്യത്വമുള്ളവരാക്കുന്നു. അതേസമയം അപകടസാധ്യതകളെ വർദ്ധിപ്പിക്കുന്നത് നമ്മെ മനുഷ്യത്വമുള്ളവരാക്കുന്നു. നമ്മുടെ സ്വാർത്ഥതയിൽ നാം തടങ്കലിലാക്കപ്പെടുന്നു. നമുക്ക് മുമ്പോട്ടുപോകാൻ കഴിയും, മുമ്പോട്ടുപോകുകയും വേണം. നമ്മുടെ സാമ്പത്തിക ജീവിതത്തിന്റെ ഘടനാപരമായ വശങ്ങൾ പരിഗണിക്കുകയും വേണം. ഇക്കാ

രണത്താൽ നോമ്പുകാലത്തിന്റെ മധ്യത്തിൽ മാർച്ച് 26 മുതൽ 28 വരെ അസീസിയിൽ ഒരു സമ്മേളനം നടത്താൻ ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. യുവധന തത്ത്വശാസ്ത്രജ്ഞർ, സംരംഭകർ, മാറ്റം കൊണ്ടുവരുന്നവർ എന്നിവരുടെ സമ്മേളനമാണത്. കൂടുതൽ നീതിപൂർവ്വകവും എല്ലാവരെയും ഉൾക്കൊള്ളിക്കുന്നതുമായ സാമ്പത്തിക വ്യവസ്ഥ രൂപപ്പെടുത്തുകയെന്നതാണ് അതിന്റെ ലക്ഷ്യം. സഭയുടെ പ്രബോധനാധികാരം പലപ്പോഴും ആവർത്തിച്ചിട്ടുള്ളതുപോലെ രാഷ്ട്രീയജീവിതം പരസ്നേഹത്തിന്റെ ശ്രേഷ്ഠമായ രൂപമാണ് (cf. Pius XI, Adress to Italian Federation of Cathoic University Students ,18 December 1927). സാമ്പത്തിക ജീവിതത്തെ സംബന്ധിച്ചും ഇതു ശരിയാണ്. സുവിശേഷാത്മക ചൈതന്യത്തിൽ, സൗഭാഗ്യങ്ങളുടെ ചൈതന്യത്തിൽ അതിനെ സമീപിക്കാൻ കഴിയും.

നമ്മുടെ നോമ്പാചരണം ദൈവത്തോടു രമ്യപ്പെടാനുള്ള വിളി കേൾക്കാനും നമ്മുടെ നോട്ടം പെസഹാ രഹസ്യത്തിൽ ഉറപ്പിക്കാനും അവിടുത്തോട് തുറവിയുള്ളതും ആത്മാർത്ഥതയുള്ളതുമായ സംവാദം നടത്താനും വേണ്ടി പ്രാർത്ഥിക്കാൻ പരിശുദ്ധ കന്യകമറിയത്തോട് ഞാൻ അപേക്ഷിക്കുന്നു. ഇങ്ങനെ തന്റെ ശിഷ്യർ എപ്രകാരമുള്ളവരായിരിക്കണമെന്ന് ക്രിസ്തു ആവശ്യപ്പെടുന്നുവോ അപ്രകാരമായിരിക്കും നമ്മൾ - അതായത് ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിരിക്കും (cf.മത്താ 5:13-14).

**ഫ്രാൻസിസ് പാപ്പാ**

റോമ, സെന്റ് ജോൺ ലാറ്ററനിൽ 7 ഒക്ടോബർ 2019

ജപമാല മാതാവിന്റെ തിരുനാൾ ദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം

കൊച്ചി - 682 025

ലേഖനം

# കലാലയങ്ങൾ മൂല്യങ്ങളുടെ ഗർഭഗൃഹം

**ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

അക്രമവും അരാചകത്വവും കലാലയങ്ങളെ കാർന്നു തിന്നുമ്പോൾ കാമ്പസുകൾ ഭീതിയുടെയും അശാന്തിയുടെയും ഉറവിടങ്ങളായിത്തീരുന്നു. അതിഭയങ്കരമായ തകർച്ചയാണിത്. ഇന്ത്യൻ മനസിന് അഹിംസയുടെ ഒരു അടിത്തറയുണ്ട്. അതിനെ തകർക്കാൻ കാമ്പസുകളെ നാം അനുവദിക്കരുത്. അറിവുള്ള സമൂഹത്തിന്റെ വീഴ്ചയാണ് കാടത്തത്തിന്റെ ശക്തി. അക്രമരാഷ്ട്രീയം രാഷ്ട്രീയ കക്ഷികളെത്തന്നെ കാലഹരണപ്പെടുത്തുകയാണെന്നും രാഷ്ട്രീയ നേതൃത്വം തിരിച്ചറിയണം. കാമ്പസുകൾ ഇന്ന് വികലമായ പ്രത്യയശാസ്ത്രങ്ങളുടെ ആധിക്യത്തിൽ നശിപ്പിക്കപ്പെടുന്നു. സാധാരണക്കാരായ വിദ്യാർത്ഥികളുടെ അവകാശങ്ങളും സ്വപ്നങ്ങളും വിസ്മരിക്കപ്പെടുന്നു. സമാധാനത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ആൽബർട്ട് ഷൈറ്റ്സ്വർ പറഞ്ഞുവച്ചതുപോലെ "കടന്നുപോയ തലമുറക്കാരെ അപേക്ഷിച്ച് നമ്മുടെ മാനസികവും ആത്മീയവുമായ നിലവാരം വല്ലാതെ താഴ്ന്നുപോയിരിക്കുന്നു. അത്രയുമല്ല, പല കാര്യങ്ങളിലും നാം പഴയ നേട്ടങ്ങളെ വിറ്റു തിന്നുകയാണു ചെയ്യുന്നതും. തൽഫലമായി നമ്മുടെ കൈവശമുള്ള പാരമ്പര്യം ക്ഷയിച്ചു ക്ഷയിച്ചു വരികയാണ്".

ചിന്തയുടെ ആധിപത്യമാണ് കാമ്പസുകളിൽ ശീലത്തിന്റെ അടിമത്തത്തേക്കാൾ മുന്നിൽ നിൽക്കേണ്ടത്. കലാലയങ്ങൾ രാഷ്ട്രീയ പാർട്ടികൾക്കു അംഗങ്ങളെ ഉറപ്പാക്കാനുള്ള റിക്രൂട്ടിങ് ഏജൻസിയായി അധഃപതിക്കരുത്. കാമ്പസുകളിൽ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വിദ്യാർത്ഥികളിൽ രാഷ്ട്രീയ അവബോധം ഉണ്ടാക്കിയെടുക്കേണ്ടതിനും, അവരുടെ നീതിപൂർവ്വകവും, ന്യായപൂർണ്ണവുമായ താത്പര്യങ്ങളെ സംരക്ഷിക്കുന്ന

തിനും അവരുടെ ചിന്താശക്തിയിൽ നിന്നും പുതിയ പുതിയ കാര്യങ്ങൾ മാനവസേവയ്ക്കായി പുറത്തുകൊണ്ടുവരുന്നതിനുമാണ് ശ്രദ്ധിക്കേണ്ടത്. കലാലയ അന്തരീക്ഷത്തിൽ വർദ്ധിച്ചുവരുന്ന സമരങ്ങളും, കൊലപാതകങ്ങളും, ആത്മഹത്യകളും, ചേരിതിരിവുകളും കാമ്പസിനുള്ളിലുള്ള വിദ്യാർത്ഥികളെയും, അദ്ധ്യാപകരേയും കാമ്പസിനു പുറത്തുള്ള എഴുത്തുകാരെയും, സാംസ്കാരിക പ്രവർത്തകരെയും രാഷ്ട്രീയ നേതൃത്വത്തെയും ഒരുപോലെ ആഴത്തിൽ ചിന്തിപ്പിക്കണം. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യത്തെ തകർക്കുന്ന സമീപനങ്ങളും, പ്രത്യയശാസ്ത്രങ്ങളും ജനാധിപത്യത്തിനും ദേശീയതയ്ക്കും ഭാരതത്തിന്റെ ഭാവിക്കും ഒരുപോലെ അപകടകരമാണ്. ഭരണകൂടങ്ങൾ രാഷ്ട്രസ്വത്വത്തെ തകർക്കുന്ന സമീപന ശൈലി സ്വീകരിക്കരുത്.

കലാലയങ്ങൾ രാഷ്ട്രീയ പാർട്ടികളുടെ പരിശീലനക്കളരികളായി മാറരുത്. നമ്മുടെ കാമ്പസുകൾ വിലയിരുത്തപ്പെടേണ്ടത് ആക്കാഡമിക് ഓഡിറ്റിന്റെ അടിസ്ഥാനത്തിലാകണം എന്നാൽ ഇന്ന് ഒരു രാഷ്ട്രീയ ഓഡിറ്റിങ്ങ് മാത്രമേ നടക്കുന്നുള്ളൂവെന്നത് ദുഃഖകരമാണ്. വിദ്യാർത്ഥികൾ ചർച്ച ചെയ്യേണ്ടതും ഇടപെടേണ്ടതും രാഷ്ട്രത്തിന്റെ പൊതുവായ പ്രശ്നങ്ങളെപ്പറ്റിയും അവയെ അഭിമുഖീകരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചുമാണ്. കാമ്പസുകൾ രാഷ്ട്രീയം മാത്രം ചർച്ച ചെയ്യുന്ന വേദികളായി മാറരുത്. ഇന്ത്യൻ രാഷ്ട്രപതിയായിരുന്ന ഡോ. എ. പി. ജെ. അബ്ദുൾ കലാം പരാമർശിക്കുന്നതുപോലെ ഇന്ത്യയിലെ യുവക്കളോട് പറയാൻ എനിക്കൊരു സന്ദേശമുണ്ട്. "എല്ലാ യുവജനങ്ങൾക്കും അജയ്യമായ മനോബലം വേണം. അജയ്യമായ ഈ മനോബലത്തിന് രണ്ട് ഘടകങ്ങളാണ്. നിങ്ങൾക്ക് ഒരു ലക്ഷ്യമുണ്ടാവുകയും അതിനായി പ്രവർത്തിക്കുകയും വേണമെന്നതാണ് ആദ്യത്തേത്. നിങ്ങൾ അദ്ധ്വാനിക്കുമ്പോൾ തീർച്ചയായും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാവുമെന്ന കാര്യം ഉറപ്പാണെന്നതാണ് രണ്ടാമത്തേത്. കാമ്പ

സുകളിൽ ജ്വലിക്കുന്ന മനസ്സുകൾ അജയ്യമായ മനോബല ത്തോടെ പ്രവർത്തിക്കുകയും വിരാജിക്കുകയും ചെയ്യുമ്പോൾ സമ്പൽസമൃദ്ധവും സന്തുഷ്ടവും സുരക്ഷിതവുമായ ഇന്ത്യ യുണ്ടാവുമെന്ന് ഉറപ്പാകുന്നു''. കാമ്പസിലെ ഭീകരതയും നിഷ്ക്രിയത്വവും മൂലം രാഷ്ട്രത്തിനും, പൊതു സമൂഹത്തി നുമുണ്ടാകുന്ന നഷ്ടത്തെക്കുറിച്ച് നാം മറന്നുപോകരുത്. രാഷ്ട്രം കലാലയങ്ങൾക്ക് പഠനത്തിനും ഗവേഷണത്തിനും മറ്റുമായി നൽകുന്ന കോടിക്കണക്കിനു തുക വേണ്ടരീതിയിൽ ഉപകരിക്കപ്പെടാതെ പോകുന്നത് നമ്മുടെ വിദ്യാഭ്യാസ സമ്പ്ര ദായത്തിന്റെ നിലവാരത്തകർച്ചയ്ക്കും ബൗദ്ധിക സമ്പത്തിന്റെ ശോഷണത്തിനും കാരണമായിത്തിരുന്നു. സ്വാമി വിവേകാന ന്ദൻ പ്രസംഗിച്ചതുപോലെ ''നിങ്ങളുടെ തലച്ചോറിൽ പ്രവേ ശിച്ച് അവിടെ ആജീവനാന്തകലാപം സൃഷ്ടിക്കുന്ന സംസ്ക രിക്കപ്പെടാത്ത വിവരത്തിന്റെ അളവല്ല വിദ്യാഭ്യാസം. ജീവി തത്തെ നിർമ്മിക്കുന്ന, മനുഷ്യനെ നിർമിക്കുന്ന, സ്വഭാവത്തെ നിർമിക്കുന്ന ആശയസ്വാംശീകരണം നമുക്കുണ്ടാവണം''. നിഷേധാത്മകമായ വിദ്യാഭ്യാസരീതിയും കലാലയങ്ങളും ജീവ നറ്റ അസ്ഥി ശൂന്യമായ കൂമ്പാരത്തെ സൃഷ്ടിക്കുന്നു. നമ്മുടെ വിദ്യാർത്ഥികൾക്ക് നല്ല തലച്ചോറുണ്ട് എന്നാൽ ഹൃദയമില്ല എന്ന അവസ്ഥയിലാകരുത്. ആർദ്രതയില്ലാത്ത പരിശീലനക്ക ളരികൾ വെളിച്ചത്തേക്കാൾ കൂടുതൽ അന്ധകാരമാണ് പകരു ന്നത്.

മദ്യപാനവും മയക്കുമരുന്നും പോലെ കാമ്പസുകളിലെ അരാചകത്വം ഒരു മാറാവ്യാധിയായി നമ്മുടെ കലാലയങ്ങളെ വിഴുങ്ങുന്നു. അക്ഷരക്ഷേത്രങ്ങൾ കുരുക്ഷേത്രങ്ങളായി അധഃ പതിക്കരുത്. വിക്ടർ ഹ്യൂഗോ പരാമർശിച്ചതുപോലെ ''ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു ജയിൽ അടയ്ക്കപ്പെടുന്നു എന്നത് ഒരു വൈരുദ്ധ്യമായി നമ്മുടെ ഇടയിൽ നിലനിൽക്കു ന്നു''. ഇന്ന് കലാലയങ്ങൾ ജയിലുകളായി മാറ്റപ്പെടുന്നത് ആശങ്കാജനകമായ സ്ഥിതിവിശേഷമാണ്. രാഷ്ട്രീയ പാർട്ടി

കളുടെ അജണ്ട കൈമാറ്റം ചെയ്യുന്നവരായി മാത്രം അദ്ധ്യാപകരും വിദ്യാർത്ഥി നേതൃത്വവും മാറരുത്. രാഷ്ട്രീയ ചർച്ചകളും, മാഗസിനുകളും അസോസിയേഷനുകളും, സെമിനാറുകളും മറ്റും കാമ്പസുകളിൽ നിയമരാഹിത്യവും അച്ചടക്കമില്ലായ്മയും വളർത്തുന്നത് അപകടകരമാണ്. വിശ്വപ്രസിദ്ധ വിദ്യാഭ്യാസ വിചിന്തകനായ വിശുദ്ധ ജോൺ ഹെൻറി ന്യൂമാൻ ഓർമ്മിപ്പിക്കുന്നതുപോലെ "സർവ്വകലാശാല പരിശീലനം സമൂഹത്തിന്റെ ബൗദ്ധികസ്വരം ഉയർത്തുന്നതിനുള്ള മികച്ച മാർഗ്ഗമാണ്. വിദ്യാഭ്യാസമെന്നത് മനുഷ്യർക്ക് സ്വന്തം അഭിപ്രായങ്ങളെക്കുറിച്ചു ന്യായവിധികളെക്കുറിച്ചും വ്യക്തവും ബോധപൂർവ്വകവുമായ കാഴ്ചപ്പാട് നൽകുന്നതാണ്". കാമ്പസ് നിഷ്ക്രിയത്വം ബൗദ്ധിക നിലവാരത്തിനും വിദ്യാഭ്യാസ ലക്ഷ്യങ്ങൾക്കും തുരങ്കം വയ്ക്കുന്നു.

കലാലയങ്ങൾ എല്ലാക്കാലത്തും പ്രാധാന്യം കൊടുക്കേണ്ടത് "അറിവ് നൽകുക" എന്ന ദിവ്യമായ കർമ്മത്തിനാണ്. അറിവിനേക്കാൾ സ്വാധീനവത്കരണം എന്നത് കാമ്പസ് അന്തരീക്ഷത്തിന് ചേർന്ന സമീപനശൈലിയല്ല. സമാധാനത്തിനും ആരോഗ്യത്തിനും ധാർമ്മികതയ്ക്കും പ്രാധാന്യം നൽകുന്ന മൂല്യക്രമമാണ് കലാലയങ്ങളിൽ വേരോടേണ്ടത്. കലാലയങ്ങളിൽ അച്ചടക്കരാഹിത്യം എന്ന ഇത്തിക്കണ്ണി വളരുകയും കലാലയം എന്ന തടിമരം നശിക്കുകയും ചെയ്യുകയാണിപ്പോൾ. ഇന്ത്യ ഇന്ന് ഒരു വലിയ തമോഗർത്തത്തിലൂടെ കടന്നു പോകുകയാണ്. മൂല്യങ്ങളുടെ നാശമാണ് ഇതിനു കാരണം. കലാലയങ്ങൾ കലഹത്തിന് പ്രേരകമാകരുത് അവ കലഹം അവസാനിപ്പിക്കാനുള്ളതാണ്. വിദ്യാലയങ്ങൾ സാഹോദര്യത്തിന്റെയും മാനവികതയുടെയും ഗർഭഗൃഹങ്ങളായിത്തീരണം. വിദ്യാലയത്തെ ദൈവാലയം പോലെ പവിത്രമായിക്കാണുന്ന സംസ്കാരമാണ് നമ്മുടേത്. സമ്പത്ത് കണ്ടുകെട്ടാം രാജാവിനു നികുതിയായി കൊണ്ടുപോകാം. അത് വഴിയാത്രയ്ക്ക് ബുദ്ധിമുട്ടാണ് എന്നാൽ രാജാവിനോ കള്ളനോ കവരാൻ സാധിക്കാത്തത്

നമ്മുടെ അറിവാണ് എന്ന് വിദ്യാർത്ഥികൾ തിരിച്ചറിയണം. അക്രമത്തിനു മുൻപിൽ അറിവ് പരാജയപ്പെടുന്നത് നമ്മുടെ സംസ്കൃതി യുടെ അപജയമാണ്. ഭാരതത്തിന്റെ തോൽവി യാണ്.

'ഇടിമുറികളും ക്രിമിനലുകളും' നിറഞ്ഞ കലാലയങ്ങൾ അക്ഷരങ്ങളെ, അറിവിനെ, സ്നേഹിക്കുന്നവരുടെ ഹൃദയത്തി ലേൽപ്പിക്കുന്ന മുറിവാണ്. വിദ്യാലയങ്ങളുടെ ക്ലാസ്സ് മുറിക ളിൽ നിന്നും ആയുധശേഖരങ്ങൾ കണ്ടെടുക്കുന്നുവെന്നതും നമ്മെ ലജ്ജിപ്പിക്കണം. കാമ്പസുകളിൽ ഉണ്ടാകേണ്ടത് പുസ്ത ക ശേഖരങ്ങളും അറിവിനോടും സത്യത്തോടും സമാധാന ത്തോടും അഹിംസയോടും പ്രതിബദ്ധതയുള്ള അധ്യാപകരും വിദ്യാർത്ഥികളുമാണ്. നമ്മുടെ കലാലയങ്ങളെ കീഴ്പ്പെടുത്തി യിരിക്കുന്ന അക്രമത്തിന്റെ അരാജകത്വത്തിന്റെ അന്ധതയെ നാം തിരിച്ചറിയണം. നമ്മുടെ കാമ്പസുകളുടെ ഉപ്പ് എന്ന് പറ യുന്നത് അറിവു പകർന്നുകൊടുക്കുവാനും നേടാനുമുള്ള വിശാലമായ മനോഭാവമാണ്. അറിവിനോടുള്ള ആഭിമുഖ്യം നഷ്ടപ്പെട്ടാൽ നമ്മുടെ കലാലയങ്ങൾ ഉറ നഷ്ടപ്പെട്ട ഉപ്പു പോലെയായിത്തീരും. "പുസ്തകങ്ങളാണ് സംസ്കാരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലങ്ങളെന്ന്" ഡോ.എസ്.രാധാകൃ ഷ്ണന്റെ വാക്കുകൾ നമ്മുടെ യുവജനങ്ങൾ മറക്കരുത്. അക്ഷ രങ്ങളെ സ്നേഹിക്കാത്തവർക്ക് അറിവിനെ ഉൾകൊള്ളുവാൻ കഴിയുകയില്ല. "ബലമോ നിർബന്ധമോ ഔദ്യോഗിക സ്ഥാനമോ സമ്പൽ പ്രതാപമോ ഇല്ലാതെ ഇന്ത്യയുടെ പരമോ ന്നത നേതാവായിത്തീർന്ന ഗാന്ധിജി" എന്ന ജവഹർലാൽ നെഹ്റുവിന്റെ വാക്കുകൾ നമ്മുടെ വിദ്യാർത്ഥികൾ വിസ്മരി ക്കരുത്. നമ്മുടെ കാമ്പസുകളിൽ ഗാന്ധിമാർഗ്ഗത്തിന്റെ വഴി വിളക്കുകൾ തെളിക്കുവാൻ നമുക്ക് കഴിയണം. അക്രമത്തിൽ ധീരതയില്ല ക്രൂരതയേയുള്ളൂ. ത്യാഗത്തിലും, കഷ്ടപ്പാടിലും, അഹിംസയിലുമാണ് ധീരത കുടികൊള്ളുന്നത്.

കലാലയങ്ങളുടെ ലക്ഷ്യം ശാസിക്കുവാനും ശിക്ഷിക്കുവാനും ആളുകളില്ലാതെ തന്നെ ധർമ്മനിഷ്ഠവും സത്യസന്ധവുമായ ജീവിതം നയിക്കുന്ന യുവതലമുറയെ വാർത്തെടുക്കുകയെന്നതാണ്. കാലലയങ്ങൾ വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടത് ആകാശത്തിൽ പക്ഷികളെപ്പോലെ പറക്കാനോ വെള്ളത്തിൽ മത്സ്യങ്ങളെപ്പോലെ സൈ്വര്യമായി നീന്താനോ അല്ല ഭൂമിയിൽ മനുഷ്യരെപ്പോലെ നടക്കുവാനാണ്. മനുഷ്യസ്നേഹികളെ വിശ്വപൗരന്മാരെ വാർത്തെടുക്കുന്ന തറവാടുകളായി കലാലയങ്ങൾ മാറട്ടെ. ഗവൺമെന്റും ഭരണകർത്താക്കളും ഉന്നതമായ മൂല്യങ്ങൾക്കുവേണ്ടി സ്വർത്ഥതാല്പര്യങ്ങളെ ബലി കഴിക്കുവാൻ തയ്യാറാകണം. ഇന്ത്യയിലെ കലാലയങ്ങളെ ഉന്നതനിലവാരമുള്ള അക്ഷരക്ഷേത്രങ്ങളായി വളർത്തി യുവതലമുറയെ വിശ്വപൗരൻമാരായി നമുക്കു വാർത്തെടുക്കാം.

---

NB: ഈ ലേഖനം 16-2-2020 ൽ ദീപിക ദിനപത്രത്തിൽ വന്നതാണ്.

## ബഹു.വൈദികരുടെ ശ്രദ്ധയ്ക്ക്

### വി. മൂറോൻ കൂദാശയും പ്രസ്ബിത്തേരിയവും

വി. മൂറോൻ കൂദാശ കർമ്മവും വൈദികരുടെ ഒരുമിച്ചുള്ള മാസധ്യാനവും **ഏപ്രിൽ 2-ാം തീയതി വ്യാഴാഴ്ച 10 മണി മുതൽ 1 മണി വരെ പാലാ സെന്റ് തോമസ് കത്തീഡ്രലിൽ** വച്ച് നടത്തപ്പെടുന്നതാണ്. വി. മൂറോൻ സ്വീകരിച്ചുകൊണ്ടുപോകുന്നതിനുള്ള പ്രത്യേകപാത്രം കഴിഞ്ഞ വർഷങ്ങളിൽ തന്നത് കൊണ്ടുവരുന്നതിന് ബഹു. വൈദികർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## അറിയിപ്പുകൾ

### സംഭാവനശേഖരണം

1. **മദ്യവിരുദ്ധ ഞായർ** ദിനാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രത്തിൽ 2020 ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി ഏല്പിക്കണം.
2. **വിശപ്പിനും രോഗത്തിനുമെതിരെ** നോമ്പുകാലത്തിലെ ഒരു ഞായറാഴ്ച നമ്മുടെ എല്ലാ ദൈവാലയങ്ങളിലും പിരിവ് നടത്തി കിട്ടുന്ന തുക ഏപ്രിൽ 30-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.
3. **സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ള സംഭാവന**: നമ്മുടെ രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനായി ഏപ്രിൽ 9 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനമദ്ധ്യേ പിരിവ് നടത്തി കിട്ടുന്ന തുക മെയ് 24-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.
4. **വിശുദ്ധ നാടിനുള്ള സംഭാവന**: വിശുദ്ധ നാടിന്റെ സംരക്ഷണാർത്ഥം ദുഃഖവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക മെയ് 24-ന് മുമ്പായി രൂപതാ പ്രൊക്യുറേറ്ററച്ചനെ ഏല്പിക്കേണ്ടതാണ്.

# പാലാ രൂപത വനിതാദിനാഘോഷം

## 2020 മാർച്ച് 7, 14, 21, 28 തീയതികളിൽ

നമ്മുടെ രൂപത 2020 കർഷകവർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ വനിതാദിനാഘോഷം രൂപതയുടെ നാല് മേഖലകൾ കേന്ദ്രീകരിച്ച് വിപുലമായവിധം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. രൂപതയുടെ സാമൂഹ്യക്ഷേമവികസന വിഭാഗമായ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ വനിതാ സ്വയംസഹായ സംഘങ്ങൾ, വനിതാ കർഷകദളങ്ങൾ, മാതൃവേദി, എ.കെ.സി.സി., എസ്.എം.വൈ.എം., ജീസസ് യൂത്ത്, ഡി.സി.എം.എസ്., ദീപിക ഫ്രണ്ട്സ് ക്ലബ് തുടങ്ങിയ സംഘടനകളുടെ വനിതാ വിഭാഗങ്ങൾ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് ഈ വർഷത്തെ വനിതാദിനാഘോഷം സംഘടിപ്പിക്കുന്നത്.

അന്താരാഷ്ട്ര വനിതാദിനമായ മാർച്ച് 8-ന്റെ തലേദിവസം 7-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് പാലാ ളാലം സെന്റ് മേരീസ് പാരിഷ് ഹാളിൽ വച്ച് വനിതാദിനാഘോഷത്തിന്റെ ഔപചാരികമായ ഉദ്ഘാടനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവ്വഹിക്കും. 'സ്ത്രീശാക്തീകരണം കർഷക സംരംഭങ്ങളിലൂടെ' എന്ന ദർശനവാക്യവുമായി സംഘടിപ്പിക്കുന്ന വനിതാദിനാചാരണത്തിന്റെ ഭാഗമായി ചെറുകിട സംരംഭങ്ങൾ ആരംഭിക്കാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി സംരംഭകത്വ സെമിനാറും നിലവിലുള്ള സംരംഭകരുടെ വിവിധ ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും രാവിലെ പത്തു മണിക്ക് ആരംഭിക്കും. തുടർന്ന് വിവിധ കലാപരിപാടികളും, പൊതുസമ്മേളനവും, വിവിധ മേഖലകളിൽ പ്രാഗത്ഭ്യം തെളിയിച്ച വനിതകളെ ആദരിക്കലും നടത്തപ്പെടും.

മാർച്ച് 14, 21, 28 തീയതികളിലായി കുറവിലങ്ങാട്, അരുവിത്തുറ, സിബിഗിരി (മുട്ടം) എന്നീ സ്ഥലങ്ങളിലും വിവിധ

മേഖലകളുടെ ആഭിമുഖ്യത്തിൽ വനിതാദിനപരിപാടികൾ യഥാക്രമം സംയുക്തമായി സംഘടിപ്പിക്കും. വിവിധ മേഖലകളിൽ വച്ച് നടത്തപ്പെടുന്ന വനിതാദിന പരിപാടികളിലേയ്ക്ക് ഇടവകകളിൽനിന്ന് സംഘടനാഭാരവാഹികളുടെ നേതൃത്വത്തിൽ പരമാവധി വനിതകളെ പങ്കെടുപ്പിക്കാൻ ബഹുമാനപ്പെട്ട വികാരി അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്**

വികാരി ജനറാൾ

## നോമ്പുകാല ആരാധനയും വചനപ്രഘോഷണവും

പാലാ രൂപത ഇവാഞ്ചലൈസേഷൻ പ്രവർത്തനത്തിന്റെ ആഭിമുഖ്യത്തിൽ നോമ്പുകാല സാഹ്യാനങ്ങളിൽ ഇടവക പള്ളിയിൽ നടത്തിവരുന്ന ആരാധനയ്ക്കും വചനപ്രഘോഷണത്തിനും സഹായിക്കാൻ രൂപത ടീം ഒരുക്കപ്പെട്ടിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക്...

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ**

PH: 9447661326

**കോർഡിനേറ്റർ സണ്ണി വാഴയിൽ**

PH: 9446756641

# GENERAL TRANSFERS & APPOINTMENTS of Very Rev / Rev. Fathers of the Eparchy of Palai

with effect from 15 February 2020

VICARS & INSTITUTIONAL HEADS

## VERY REV / REV. FATHER

| No | Name | Office |
|---|---|---|
| 1. | Alencheril Joseph | Relieved, Senior Asst. Vicar, Ramapuram |
| 2. | Ambattupadavil Joseph | Vicar, Nellapara (Additional) |
| 3. | Ammanathukunel Joseph | Vicar, Palackattumala |
| 4. | Ancheril Jose | Vicar, Retnagiri |
| 5. | Aranjanyputhenpura Augustine | Forane Vicar, Kadanad |
| 6. | Chennattu Mathew | Relieved, Vicar, Payyanithottam |
| 7. | Cherukarakunnel Joseph | Vicar, Malayinchipara |
| 8. | Cherukarakunnel Sebastian | Director, Vianney Priest Home, Muttuchira |
| 9. | Eruppakatt Philip | Vicar, Kayyoor |
| 10. | Kachiramattam Augustine | Vicar, Edappady |
| 11. | Kadookunnel Mathew | Forane Vicar, Poonjar |
| 12. | Kalachirayil Thomas | Vicar, Choondacherry |
| 13. | Kallacheril Joseph | Vicar, Kurinji |
| 14. | Karikulam Joseph | Rector, Mar Aprem Seminary, Pala |
| 15. | Kizhakkel Thomas | Director, Pala Social Welfare Society (PSWS) |
| 16. | Kolath Mathew | Vicar, Adivaram |
| 17. | Koottiyaniyil Augustine | Archpriest, Kuravilangad |
| 18. | Kottaram George | Vicar, Illiary (Jose Mount) |
| 19. | Kozhuppankutty Augustine | Chaplain, Mar Sleeva Medicity Palai |
| 20. | Kumminiyil Joseph | Vicar, Mannackanad |
| 21. | Kunnackatt Cherian (Biju) | Director, Mar Sleeva Medicity Palai |
| 22. | Kunnumpuram Berchmans | Relieved, Vicar, Koothattukulam (additional) |

| | | |
|---|---|---|
| 23. | Kuttiankal Joseph | Director, Family Apostolate |
| 24. | Kuttikattu Thomas | Vicar, Payyanithottam |
| 25. | Kuzhinjalil Joseph | Retired & Manager, Industrial Estate-Karoor, Co-Ordinator of Farmers Movement, Karshaka Bank, INFAM, Chairman of Executive Commission for Finance Mobilization in favour of Mar Sleeva Medicity Palai, Co-ordinator of Palai Home Project, Co-Ordinator of Committee for Updating the Eparchial Directives and Statutes, In charge of Palai Mission in the Eparchies of Adilabad and Thuckley, In Charge of Women Religious (except CMC, DST, FCC, SABS, SH, SMC, SMS) and Residence, Industrial Estate, Karoor |
| 26. | Madathikunnel Paul | Retired and Chaplain, SCJG Convent Ezhumamthuruth |
| 27. | Madathikunnel Joseph | Vicar, Kalathoor |
| 28. | Madickangal James | Pastoral Ministry, Sabarmathi Mission in Gujarat |
| 29. | MalayilputhenpuraThomas | Vicar, Palayam |
| 30. | Mampallikunnel Sebastian | Relieved, Vicar, Nambiakulam and Residence in Presbytery, Kuravilangad |
| 31. | Mannanal Joseph | Forane Vicar, Koottickal |
| 32. | Mathilakath Mathew | Administrator, St. Alphonsa Shrine Church & Pilgrime Centre, Bharananganam |
| 33. | Moolayil Thomas | Retired, Residence in Mar Aprem Priest Home, Pala |
| 34. | Mundumoozhikara Sebastian | Relieved, SCJG Convent Ezhumamthuruth & Residence in Priest Home, Muttuchira |
| 35. | Mylapaparampil Joseph | Sp. Director, Minor Seminary, Thuckley |
| 36. | Naduviledom Paul | Chaplain, Adoration Convent, Nelliyani |
| 37. | Narivelil Mathew | Retired, Residence in Mar Aprem Priest Home, Pala |
| 38. | Nellickal George | Pastoral Ministry, Sabarmathi Mission in Gujarat |

| | | |
|---|---|---|
| 39. | Nellikunnucherivupurayidom George | Eparchial Co-ordinator, Deepika Daily; Eparchial Director, Kerala Labour Movement (KLM) & in charge of Care Homes working within the Eparchy and Residence, Industrial Estate, Karoor |
| 40. | Olickal Thomas | Vicar, Plassanal |
| 41. | Oravachalil George | Relieved, Chaplain, Rose Bhavan, Monippally & Residence in Vianey Priest Home, Muttuchira |
| 42. | Paikada Alexander | Vicar, Maniamkulam |
| 43. | Pakarampel Johnson | Secretary to Bishop Auxiliary & Bishop Emeritus |
| 44. | Palackathadathil Abraham | Vicar, Maryland |
| 45. | Panampuzha Joseph | Forane Vicar, Cherpunkal |
| 46. | Pandarakappil Alex | Director, Holy Ghost Mission Hospital, Muttuchira |
| 47. | Pandiamackal Joseph (Jr) | Doctoral Research Programme, Paurastya Vidyapitham, Vadavathoor |
| 48. | Panthalanickal Christy | Vicar, Lourdes Mount |
| 49. | Parekunnel George | Vicar, Pious Mount |
| 50. | Pattery Thomas | Vicar, Moonnani |
| 51. | Pazheparampil George | Spiritual Director, St. Alphonsa Shrine Church & Pilgrime Centre, Bharananganam |
| 52. | Peedikamalayil Augustine | Vicar, Kurumannu |
| 53. | Periappuram Emmanuel | Sp. Director, Mar Aprem Seminary, Pala |
| 54. | Perumattathil Augustine | Relieved, Chaplain Adoration Convent Nelliyani & Residence, in Mar Aprem Priest Home, Pala |
| 55. | Poovathumkal Jose | Vicar, Kuruvinal |
| 56. | Porunnolil James | Vicar, Mangalaram |
| 57. | Pullukalayil Mathew | Vicar, Arunapuram |
| 58. | Punnathanathu Thomas | St. Mary's Major Seminary Trivandrum |
| 59. | Purayidom Thomas | Retired, Residence in Mar Aprem Priest Home, Pala |

| | | |
|---|---|---|
| 60. | Puthenpura Joseph | Relieved, Director, Vianney Priest Home, & Residence in Vianney Priest Home, Muttuchira |
| 61. | Puthettu Cyriac | Vicar, Arakulam Old |
| 62. | Puthumana Jose | Vicar, Periappuram |
| 63. | Puzhakkara Sebastian | Pastoral Ministry |
| 64. | Thadathil Cyriac | Vicar, Koothattukulam |
| 65. | Thadathil Joseph (Jr.) | Syncellus, Eparchy of Palai |
| 66. | Thadathil Kurian | Manager, St. Thomas Press & Book Stall and Director, Deepanalam Society, Palai (Additional) |
| 67. | Thalavayalil Abraham | Vicar, Thodanal |
| 68. | Thazhathuvarickayil Joseph | Vicar, Kunnonni |
| 69. | Thekkel Mathew | Vicar, Arakulam New |
| 70. | Thengumpallil Joseph | Vicar, Alphonsagiri |
| 71. | Theruvath Augustine | Forane Vicar, Bharananganam |
| 72. | Theruvil Joseph | Director KCSL & Assistant Manager, St. Thomas Press & Book Stall, Assistant Director, Deepanalam Society-Palai and Associate Editor of Deepanalam Weekly |
| 73. | Vadakkekara Michael | Vicar, Vellikulam |
| 74. | Vadakkenellikattil Joseph | Vicar, Nambiakulam |
| 75. | Valiaveettil Thomas | Chaplain, Rose Bhavan, Monippally |
| 76. | Valummel Thomas | Executive Manager, Industrial Estate, Karoor & Assistant Co-Ordinator, Farmers Movement (Additional) and Residence, Industrial Estate, Karoor. |
| 77. | Varakukalaparmpil George | Relieved, Director KCSL (additional) |
| 78. | Varickamakal Emmanual | Vicar, Velliamattam |
| 79. | Vattappillil Joseph | Relieved, Secretary to Bishop Auxiliary & Bishop Emeritus (additional) |
| 80. | Vayaliparampil George | Vicar Mangalagiri |
| 81. | Vazhakkaparayil Mathew | Vicar, Jaigiri |
| 82. | Vekathanam Scaria | Pastoral Ministry |
| 83. | Velamparampil Cyrus | Vicar, Manvettam |
| 84. | Vettukallel George | Vicar, Kozhuvanal |

## ASSISTANT VICARS

| | | |
|---|---|---|
| 85. | Alanickal Joseph | Asst. Vicar, Kozhuvanal |
| 86. | Ambattu Joseph | Asst. Vicar, Kuravilangad |
| 87. | Cheenothuparampil Joseph | Asst. Vicar, Kizhathadiyoor |
| 88. | Choorakkatt George (Jr.) | Asst. Vicar, Cherpunkal |
| 89. | Inchakuzhiyil Augustine | Asst. Vicar, Lalam Old |
| 90. | Kadankavil Mathew | Asst. Vicar, Pravithanam |
| 91. | Kakkaniyil Abraham | Asst. Vicar, Koodalloor |
| 92. | Kanjirathinkal Emmanuel | Asst. Vicar, Arakulam New |
| 93. | Kochodackal Thomas | Asst. Vicar, Kuravilangad |
| 94. | Koovalloor Joseph | Asst. Vicar, Thidanad |
| 95. | Kozhuppankutty Mani | Asst. Vicar, Ramapuram |
| 96. | Kunnumpuram Paul | Asst. Vicar, Kanjirathanam |
| 97. | Kurumuttath Joseph | Asst. Vicar, Kothanalloor |
| 98. | Kuzhinjalil Jose | Asst. Vicar, Lalam Old |
| 99. | Mundunadackal Mathew | Asst. Vicar, Paika |
| 100. | Muthuplackal Mathew | Asst. Vicar, Kadanad |
| 101. | Ozhukayil George | Asst. Vicar, Retnagiri |
| 102. | Palackattukunnel Mathew | Asst. Vicar, Kuravilangad |
| 103. | Pezhumkattil Thomas | Asst. Vicar, Plassanal |
| 104. | Ponnamvarickayil George | Asst. Vicar, Muttuchira |
| 105. | Puthuprambil Thomas | Asst. Vicar, Marangattupally |
| 106. | Vanchipurackal Joseph | Asst. Vicar, Kuravilangad |
| 107. | Vennayappillil Mathew | Asst. Vicar, Kanjiramattom |
| 108. | Thonakkara Antony | Asst. Vicar, Monippally |
| 109. | Vazhacharickal Mathew | Asst. Vicar, Koottikal |
| 110. | Vazhakalayil Antony | Asst. Vicar Peringulam |
| 111. | Vazhayil Thomas | Asst. Vicar, Melukavumattom |

## REARRANGEMENT OF THE OFFICES OF SYNCELLI

**Proto Syncellus: Mar Jacob Muricken (Auxiliary Bishop)**

Parishes, Priests, Manager-Aided Colleges (St. Thomas College, Alphonsa College and St. Thomas College of Teacher Education) and Forane Monthly Recollections of Priests.

**Syncellus: Very Rev. Fr. Joseph Thadathil**

Parishes, Priests, Priests'Homes, Sabarmathy Mission in Gujarat in the Eparchy of Shamshabad, Aided Colleges (St. George College Aruvithura & Deva Matha College Kuravilangad) Civil Service Centre & Allied Institutions, Religious Men, Religious Women (CMC, DST, FCC, SABS, SH, SMC, SMS), ADCP, Family Aid Fund, Pala Caritas, Public Relations Department (PRO) and Internet Evangelization.

**Syncellus: Very Rev. Fr. Abraham Kollithanathumalayil**

Mar Sleeva Medicity Palai, Cherpunkal, Mar Sleeva College of Nursing, Cherpunkal, Holy Ghost Mission Hospital, Muttuchira, St.Thomas Press, Deepanalam Society and ADARRT.

**Syncellus: Very Rev. Fr. Joseph Maleparambil**

St. Joseph's College of Engineering & Technology-Choondacherry, St. Joseph's Institute of Hotel Managament and Catering Technology-Choondacherry, Aided Schools under the Corporate Education Agency of Palai, Unaided Colleges & Unaided Schools, St. Alphonsa Shrine Church and Pilgrim Centre - Bharananganam and Alphonsian Pastoral Institute - Arunapuram

**Syncellus: Very Rev. Fr. Sebastian Vethanath**

On Going Formation of Priests, Evagelization Programmes, Mount Nebo Eparchial Retreat Centre - Vagamon, Bible Convention, Mar Aprem Seminary - Pala, Seminarians on Regency, Shalom Pastoral Centre, PSWS, AKCC, Vincent de Paul, Secular Franciscan Order (SFO), Santhwana Institute of Counselling and Guidance - Kizhathadiyoor, Woodind, Cherpunkal, Golden Jubilee Cultural Museum, Estates (Sea View - Parathanam & Green Valley - Koothrapally), Prayer Houses (Narianganam & Kadaplamattam)

# പാലാ ഹോം പ്രോജക്ട്

## പാലാ ഹോം പ്രോജക്ടിന് സാമ്പത്തിക സഹായം നൽകിയവർ

1. ഫാ. മാത്യു അമ്മോട്ടുകുന്നേൽ - 100000/-

## പാലാ ഹോം പ്രോജക്ടിലേയ്ക്ക് സ്ഥലം സംഭാവന നൽകിയവർ

1. ലീലാമ്മ ജോർജ് ഞാവള്ളിൽ - 4.5 സെന്റ്

## പാലാ ഹോം പ്രോജക്ടിൽ ഈ മാസം പണി പൂർത്തിയായ വീടുകൾ

1. സിജി റോജി, വിളക്കുമാടം
2. ബാബു പരമന, ലൂർദ്മൗണ്ട്
3. മേരിക്കുട്ടി പഞ്ഞിക്കുന്നേൽ, ലൂർദ്മൗണ്ട്
4. രാജേഷ് പള്ളിക്കുന്നേൽ, പൂഞ്ഞാർ
5. ലിസി ഇലവുങ്കൽ, മുണ്ടാങ്കൽ
6. സോഫിയ കൊട്ടാരത്തിൽ, തീക്കോയി

## പാലാ ഹോം പ്രോജക്ടിൽ നിന്നും സാമ്പത്തിക സഹായം ലഭിച്ചവർ

1. ഷാജി കളത്തിപറമ്പിൽ, മാനത്തൂർ - 75000/-
2. തങ്കച്ചൻ വടക്കേക്കര, മാനത്തൂർ - 50000/-
3. ജോർജ് മൂക്കനോലിക്കൽ, ചങ്കാമ്പുഴ - 70000/-

**ഫാ. തോമസ് വാലുമ്മേൽ**
ഡയറക്ടർ

**മോൺ. ജോസഫ് കുഴിഞ്ഞാലിൽ**
കോർഡിനേറ്റർ

## അൾത്താരബാലന്മാരുടെ ക്യാമ്പ്

സ്നേഹബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെഅൾത്താരബാലന്മാർക്കായുള്ള ക്യാമ്പ് നമ്മുടെമൈനർ സെമിനാരിയിൽ വച്ചുനടത്തപ്പെടുന്നു. VII, VIII, IXക്ലാസുകളിൽ പഠിക്കുന്ന, പൗരോഹിത്യത്തോടു താൽപ്പര്യമുള്ളവരും സൽസ്വഭാവികളുമായ കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്. രണ്ടു ബാച്ചുകളായാണ് ക്യാമ്പ് നടത്തുന്നത്.

**ക്യാമ്പ് ഫീസ് 100 രൂപാ**

**ഒന്നാം ബാച്ച്**

**2020 ഏപ്രിൽ 20 തിങ്കൾ**

**9:30 am മുതൽ 21 ചൊവ്വാ 1:30 pm വരെ**

ഫൊറോനാകൾ : അരുവിത്തുറ, കുറവിലങ്ങാട്, തീക്കോയി, പൂഞ്ഞാർ, കോതനല്ലൂർ, ഭരണങ്ങാനം, കൂട്ടിക്കൽ, പ്രവിത്താനം

**രണ്ടാം ബാച്ച്**

**2020 ഏപ്രിൽ 22 ബുധൻ**

**9:30 am മുതൽ 23 വ്യാഴം 1:30 pm വരെ**

ഫൊറോനാകൾ: പാലാ കത്തിഡ്രൽ, രാമപുരം, തുടങ്ങനാട്, ചേർപ്പുങ്കൽ, ഇലഞ്ഞി, മുട്ടുചിറ, മൂലമറ്റം, കടുത്തുരുത്തി, കടനാട്

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. **ഒരു ഇടവകയിൽനിന്നു പരമാവധി 4 പേരെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്.** കുട്ടികൾ ബഡ്ഷീറ്റും മറ്റ് അത്യാവശ്യ സാധനങ്ങളും കൊണ്ടുവരണമെന്ന കാര്യം ഓർമ്മിപ്പിക്കുമല്ലോ. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പറയുന്നു.

സ്നേഹാദരപൂർവ്വം,

**ഫാ. ജോസഫ് മുത്തനാട്ട്** (റെക്ടർ)

# മൈനർ സെമിനാരി പ്രവേശനം

ഇന്റർവ്യൂ: 2020 ഏപ്രിൽ 1  സമയം: 9:30 am-12:00 pm

ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതാമൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ 2020 മാർച്ച് 29-ാം തീയതിക്കു മുമ്പ് വെരി. റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, പോണാട്-കരൂർ പി.ഒ. 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിപരീക്ഷാ യോഗ്യതയുള്ളവരോ ആയിരിക്കണം. **സെമിനാരി പ്രവേശനത്തിന്റെ ഇന്റർവ്യൂ ഏപ്രിൽ 1-ാം തീയതി ബുധനാഴ്ച്ച രാവിലെ 9:30 മുതൽ 12 മണിവരെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുന്നു.**

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കന്മാരുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, വിദ്യാഭ്യാസയോഗ്യത, SSLC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ള സൽസ്വഭാവികളായ യുവാക്കന്മാരെ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാമൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം  **ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 28.02.2020  പാലാ രൂപതാ മെത്രാൻ

---

NB: ബഹു. വികാരി അച്ചന്മാർ ഇക്കാര്യം മാർച്ച് 15 ഞായറായ്ച്ച എല്ലാ ദൈവാലയങ്ങളിലും വി. കുർബാന മദ്ധ്യേ അറിയിക്കേണ്ടതാണ്.

# ദൈവവിളി ക്യാമ്പ് 2020

ബഹുമാനപ്പെട്ട അച്ചാ,

നമ്മുടെ രൂപതയിലെ കുട്ടികൾക്കായി ഒരു ദൈവവിളി ക്യാമ്പ് ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ വച്ചു നടത്തപ്പെടുകയാണ്. SSLC/Plus Two എഴുതിയിരിക്കുന്നവരും (ഉപരിയോഗ്യതയുള്ളവരും) മൈനർ സെമിനാരിയിൽ പ്രവേശനം ആഗ്രഹിക്കുന്നവരും സൽസ്വഭാവികളുമായ കുട്ടികളെ അതിലേക്ക് തെരഞ്ഞെടുത്തയക്കാൻ അച്ചൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**<u>തീയതി</u>**

**2020 മാർച്ച് 29 ഞായർ 05.00 pm മുതൽ**
**ഏപ്രിൽ 1, ബുധൻ 09:00 am വരെ**

ക്യാമ്പിന്റെ ക്രമീകരണം സുഗമമാക്കാൻ പങ്കെടുക്കുന്ന വരുടെ എണ്ണം ക്യാമ്പിനു മൂന്നുദിവസം മുമ്പെങ്കിലും അറിയിച്ചാൽ ഉപകാരപ്രദമായിരുന്നു. അച്ചൻ നൽകിക്കൊണ്ടിരിക്കുന്ന എല്ലാ സഹായസഹകരണങ്ങൾക്കും പ്രോത്സാഹനങ്ങൾക്കും പ്രത്യേകം നന്ദി പയുന്നു.

മിശിഹായിൽസ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം — **ബിഷപ്പ് ജോസഫ് കല്ലറങ്ങാട്ട്**

പാലാ, 28.02.2020 — പാലാ രൂപതാ മെത്രാൻ

---

NB: ഈ വിവരം മാർച്ച് 15-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാ ലയങ്ങളിലും വിശുദ്ധ കുർബാനമദ്ധ്യേ അറിയിക്കേണ്ടതാണ്.

# കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസി

## പാലാ രൂപത

## അറിയിപ്പ്

പാലാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ 2020–21 അധ്യയനവർഷം മുതലുണ്ടാകുന്ന യു.പി.എസ്.റ്റി., എച്ച്.എസ്.റ്റി അവധി ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കാൻ, ഈ രൂപതയിൽപെട്ട ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

35 വയസിൽ താഴെ പ്രായമുള്ള B.Ed, K-TET (തത്തുല്യ യോഗ്യത) ഉൾപ്പെടെ പൂർണ്ണയോഗ്യതയുള്ളവർ 24–03–2020 ചൊവ്വാഴ്ച 4 മണിക്കു മുൻപായി കോർപ്പറേറ്റ് ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫോറം മാർച്ച് 9 തിങ്കളാഴ്ച മുതൽ പ്രവൃത്തിസമയങ്ങളിൽ (രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെ) കോർപ്പറേറ്റ് ഓഫീസിൽ നിന്നും വാങ്ങാവുന്നതാണ്.

**ഫാ. ബർക്കുമാൻസ് കുന്നുംപുറം**
കോർപ്പറേറ്റ് മാനേജർ
(ബൈ പവർ ഓഫ് അറ്റോർണി)

---

NB: ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഞായറാഴ്ച വി. കുർബാനമദ്ധ്യേ ഈ അറിയിപ്പു വായിക്കണമെന്നപേക്ഷിക്കുന്നു.

# List of Very/ Rev. Fathers to observe Prayer Day and to officiate Ramsa at Bharananganam

| | |
|---|---|
| Kolath Augustine | March 11 |
| Kolath Mathew | 12 |
| Kollamparambil Devasia | 13 |
| Kollithanathumalayil Abraham | 14 |
| Koonanickal Joseph | 15 |
| Koottiyaniyil Augustine | 16 |
| Koramkuzha Mathew | 17 |
| Kottarathil Emmanuel | 18 |
| Kottarathil George | 19 |
| Kottayil Joseph | 20 |
| Kottayil Kurian | 21 |
| Kozhuppankutty Augustine | 22 |
| Kozhuppankutty Mani | 23 |
| Kudilil James | 24 |
| Kulamakkal Abraham | 25 |
| Kulangara Philip | 26 |
| Kumbuckal Thomas | 27 |
| Kumbulumkal Mathew | 28 |
| Kumbulumoottil Sebastian | 29 |
| Kumminiyil Joseph | 30 |
| Kunnakatt Cherian | 31 |
| Kunnappally Jose | April 1 |
| Konnumpuram Berchmans | 2 |
| Kuppapuzhackal Abraham | 3 |
| Kurishumoottil Mathew | 4 |
| Kurumuttath Joseph | 5 |
| Kuruppasseriyil | 6 |




# അൽഫോൻസാ തീർത്ഥാടനകേന്ദ്രം

**1. കബറിടം സന്ദർശിച്ച വിശിഷ്ട വ്യക്തികൾ**

മാർ ജോസഫ് പള്ളിക്കാപറമ്പിൽ
മാർ ജോസഫ് കല്ലറങ്ങാട്ട്
മാർ റെമിജിയോസ് ഇഞ്ചനാനി

**2. ശനിയാഴ്ച വൈകുന്നേരം 5 മണിക്കുള്ള ആഘോഷമായ വി. കുർബാനയ്ക്കും ജപമാലമെഴുകുതിരി പ്രദക്ഷിണത്തിനും നേതൃത്വം നൽകിയവർ**

ഫാ. ഡിനിൽ പുല്ലാട്ട് വി.സി.
പാലാ രൂപതയിലെ നവ വൈദികർ
ഫാ. ജോർജ് അമ്പഴത്തിനാൽ
വെരി. റവ. ഫാ. അഗസ്റ്റിൻ തെരുവത്ത്

**3. യാത്രയയ്പ്പു നൽകി**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിലെ മാനേജിങ്ങ് ബോർഡിന്റെ നേതൃത്വത്തിൽ തീർത്ഥാടനകേന്ദത്തിന്റെ പ്രത്യേകചുമതല വഹിച്ചിരുന്ന മോൺ. ജോസഫ് കുഴിഞ്ഞാലിൽ, തീർത്ഥാടനകേന്ദ്രത്തിൽ ആത്മീയ ശുശ്രൂഷ ചെയതിരുന്ന ഫാ. തോമസ് വലിയവീട്ടിൽ, ഫാ. ഇമ്മാനുവൽ പെരിയപ്പുറം, ഫാ. ജോസ് മഠത്തിക്കുന്നേൽ എന്നിവർക്ക് സമുചിതമായ യാത്രയപ്പ് നൽകി. അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ടുപിതാവിന്റെ മഹനീയ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ റെക്ടർ ഫാ. ജോസ് വള്ളോംപുരയിടത്തിൽ സ്വാഗതമരുളുകയും, വൈസ് റെക്റ്റർ ഫാ. ജോസഫ് മേയിക്കൽ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കുകയും, മോൺ. ജോസഫ് മലേപ്പറമ്പിൽ, മോൺ. സെബാസ്റ്റ്യൻ വേത്താനത്ത്, ജോയി എബ്രാഹം എം.പി എന്നിവർ സംസാരിക്കുകയും ചെയ്തു.

**3. സ്ഥലം മാറ്റം**

വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രത്തിൽ ആത്മീയ ശുശ്രൂഷ ചെയ്ത ഫാ. തോമസ് വലിയവീട്ടിൽ, ഫാ. ഇമ്മാനുവൽ പെരിയപ്പുറം, ഫാ.ജോസ് മഠത്തിക്കുന്നേൽ എന്നിവർ മറ്റ് ശുശ്രൂഷ രംഗങ്ങളിലേക്ക് പ്രവേശിച്ചു.

**4. ചാർജെടുത്തു**

തീർത്ഥാടനകേന്ദ്രം അഡ്മിനിസ്റ്റേറ്ററായി ഫാ. മാത്യു മതിലകത്തും സ്പിരിചൽ ഡയറക്ടറായി ഫാ. ജോർജ് പഴേപറമ്പിലും ചാർജെടുത്തു.

**5. രോഗീദിന പ്രാർത്ഥന**

രണ്ടാം വെള്ളിയാഴ്ചകളിൽ നടത്തിവരുന്ന രോഗീദിനത്തിൽ ജോസഫ് മഠത്തിക്കുന്നേൽ വി.കുർബാനയർപ്പിച്ച് ആരാധന നയിച്ചു.

**6. രാത്രി ആരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ രാത്രി ആരാധനയ്ക്ക് ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ നേതൃത്വം വഹിച്ചു. ഫാ. തോമസ് കടുത്താനം ഒ.സി.ഡി വചനസന്ദേശം നൽകി.

**7. വാഴ്ത്തപ്പെട്ട പദവീ ദിനാചരണം**

വി. അൽഫോൻസാമ്മയുടെ വാഴ്ത്തപ്പെട്ടവൾ പദവി പ്രഖ്യാപന ദിനത്തോട് അനുബന്ധിച്ച് 8-ാം തീയതി ശനിയാഴ്ച പ്രത്യേക പ്രാർത്ഥനാ ദിനമായി ആചരിക്കുകയും, പാലാ രൂപതയിലെ നവാഭിഷിക്തരായ വൈദികർ വിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു.

**8. തിയോളജി ബ്രദേഴ്സ് മീറ്റ്**

വടവാതൂർ സെമിനാരിയിൽ നിന്നും ഞാറാഴ്ച ദിവസം പാലാ രൂപതയിലെ വിവിധ ഇടവകകളിൽ സേവനത്തിനായി എത്തുന്ന ശെമ്മാശൻമാരുടെ സംഗമം 6-ാം തീയതി വ്യാഴാഴ്ച അൽഫോൻസാ സ്പിരിചാലിറ്റി സെന്ററിൽ വച്ച് സംഘടിപ്പിക്കപ്പെട്ടു. സമ്മേളനത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അദ്ധ്യക്ഷത വഹിച്ചു.

**9. പരീക്ഷ ഒരുക്കദിനം**

വിവിധ പരീക്ഷകൾക്കായി ഒരുങ്ങികൊണ്ടിരിക്കുന്ന വിദ്യാർത്ഥി വിദ്യർത്ഥിനികൾക്കായി ഫെബ്രുവരി 1ാം തീയതി പരീക്ഷ ഒരുക്കദിനമായി ആചരിച്ചു. അന്നേ ദിവസം അർപ്പിക്കപ്പെട്ട ദിവ്യ ബലികൾ കുട്ടികളുടെ, ഈ നിയോഗത്തിൽ അർപ്പിച്ചു വിവിധ സ്കൂളുകളിൽ നിന്ന് എത്തിയ കുട്ടികൾക്കായി പ്രത്യേക പ്രാർത്ഥനയും ആരാധനയും നടത്തുകയും ചെയ്തു.

**ഫാ. ജോസ് വള്ളോംപുരയിടം** (റെക്ടർ)

## വിശ്വാസപരിശീലനകേന്ദ്രം

**1. സി.റ്റി.പി. ക്ലാസുകൾ**

2020 ഫെബ്രുവരി 8,21 തീയതികളിലായി ഭരണങ്ങാനം മാതൃഭവനിൽ വച്ചു സി.റ്റി.പി. ക്ലാസുകൾ സംഘടിപ്പിക്കപ്പെട്ടു. മാർച്ച് മാസത്തെ സി.റ്റി.പി. ക്ലാസ് - 2020 മാർച്ച് 14- ഓറിയന്റൽ ചർച്ചസ്.

**2. പ്രഥമാദ്ധ്യാപകസമ്മേളനം**

പ്രഥമാദ്ധ്യാപകസമ്മേളനം 2020 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 12.30 വരെ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്നു. വികാരി ജനറാൾ പെരിയ ബഹു. ഫാ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തി. മാർഗനിർദ്ദേശങ്ങളും ചർച്ചകൾക്കും ശേഷം 12.30 നു യോഗം അവസാനിച്ചു.

**3. X, XI, XII ക്ലാസുകളിലെ രണ്ടാം ടേം പരീക്ഷ**

10,11,12 ക്ലാസുകളിലെ വിശ്വാസപരിശീലന രണ്ടാം ടേം പരീക്ഷ 2020 ഫെബ്രുവരി 23-ാം തീയതി ഞായറാഴ്ച രാവിലെ 11 മുതൽ 1 വരെ നടന്നു.

**4. XI, XII ക്ലാസ് വിശ്വാസപരിശീലകരുടെ സംഗമങ്ങൾ**

10-ാം ക്ലാസിലെ വിശ്വാസപരിശീലകരുടെ സംഗമം 2020 മാർച്ച് 1-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതലും 12-ാം ക്ലാസിലെ വിശ്വാസപരിശീലകരുടെ സംഗമം 2020 മാർച്ച് 8-ാം തീയതി ഞായറാഴ്ച രാവിലെ 9.30 മുതലും ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടത്തുന്നതാണ്.

**5. I മുതൽ IXവരെ ക്ലാസുകളുടെ രണ്ടാം ടേം പരീക്ഷ**

1 മുതൽ 11 വരെ ക്ലാസുകളുടെ രണ്ടാം ടേം പരീക്ഷ 2020 മാർച്ച് 29-ാം തീയതി ഞായറാഴ്ച നടക്കുന്നതാണ്.

പരീക്ഷാചോദ്യക്കടലാസ് 2020 മാർച്ച് 28-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകിട്ട് 5 വരെയുള്ള സമയത്ത് രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്ന് വിതരണം ചെയ്യുന്നതാണ്.

**6. വിശ്വാസോത്സവം ഏപ്രിൽ 13 മുതൽ 18 വരെ**

ഈ വർഷത്തെ വിശ്വാസോത്സവം 2020 ഏപ്രിൽ 13 മുതൽ 18 വരെ തീയതികളിലായി നടത്തപ്പെടുകയാണ്. രാവിലെ 9.30 ന് സപ്രായോടും തുടർന്നുള്ള വി. കുർബാനയോടുംകൂടി ആരംഭിച്ച് വൈകിട്ട് 3.30 ന് അവസാനിക്കത്തക്ക രീതിയിലുള്ള പ്രോഗ്രാമാണ് രൂപതയിൽനിന്ന് നൽകുന്നത്. ഈ സമയക്രമീകരണം തീർത്തും അപ്രയോഗികമായ ഇടവകകളിൽ മാത്രം വി. കുർബാനയോടുകൂടി ആരംഭിക്കുന്ന രീതിയിൽ വിശ്വാസോത്സവത്തിന്റെ സമയപുനഃക്രമീകരണം നടത്താവുന്നതാണ്. അങ്ങനെ ചെയ്യുമ്പോഴും അഞ്ച് മണിക്കൂറിൽ കുറയാത്ത സമയം വിശ്വാസോത്സവത്തിനായി നീക്കിവയ്ക്കേണ്ടതും രൂപതയിൽ നിന്ന് നിർദ്ദേശിച്ചിരിക്കുന്ന പരിപാടികൾ ഒന്നും തന്നെ ഒഴിവാക്കാനും പാടില്ലാത്തതുമാകുന്നു. വിശ്വാസോത്സവ ദിനങ്ങളിൽ ഒരു കാരണവശാലും കുറവ് വരുത്താൻ പാടില്ല. പൊതുസമയത്തിൽനിന്ന് വ്യത്യസ്തമായുള്ള സമയക്രമീകരണം നടത്തുന്നവർ അക്കാര്യം വിശ്വാസപരിശീലനകേന്ദ്രം ഡയറക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. വിശ്വാസോത്സവത്തിനുള്ളവർക്ക് ബുക്കുകൾ മാർക്ക് 28 മുതൽ രൂപത വിശ്വാസപരിശീലനകേന്ദ്രത്തിൽനിന്ന് വിതരണം ചെയ്യുന്നതാണ്.

**7. X, XII ക്ലാസുകളുടെ സർട്ടിഫിക്കറ്റ് ബുക്കുകൾ**

സർട്ടിഫിക്കറ്റ് ബുക്കുകൾ 2020 ഏപ്രിൽ 21-ാം തീയതി വൈകിട്ട് 4 മണിക്ക് മുമ്പായി വിശ്വാസപരിശീലനകേന്ദ്രം രൂപത ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. 21-ാം തീയതിക്കുശേഷം സർട്ടിഫിക്കറ്റ് ബുക്കുകൾ സ്വീകരിക്കുന്നതല്ല. 2020 ഏപ്രിൽ 27 മുതൽ X, XII ക്ലാസുകളിലെ റിസൾട്ട് രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് ബുക്കുകൾ ഓഫീസിൽനിന്ന് തിരികെ നൽകുന്നതാണ്.

**8. വിചിന്തനം ക്യാമ്പ്**

10-ാം ക്ലാസിൽ പഠിക്കുന്ന കുട്ടികൾ നിർബന്ധമായും പങ്കെടുക്കേണ്ട വിചിന്തനം ക്യാമ്പ് ഈ വർഷവും ഏകദിനക്യാമ്പായിട്ടാണ് നടത്തുന്നത്. ഭരണങ്ങാനം മാതൃഭവനിൽ വച്ച് നടക്കുന്ന ക്യാമ്പ് രാവിലെ 8.30-ന് ആരംഭിച്ച് വൈകിട്ട് 3.45-ന് അവസാനിക്കുന്നതാണ്. ക്യാമ്പ് ഫീസ് 180 രൂപയാണ്. ഏപ്രിൽ 1,3,4,6,20,27,29 തീയതികളിലും മെയ് 1,4,6,8,11,13,15,16,19,22,25,27 തീയതികളിലുമായാണ് ക്യാമ്പുകൾ നടക്കുന്നത്.

**9. കോളേജ് മതബോധന സ്കോളർഷിപ്പ് പരീക്ഷ - മാർച്ച് 5**

പാലാ രൂപതയിലെ കോളേജ്തല മതബോധന സ്കോളർഷിപ്പ് പരീക്ഷ 2020 മാർച്ച് 5-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ പാലാ സെന്റ് തോമസ് കോളേജിൽ വച്ചു നടത്തുന്നതാണ്.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

# പാലാ മിഷൻ – അദിലാബാദ്

**1. വൈദികർക്ക് യാത്രയയപ്പും അനുമോദന സമ്മേളനവും**

പാലാ മിഷൻ അദിലാബാദിലെ സുദീർഘമായ സേവനത്തിനുശേഷം മാതൃരൂപതയിലെ പുതിയ അജപാലന മേഖലയിലേക്ക് യാത്രയാകുന്ന ഫാദർ ജോർജ് വയലിപ്പറമ്പിൽ, ഫാദർ ജോസഫ് കല്ലാച്ചേരിയിൽ, ഫാദർ ജോർജ് കൊട്ടാരത്തിൽ എന്നീ വൈദികരെ ഫെബ്രുവരി ഏഴാം തീയതി യാത്രയാക്കി. പുതിയ കർമ്മവേദിയിലേക്ക് പ്രവേശിക്കുന്ന വൈദികർക്ക് അഭിനന്ദനവും ആശംസകളും നൽകി.

**2. സെന്റ് മേരീസ് പള്ളി - managudam**

പുതുതായി പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന മനകുടം സെന്റ് മേരീസ് ദേവാലയത്തിന്റെ വെഞ്ചിരിപ്പ് കർമ്മങ്ങൾക്കായി പാലാ മിഷൻ ഒരുങ്ങിക്കൊണ്ടിരിക്കുന്നു. ഫെബ്രുവരി മാസം ഇരുപത്തിയാറാം തീയതി പാലാ രൂപത അധ്യക്ഷൻ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെയും അദിലാബാദ് മുൻ രൂപതാധ്യക്ഷൻ മാർ ജോസഫ് കുന്നോത്ത് പിതാവിന്റയും സാന്നിധ്യത്തിൽ അഭിവന്ദ്യ അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് ആന്റണി മെത്രാൻ വെഞ്ചരിപ്പ് കർമ്മം നിർവഹിക്കും. ഈ അവസരത്തിൽ മനകുടം സെന്റ് മേരീസ് ദേവാലയം പണി കഴിപ്പിക്കുവാൻ സഹായിച്ചവരെ എല്ലാം നന്ദിയോടെ ഓർക്കുന്നു.

**3. jhanda വെങ്കിട്ടപുരത്തെ സെന്റ് മേരീസ് ഗ്രോട്ടോ വെഞ്ചിരിപ്പിനായി ഒരുങ്ങുന്നു**

jhanda വെങ്കിട്ടപുരം പൂരം ഇടവകയിലെ വിശ്വാസികളുടെ ഏറെ നാളത്തെ ആഗ്രഹം പൂവണിയുന്നു. പുതുതായി jhanda വെങ്കിട്ടപുരത്ത് പണികഴിപ്പിച്ചു കൊണ്ടിരിക്കുന്ന ഗ്രോട്ടോ വെഞ്ചിരിപ്പിനായി ഒരുങ്ങുന്നു.

**4. സെമിനാരി വിദ്യാർത്ഥികളുടെ മിഷൻ അനുഭവ വാരം പാലാ മിഷനിൽ**

മിഷനെ അടുത്ത അറിയുന്നതിന് ബെല്ലംപള്ളി സിഎംഐ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികൾ ഒരു ആഴ്ച പാലാ മിഷൻ സന്ദർശിക്കുകയും അനുഭവിച്ച അറിയുകയും ചെയ്തു. ഏഴുപേർ kanam petta ഇടവകയിലും ഏഴുപേർ nennala ഇടവകയിലും ആയി മൊത്തം 14 വൈദിക വിദ്യാർഥികളാണ് മിഷൻ അനുഭവത്തിൽ പങ്കുചേർന്നത്. വൈദിക വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട വൈദികരുടേയും, സിസ്റ്റർമാരുടെയും, ബ്രദർ മാരുടെയും നേതൃത്വത്തിൽ konampeta, patti, nennal, managudam, kothapally, kothagudam തുടങ്ങിയ ഗ്രാമങ്ങളിൽ സന്ദർശനം നടത്തി.

**5. ബെല്ലം പള്ളി ജീവ സ്വരം**

ജനുവരി 30, ഫെബ്രുവരി ഒന്ന് രണ്ട് തീയതികളിൽ ഈ വർഷത്തെ ജീവസ്വരം കൺവെൻഷൻ ബെല്ലം പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. മൂന്ന് ദിവസത്തെ കൺവെൻഷനിലേക്ക് ആയിരക്കണക്കിന് ആളുകൾ വരികയും പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**6. ഏകദിന ധ്യാനം- മനകുടം**

മനകുടം ദേവാലയ വെഞ്ചിരിപ്പിനു മുന്നോടിയായി മനകുടത്തെ ഇടവക ജനങ്ങൾക്കായി ഏകദിന ധ്യാനം നടത്തപ്പെടും. ഫെബ്രുവരി ഇരുപത്തിനാലാം തീയതി അദിലാബാദ്evangelisation ടീമാണ് ഏകദിന ധ്യാനം നയിക്കുന്നത്. ജനങ്ങൾക്കായി കുമ്പസാരം, ആരാധന, സൗഖ്യശുശ്രൂഷ തുടങ്ങിയവ ക്രമീകരിച്ചിരിക്കുന്നു.

**ഫാ. ജോർജ് കാരാംവേലിൽ** (കോർഡിനേറ്റർ)

# പാലാ മിഷൻ – ഗുജറാത്ത്

**വാർഷിക ആഘോഷങ്ങൾ നടത്തപ്പെട്ടു**

St. Chavara Kuriakose Elias Jashothanager ദേവാലയത്തിന്റെ ഒന്നാം വാർഷികവും ഇടവകദിനവും Maninagar Seventh വാർഷിക ആഘോഷങ്ങൾ നടത്തപ്പെട്ടു.

St. Chavara Kuriakose Elias Jashothanager ദേവാലയത്തിന്റെ ഒന്നാം വാർഷികവും ഇടവകദിനവും Maninagar Seventh Adventist school Auditorium യത്തിൽ വച്ച് നടത്തപ്പെട്ടു. വാർഷിക സമ്മേളനത്തിൽ Gujarat region Vicar General Msgr Joseph Kollamparampil സന്ദേശം നൽകി. തുടർന്ന് വിവിധ

സംഘടനകളുടെ നേതൃത്വത്തിൽ വിവിധങ്ങളായ കാലാപരിപാടികൾ നടത്തപ്പെട്ടു.

**മാസധ്യാനം നടത്തപ്പെട്ടു**

Gujarat region Ahmedabad Beroda zone ന്റെ വൈദികരുടെ January - February മാസ ധ്യാനം Maneja St. Alphonsa ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. Ahmedabad Beroda zone നിൽ സേവനം ചെയ്യുന്ന പതിമൂന്നോളം വൈദികർ മാസധ്യാനത്തിൽ പങ്കെടുത്തു. Rev. Fr Thomas Pazhayaparambil CMI ധ്യാന ചിന്തകൾ പങ്കുവച്ചു.

**പുതിയ വൈദികർക്ക് സ്വീകരണം നൽകി**

പാലാ രൂപതയിൽ നിന്നും Sabermathi Mission Gujarat, Ahmedabad Beroda zone ൽ ശുശ്രൂഷകയി പുതിയതായി എത്തിയ Rev. Fr. James Madickankal and Rev. George Nellikal അച്ചനും Sabermathi Gujarat mission നിലേക്ക് Gujarat region Vicary general Msgr Joseph Kollamparampil അച്ചനും മറ്റ് വൈദികരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് മാസധ്യാനതിലും പുതിയ വൈദികർക്ക് ഊശ്മളമായ സ്വീകരണവും ആശംസകളും നേർന്നു.

**വികാരിയായി charge എടുത്തു**

Ahmedabad Beroda zone ണിലെ Thalthej ഇടവകയുട വികാരിയായി Rev. Fr. James Madickankal ലും, Ananad Karumsanth ഇടവകകളുടെ വികാരിയായി Rev. Fr. George Nellikal അച്ചനും, Mother Mary Church Bapunagar വികാരിയായി Rev. Fr. Michael Thottumkal അച്ചനും charge എടുത്തു.

**ബഹു. ജോസഫ് കൊല്ലംപറമ്പിലച്ചൻ** (വികാരി ജനറാൾ)

---

# മിഷൻലീഗ് വാർത്തകൾ

---

**രൂപതാ വാർത്തകൾ**

**1. എക്സിക്യൂട്ടീവ്**

സംഘടനയുടെ എക്സിക്യൂട്ടീവ് യോഗം 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. രൂപത പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ വയലിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ സന്ദേശം നൽകി. സെക്രട്ടറി റിപ്പോർട്ട് അവതരിപ്പിച്ചു. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയ യോഗം വരും മാസങ്ങളിലെ സംഘടനാ പ്രവർത്തനങ്ങൾക്ക് രൂപം നൽകി.

**2. സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും ഇലക്ഷനും**

ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും 2020-2025 വർഷത്തേയ്ക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പും 2020 മാർച്ച് 14-ാം തീയതി

മൂവാറ്റുപുഴയിൽ വച്ചു നടക്കും. പ്രസ്തുത മാനേജിംഗ് കമ്മിറ്റിയിലും ഇലക്ഷനിലും രൂപത ഭാരവാഹികൾ പങ്കെടുക്കും. കഴിഞ്ഞ സംസ്ഥാന സമിതിയിൽ പാലാ രൂപതയെ പ്രതിനീധികരിച്ച് വൈസ് പ്രസിഡന്റുമാരായി സേവനം ചെയ്ത ആൻസ് മാത്യു വെട്ടത്തേൽ, ഐബി തോമസ് പാലത്തിങ്കൻചാലിൽ എന്നിവർക്ക് പ്രത്യേകം നന്ദിയർപ്പിക്കുന്നു.

**3. കുഞ്ഞുമിഷനറി ക്വിസ്**

സംഘടനയുടെ ആഭിമുഖ്യത്തിൽ സൺഡേസ്കൂൾ വിദ്യാർത്ഥികളായ മിഷന്‌ലീഗ് അംഗങ്ങൾക്കായി കുഞ്ഞുമിഷണറി ക്വിസ് മത്സരം നടത്തി. 2020 ജനുവരി 11-ാം തീയതി ശനിയാഴ്ച ഭരണങ്ങാനം ഗേൾസ് ഹൈസ്കൂളിൽ വച്ച് നടന്ന മത്സരത്തിൽ ശ്രീ. സോബിച്ചൻ ചൊവ്വാറ്റുകുന്നേൽ ക്വിസ് മാസ്റ്ററായിരുന്നു.

**മേഖലാ വാർത്തകൾ**

**കോതനല്ലൂർ മേഖല-ക്വിസ് മത്സരം**

മേഖലയുടെ ആഭിമുഖ്യത്തിൽ മിഷൻലീഗ് സ്ഥാപകനേതാവ് കുഞ്ഞേട്ടന്റെ സ്മരണ നിലനിർത്തുന്നതിനായി അഖില കേരള ക്വിസ് മത്സരം നടത്തി. 2020 ജനുവരി 26-ന് കോനല്ലൂർ ഫൊറോനാ പള്ളിയിൽ വച്ചു നടന്ന മത്സരത്തിൽ വിജയികളായവർക്ക് മേഖലാ രക്ഷാധികാരി വെരി. റവ.ഡോ. സെബാസ്റ്റ്യൻ തോണിക്കുഴി സമ്മാനങ്ങൾ വിതരണം ചെയ്തു. ഡയറക്ടർ ഫാ. മാത്യു കോലത്ത്, വൈസ് ഡയറക്ടർ സി. കൃപ എഫ്.സി.സി., പ്രസിഡന്റ് റോയി മലയിൽ, മേഖലാ ഭാരവാഹികളായ മാത്യു കണ്ടംകെട്ടിയിൽ, സോണിയ കുറുമ്പുംപറമ്പിൽ, ഐഷ പ്ലാക്കുഴിയിൽ, തോമസ് കൊണ്ടുക്കാല തുടങ്ങിയവർ നേതൃത്വം നൽകി.

**ഭരണങ്ങാനം മേഖല വാർഷികം**

ചെറുപുഷ്പ മിഷൻലീഗ് ഭരണങ്ങാനം മേഖലാ വാർഷികം 2020 ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച ഭരണങ്ങാനത്തു വച്ചു നടന്നു.

**ഫാ. സെബാസ്റ്റ്യൻ പഴേപറമ്പിൽ** (ഡയറക്ടർ)

---

# കെ.സി.എസ്.എൽ.

---

**1. വാർഷികാഘോഷം**

കെ. സി. എസ്. എൽ രൂപതാ വാർഷികം ജനുവരി 31 ന് ഉച്ചകഴിഞ്ഞ് 2. 00 മണിമുതൽ 4 മണിവരെ ഭരണങ്ങാനം സെന്റ് മേരീസ് പള്ളി ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത മുൻ അദ്ധ്യക്ഷൻ ജോസഫ് പള്ളിക്കാപ്പറമ്പിൽ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. കെ. സി. എസ്. എൽ ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ സ്വാഗതം ആശംസിച്ചു. കോർപ്പറേറ്റ് സെക്രട്ടറി റവ. ഫാ. ബർക്കുമാൻസ് കുന്നുംപുറം, ഭരണങ്ങാനം സെന്റ് മേരീസ് പള്ളി സഹവികാരി ഫാ. മാത്യൂ കുരിശുംമൂട്ടിൽ, ഹയർസെക്കൻണ്ടറി പ്രിൻസിപ്പൽ ജോബിച്ചൻ ജോസഫ്, ഹൈസ്കൂൾ

ഹെഡ്മാസ്റ്റർ ജോജി അബ്രാഹം, കെ. സി. എസ്. എൽ പ്രസിഡന്റ് സാലി കെ. ജെ തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു.

**2. സുവനിയർ പ്രകാശനം**

104-ാമത് കെ. സി. എസ്. എൽ സംസ്ഥാന കലോത്സവത്തോടനുബന്ധിച്ച് പാലാ രൂപത പുറത്തിറക്കിയ 'വർണ്ണോത്സവം' സുവനിയർ പ്രകാശനം അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവ്വഹിച്ചു.

**3. യാത്രയയപ്പ് നൽകി**

ഒരു വർഷക്കാലം കെ. സി. എസ്. എൽ പാലാ രൂപതാ ഡയറക്ടറായി നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച ജോമിയച്ചന് കെ. സി. എസ്. എൽ രൂപതാ ഭാരവാഹികൾ ഹൃദയം നിറഞ്ഞ യാത്രയയപ്പ് നൽകി.

**4. സ്വാഗതം**

കെ. സി. എസ്. എൽ ന്റെ പുതിയ ഡയറക്ടറായി നിയമിതനായ ഫാ. ജോസഫ് തെരുവിലിനെ കെ. സി. എസ്. എൽ കുടുംബാംഗങ്ങൾ ഹാർദ്ദമായി സ്വാഗതം ചെയ്തു.

**5. എക്സിക്യൂട്ടീവ് മീറ്റിംഗ്**

20/2/2020 വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 3. 00 മണിക്ക് പുതിയ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയുണ്ടായി. പ്രസിഡന്റ് സാലി കെ. ജെ അച്ചന് സ്വാഗതം ആശംസിച്ചു. കുട്ടികൾക്കായുള്ള അവധിക്കാല ക്യാമ്പ് നടത്തുന്നതു സംബന്ധിച്ച് ചർച്ചനടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ഫാ. ജോസഫ് തെരുവിൽ** (ഡയറക്ടർ)

---

# എസ്.എം.വൈ.എം.

---

**1. ക്ലാസ് നയിച്ചു.**

ഫെബ്രുവരി 2-ാം തീയതി ഞായറാഴ്ച തിരുമാറാടി ഇടവകയിലെ യുവജനങ്ങൾക്ക് രൂപതാ ഡയറക്ടറച്ചൻ ക്ലാസ് നയിച്ചു.

**2. എക്സിക്യൂട്ടീവ് ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാം**

7-ാം തീയതി ശനിയാഴ്ച സെന്റ് തോമസ് കോളേജിൽ വച്ച് നടത്തപ്പെട്ട എക്സിക്യൂട്ടീവ് ലീഡേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**3. FFF പ്രോഗ്രാം**

8-ാം തീയതി രണ്ടാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് സ്നേഹഗിരി മിഷനറി സിസ്റ്റേഴ്സിന്റെ ജനറലേറ്റിലും 3-ാം ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കുമ്മണ്ണൂർ സെന്റ് ജോസഫ് ചിൽഡ്രൻസ് ഹോമിലും വച്ച് നടത്തപ്പെട്ടു.

**4. യാത്രയയപ്പു സമ്മേളനം**

ഷാലോമിലെ വിവിധ ഓഫീസുകളിലെ സ്ഥലം മാറിപോകുന്ന ഡയറക്ടർ അച്ചന്മാർക്ക് നടത്തിയ സെൻഡ് ഓഫ് പ്രോഗ്രാമിൽ രൂപത ഭാരവാഹികൾ പങ്കെടുത്തു.

**5. പുതിയ ഡയറക്ടറച്ചന്മാർക്ക് ശാലോമിൽ സ്വീകരണം**

15-ാം തീയതി ശാലോമിലെ വിവിധ ഓഫീസുകളിലേയ്ക്ക് വന്ന ഡയറക്ടറച്ചന്മാരെ സ്വീകരിച്ചു.

**6. വനിതാദിനം**

17-ാം തീയതിയും 24-ാം തീയതിയും രൂപതതല വനിതാദിന ആചരണത്തോട് അനുബന്ധിച്ച് വികാരി ജനറാൾ വെരി റവ. ഫാ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് യോഗം നടത്തപ്പെട്ടു. ചർച്ചകളിൽ ഡയറക്ടർ ഫാ. സിറിൽ തയ്യിൽ പങ്കെടുത്തു.

**7. പ്രവർത്തനവർഷോദ്ഘാടനം**

ഫെബ്രുവരി 21-ാം തീയതി പൂഞ്ഞാർ ഫൊറോനയുടെയും 23-ാം തീയതി തുടങ്ങനാട് ഫൊറോനയുടെയും 29-ാം തീയതി കോതനല്ലൂർ ഫൊറോനയുടെയും പ്രവർത്തനവർഷോദ്ഘാടനത്തിൽ രൂപതാ ഡയറക്ടർ സംബന്ധിച്ചു.

**8. പാലാ രൂപതാ യൂത്ത് ഫെസ്റ്റ്**

19-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം ഇലഞ്ഞിയിൽ ഏപ്രിൽ 4 ശനിയാഴ്ച നടത്തപ്പെടുന്ന യൂത്ത് ഫെസ്റ്റിന് ഒരുക്കമായ (ഓശാനാ ഞായറിന്റെ തലേദിവസം നോമ്പുകാല പ്രോഗ്രാം) രണ്ടാംഘട്ട മീറ്റിംഗിന്റെ ചർച്ച ശാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു.

**9. ബർത്ത്ഡേ ആഘോഷിച്ചു**

രൂപത പ്രസിഡന്റ് ബിബിൻ ചാമക്കാല, സെക്രട്ടറി റോബിൻ താന്നിമല, ജോയിന്റ് സെക്രട്ടറി ചിന്നു എന്നിവരുടെ ബർത്ത്ഡേസ് അവരവരുടെ ഭവനത്തിൽ രൂപതാസമിതിയംഗങ്ങൾ സന്ദർശിച്ച് നടത്തുകയും വൃക്ഷതൈകൾ നടുകയും ചെയ്തു.

**10. സീനിയേഴ്സ് കോർ എക്സിക്യൂട്ടീവ് ബോഡി രൂപീകരിച്ചു.**

എസ്.എം.വൈ.എം - കെ.സി.വൈ.എം. ന്റെ മുൻകാല നേതാക്കളെ (1973 മുതൽ) പങ്കെടുപ്പിച്ചു കൊണ്ടുള്ള ഒരു സ്ഥിരം സമിതി രൂപീകരിക്കുവാനുള്ള മീറ്റിംഗ് 21-ാം തീയതി വെള്ളിയാഴ്ച അരുണാപുരം പള്ളിയുടെ ഓഡിറ്റോറിയത്തിൽ മോൺ. ജോസഫ് തടത്തിലച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. പുതിയ വികാരി ജനറാളിന് സ്വീകരണവും നൽകി.

**11. പാലാ നസ്രാണി യൂത്ത് ഫോറം മീറ്റിംഗ്**

23-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് വൈകിട്ട് 4-ന് പാലാ നസ്രാണി യൂത്ത് ഫോറത്തിന്റെ മീറ്റിംഗ് എസ്.എം.വൈ.എം.ന്റെ ഓഫീസിൽ നടത്തപ്പെട്ടു.

**12. എസ്.എം.വൈ.എം. പാലാ രൂപതാ നേതൃത്വം മാണി സി കാപ്പൻ എം.എൽ.എ. യെ സന്ദർശിച്ച് നിവേദനം നൽകി.**

സംവരണം ഇല്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു കേന്ദ്ര സർക്കാർ നടപ്പാക്കിയ പത്തു ശതമാനം സംവരണം കേരളത്തിൽ അർഹരായവർക്കു ലഭിക്കുന്നില്ലെന്ന പരാതി പരിശോധിക്കുമെന്ന് മാണി സി. കാപ്പൻ എംഎൽഎ പറഞ്ഞു. ഇതു സംബന്ധിച്ച് നിവേദനം നൽകാ

നെത്തിയ സീറോ മലബാർ യൂത്ത് മൂവ്മെന്റ് പാലാ രൂപത ഭാരവാഹികളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സർക്കാർ നിശ്ചയിച്ചിരുന്ന വരുമാന പരിധി എട്ടു ലക്ഷത്തിൽ നിന്ന് നാലു ലക്ഷമായി കുറയ്ക്കുകയും ഭൂപരിധി അഞ്ച് ഏക്കറിൽ നിന്ന് 2.5 ഏക്കറായി കുറയ്ക്കുകയും ചെയ്തതോടെ കേരളത്തിലെ പഞ്ചായത്തുകളിൽ താമസിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന പാവപ്പെട്ടവരും ഇടത്തരക്കാരുമായ കർഷക കുടുംബങ്ങളിലെ യുവാക്കൾക്ക് ആനുകൂല്യം നിഷേധിക്കപ്പെടുന്ന അവസ്ഥ വന്നിരിക്കുകയാണെന്ന് എസ്.എം.വൈ.എം. പാലാ രൂപതാസമിതി കുറ്റപ്പെടുത്തി.

കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കേന്ദ്ര സർക്കാർ നിശ്ചയിച്ച അളവുകളിൽ ഇളവുകൾ അനുവദിച്ചപ്പോൾ പഞ്ചായത്തുകളിലുള്ള പാവപ്പെട്ട കർഷകരോടും സുറിയാനി ക്രിസ്ത്യാനികളോടും വലിയ ദ്രോഹമാണ് സംസ്ഥാന സർക്കാർ ചെയ്തിരിക്കുന്നതെന്ന് സമിതി അഭിപ്രായപ്പെട്ടു.

അന്ത്യോദയ അന്ന യോജന, പ്രയോറിറ്റി ഹൗസ് ഹോൾഡ് എന്നീ റേഷൻ കോർഡ് ഉടമകൾ സംവരണ രഹിത സമുദായങ്ങളിൽപ്പെട്ടവരാണെങ്കിൽ അവർക്ക് മറ്റ് മാനദണ്ഡങ്ങളൊന്നും ബാധനകമാക്കാതെ തന്നെ സാമ്പത്തിക സംവരണം ലഭിക്കും. ഇഡബ്ല്യുഎസ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി വില്ലേജ് ഓഫീസിൽ അപേക്ഷ നൽകണം.

കേന്ദ്ര സർക്കാർ ആവശ്യങ്ങൾക്ക് വില്ലേജ് ഓഫീസറുടെ ശുപാർശ പ്രകാരം തഹസിൽദാരാണ് ഈ സർട്ടിഫിക്കറ്റ് നൽകേണ്ടത്. വില്ലേജ് ഓഫീസർമാരാകട്ടെ ഒഴിവുകഴിവ് പറയുകയാണെന്നും സമിതി ആരോപിച്ചു.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഉദ്യോഗങ്ങൾ ലഭിക്കുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനും വിവിധ യോഗ്യതാ പരീക്ഷകളിൽ മാർക്ക് ഇളവുകൾ ലഭിക്കുന്നതിനും ഉപകാരപ്പെടും. ഈ രംഗങ്ങളിലെല്ലാം 10 ശതമാനം സാമ്പത്തിക സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ മേഖലകളിലെല്ലാം കർഷകമക്കളായ യുവാക്കൾ പുറന്തള്ളപ്പെടുന്ന സാഹചര്യമാണ് നിലവിലുള്ളതെന്നും എത്രയും വേഗം ഇക്കാര്യത്തിൽ പരിഹാരം കാണണമെന്നും എസ്.എം.വൈ.എം. പാലാ രൂപത സമിതി ആവശ്യപ്പെട്ടു.

**13. 2-ാമത് പാലാ രൂപത യൂത്ത് കൗൺസിൽ**

പാചകവാതകം, പെട്രോൾ, ഡീസൽ, മറ്റ് അവശ്യവസ്തുക്കൾ എന്നിവയുടെ നിയന്ത്രണാതീതമായ വിലവർദ്ധനവിലും യുവാക്കളെ മനഃപൂർവ്വം അവഗണിച്ചുള്ള സർക്കാർ നിലപാടുകളിലും പ്രതിഷേധമറിയിച്ച് എസ്.എം.വൈ.എം. പാലാ രൂപതയിലെ ഫൊറോനകളിലെ രൂപത കൗൺസിലേഴ്സിന്റെ യോഗം നടത്തപ്പെട്ടു.

പാവപ്പെട്ടവർക്കും കർഷകർക്കും യുവാക്കൾക്കും സുരക്ഷിതമായി ജീവിക്കാൻ പറ്റാത്ത സാഹചര്യം രാജ്യത്ത് വളർന്നുവരുന്നതായി യോഗം വിലയിരുത്തി. കേരളത്തിലെ ന്യൂനപക്ഷ അവകാശങ്ങളുടെ വിതരണത്തിലെ പത്തു വർഷ

മായി നിലനിൽക്കുന്ന 80:20 അനുപാതം എത്രയും വേഗം തിരുത്തുവാൻ സംസ്ഥാന സർക്കാർ തയാറാവണം. 50:50 ഫോർമുലയിലൂടെ സ്വന്തം ന്യൂനപക്ഷ സ്ഥാപനങ്ങളിൽ സ്വന്തം സമുദായത്തിൽപ്പെട്ട കുട്ടികൾക്ക് പഠിക്കാനുള്ള അവസരം നിഷേധിച്ചതും വർഷങ്ങളായി നിലവിലുള്ള കാര്യമാണ്. മതസൗഹാർദ്ദവും സമാധാനവും നഷ്ടപ്പെട്ട് ജാതിയുടെയും മതത്തിന്റെയും രാഷ്ട്രീയത്തിന്റെയും അടിസ്ഥാനത്തിൽ ഭീതിയും ആശങ്കകളും വളർന്നുവരുന്നതും മനുഷ്യജീവന് വില കല്പിക്കാതെ ഭ്രൂണഹത്യക്ക് അനുമതി നൽകിയതും നല്ല ലക്ഷണം അല്ലെന്ന് യുവാക്കൾ വിലയിരുത്തി.

പാലാ രൂപതയിലെ കർഷവർഷം, കെസിബിസി മിഷൻ ഇയർ, കെസിവൈഎമ്മിന്റെയും എസ്എംവൈഎമ്മിന്റെയും മോട്ടോ എന്നിവയുടെ അടിസ്ഥാനത്തിൽ വരുംകാല പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്തി. യൂണിറ്റുകളുടെയും ഫൊറോനകളുടെയും പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനും ലവ് ജിഹാദ്, നിർബന്ധിത മതപരിവർത്തനം പോലുള്ള സാമൂഹിക തിന്മകൾക്കെതിരെ ജാഗ്രത പുലർത്തുവാനും ആഹ്വാനം ചെയ്ത കൗൺസിലിൽ രൂപത പ്രവർത്തനത്തിൽ വരുത്തേണ്ട നയമാറ്റങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ചു നടത്തപ്പെട്ട കൗൺസിലിൽ 17 ഫൊറോനകളിലെയും രൂപത കൗൺസിലർമാരും വിവിധ മിനിസ്ട്രികളുടെ ഉത്തരവാദിത്വമുള്ള ലീഡർമാരും പങ്കെടുത്തു.

എസ്.എം.വൈ.എം. രൂപത ഡയറക്ടർ ഫാ. തോമസ് തയ്യിൽ, ജോയിന്റ് ഡയറക്ടർ സി. ബിൻസി എഫ്.സി.സി., പ്രസിഡന്റ് ബിബിൻ ചാമക്കാലായിൽ, ജനറൽ സെക്രട്ടറി മിജോയിൻ വലിയകാപ്പിൽ, വൈസ് പ്രസിഡന്റ് അമലു മുണ്ടനാട്ട്, ഡിന്റോ ഡേവിസ്, റോബിൻ ടി. ജോസ്, ചിന്നു ഗർവാസീസ്, മിനു മാത്യൂസ്, ആൽവിൻ ഞായർകുളം, അഞ്ജുമോൾ ജോണി, ആന്റോ ജോർജ്, ശീതൾ വെട്ടത്ത് എന്നിവർ നേതൃത്വം നൽകി.

## പ്രത്യേകം ശ്രദ്ധിക്കുക

**1. എല്ലാ ഇടവകകളിലും എ യൂണിറ്റും ബി യൂണിറ്റും**

15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള എല്ലാ യുവതീയുവക്കളും അംഗങ്ങളാകുന്ന വിധത്തിൽ മാർച്ച് മാസത്തിൽ തന്നെ യൂണിറ്റ് രജിസ്ട്രേഷനും അംഗത്വ രജിസ്ട്രേഷനും അംഗത്വനവീകരണവും പൂർത്തിയാക്കുവാൻ ശ്രദ്ധിക്കുക. ഈ പ്രവർത്തനവർഷത്തിൽ കലാമത്സരങ്ങളും ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ, ക്രിക്കറ്റ് തുടങ്ങിയ മത്സരങ്ങളും നടത്താൻ ഉദ്ദേശിക്കുന്നു. മാർച്ച് 10 വരെ ടീമുകൾക്ക് പേരുകൾ നൽകാം. പിന്നീട് രജിസ്റ്റർ ചെയ്യുന്നവരെ നിശ്ചിത മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതല്ല.

**2. എസ്.എം.വൈ.എം. അംഗങ്ങൾക്ക് ഐ.ഡി. കാർഡ്**

മാർച്ച് മാസത്തിൽ തന്നെ ഐഡി കാർഡുകൾ ഓഫീസിൽനിന്ന് വാങ്ങുക. ആവശ്യസമയത്ത് ഐഡി കാർഡുകൾ രേഖയായി കാണിക്കേണ്ടതാണ്.

**3. എല്ലാ യുവതീയുവാക്കളും സഭയുമായി ബന്ധത്തിലായിരിക്കുവാനുള്ള പരിശ്രമം**

വിദേശത്തുള്ള യുവതീയുവാക്കൾ ഉൾപ്പെടെ 15 വയസ്സുമുതൽ 30 വയസ്സുവരെയുള്ള യുവതീയുവാക്കളുടെ വിവരങ്ങൾ ശേഖരിക്കുന്നു. സൺഡേ സ്കൂൾ ബാച്ച്വൈസിൽ പേരുവിവരങ്ങൾ ശേഖരിച്ച് കോൺടാക്ട് നമ്പർ സഹിതം രൂപത ഓഫീസിൽ എത്തിക്കാൻ ഭാരവാഹികളെ ഓർമ്മിപ്പിക്കുമല്ലോ. ഓരോ ബാച്ചിനായി വാട്സ്ആപ്പ് ഗ്രൂപ്പുകൾ രൂപീകരിച്ചുവരുന്നു. യൂണിറ്റ് ഭാരവാഹികളെ ഇക്കാര്യങ്ങൾ ഓർമ്മിപ്പിക്കുക.

**4.** ഫൊറോനാ സമിതികളിൽ എല്ലാ ഇടവകകളിൽനിന്നും ഒരു യുവാവും ഒരു യുവതിയും പ്രതിനിധികളായി ഉണ്ടായിരിക്കണം. ഭാരവാഹിത്വത്തിലൂടെ ഇതിന് സാധിക്കാത്ത പക്ഷം ഫൊറോന സമിതികളിൽ ഫൊറോനാ കൗൺസിലേഴ്സ് എന്ന പോസ്റ്റുകൾ നൽകി ഉചിതമായ വ്യക്തികളെ ഇടവകകളിലെ യൂണിറ്റുകളിൽനിന്നും നിശ്ചയിക്കുക.

**5.** ഫൊറോന, ഇടവകതലങ്ങളിൽ ലേ ആനിമേറ്റേഴ്സിനെ ബഹു. ഡയറക്ടറച്ചന്മാർ നിയമിക്കുക. ആനിമേറ്റേഴ്സ് സിസ്റ്റേഴ്സിന്റെ കാര്യവും പ്രത്യേകം ശ്രദ്ധിക്കുക. ഏപ്രിൽ 14-ന് ഇവരുടെ ഗാതറിംഗ് ഉണ്ടായിരിക്കുന്നതാണ്.

**6.** മാർച്ച് മാസത്തിൽ ഫൊറോനാ അസംബ്ലിയും ഫൊറോനാ എക്സിക്യൂട്ടീവും ഓരോ തവണ കൂടാൻ ശ്രദ്ധിക്കുക. അവധിക്കാലത്ത് ഓരോ ഫൊറോനയിലും ഒരു യുവജനപരിപാടിയെങ്കിലും നടത്താൻ ശ്രദ്ധിക്കുമല്ലോ. (അതാതു ഫൊറോനയിലെ ചരിത്രപ്രാധാന്യമുള്ള വ്യക്തികളുടെ പേരുകൾ പരിപാടിക്ക് നൽകുന്നതും ഉചിതമാണ്.

**7. 2020ലെ ബർത്ത്ഡേ ആഘോഷങ്ങൾ**

ബർത്ത്ഡേ ആഘോഷിക്കുന്ന എസ്.എം.വൈ.എം. അംഗങ്ങളുടെ ഭവനങ്ങൾ സന്ദർശിച്ച് അവരെക്കൊണ്ട് വൃക്ഷതൈകൾ നടീക്കണം. കുറഞ്ഞപക്ഷം യൂണിറ്റ് മീറ്റിംഗിൽ വൃക്ഷതൈകൾ കൊടുത്തുവിടുകയെങ്കിലും വേണം. കർഷകസംസ്കാരം വളർത്തുവാനുള്ള കർമ്മപരിപാടിയാണിത്.

**8. വൈ.എ. റ്റി.പി. 28-ാമത് ബാച്ച്**

ഓരോ ഇടവകയിൽനിന്നും ഒരു യുവതിയെയും ഒരു യുവാവിനെയും ഒരു വർഷം നീളുന്ന ഫോർമേഷൻ പ്രോഗ്രാമിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മാർച്ച് 10-ന് മുമ്പായി രൂപതാ ഓഫീസിൽ രജിസ്റ്റർ ചെയ്യുക. പ്രത്യേക ഫോം ഉണ്ടായിരിക്കും. പങ്കെടുക്കുന്ന വ്യക്തി 1000 + യൂണിറ്റ്/ഇടവക 1000 എന്നവിധത്തിൽ രണ്ടായിരം രൂപയാണ് ഫീസ്. തോമാശ്ലീഹാ സ്ഥാപിച്ച പള്ളികളിലൂടെയുള്ള യാത്ര, മൈലാപ്പൂർ തീർത്ഥാടനം എന്നിവ ഈ വർഷം ഉണ്ടായിരിക്കുന്നതാണ്.

**9. ഫെയ്ത്ത് ഫോർമേഷൻ പ്രോഗ്രാം**

യുവാക്കൾക്ക് വിശ്വാസപരിശീലനത്തുടർച്ച എസ്.എം.വൈ.എം. നടത്തിവരുന്നു. സഭാ, ബൈബിൾ, കൂദാശ സംബന്ധമായ സംശയങ്ങൾക്ക് ഉത്തരം, സുറിയാനി ആത്മീയത, ദൈവശാസ്ത്രം, അച്ചടക്കം, ആരാധനക്രമം എന്നിവയാണ് പ്രധാന പ്രമേയങ്ങൾ. 15 വയസ്സു മുതലുള്ള യുവാക്കളെ പ്രോഗ്രാമിൽ

പങ്കെടുക്കാൻ പ്രേരിപ്പിക്കുമല്ലോ. മുതിർന്നവരും ക്ലാസുകളിൽ പങ്കെടുക്കാൻ വരാറുണ്ട്. രണ്ടാംശനിയാഴ്ചകളിൽ പാലാ എസ്.എം.എസ്. ജനറലേറ്റ്, പാലായിലും മൂന്നാം ശനിയാഴ്ചകളിൽ സെന്റ് ജോസഫ്സ് ചിൽഡ്രൻസ് ഹോം, ചേർപ്പുങ്കൽ- കുമ്മണ്ണൂരിലും വച്ചാണ് പ്രോഗ്രാം നടക്കുന്നത്. സമയം 2.30 pm -5.00 pm.

**10.** എസ്.എം.വൈ.എം. യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ പരീക്ഷ ഒരുക്കപ്രോഗ്രാം, ആരാധന എന്നിവ സംഘടിപ്പിക്കുന്നത് നല്ലതാണ്.

**11.** യൂണിറ്റുകളിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ക്ലാസുകൾ എടുക്കാൻ ടീമുകൾ തയ്യാറാണ്.

**12. പാലാ രൂപത യൂത്ത് ഫെസ്റ്റ് - ഹശാ 2020**

നോമ്പുകാലത്ത് ഏപ്രിൽ 4-ാം തീയതി (ഓശാനയുടെ തലേന്ന് ശനിയാഴ്ച) 9.30 a.m മുതൽ 4 p.m. വരെ പാലാരൂപതാ യുവജന കൺവൻഷൻ ഇലഞ്ഞി ഫൊറോന പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു. രൂപതയിലെ 15 നും 30 നും ഇടയിലുള്ള എല്ലാ യുവതീയുവാക്കളും പങ്കെടുക്കുവാൻ ഉതകുന്നവിധം ക്രമീകരണങ്ങൾ അതാതു ഫൊറോനാ-യൂണിറ്റ് തലനേതൃത്വം ശ്രദ്ധിക്കുക. 50 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യണം. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**13. പരീക്ഷാ ഒരുക്ക പ്രോഗ്രാമുകൾ**

യൂണിറ്റുകളിൽ 10, +2 കുട്ടികൾക്കായി പരീക്ഷാ ഒരുക്ക പ്രാർത്ഥന ഉൾപ്പെടെയുള്ള പ്രോഗ്രാമുകൾ സംഘടിപ്പിക്കുമല്ലോ.

**14. കരിയർ ഗൈഡൻസ്**

SMYM പാലാരൂപത നടത്തി വരുന്ന കരിയർ ഗൈഡ്ൻസ് പ്രോഗ്രാം മെയ് 11 ന് ചൂണ്ടച്ചേരി എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടത്തപ്പെടുന്നതാണ്. വിഷയങ്ങൾ:- എഞ്ചിനീയറിംഗ്, മെഡിസിൻ, നേഴ്സിംഗ്, ബാങ്കിംഗ്, പി. എസ്. സി., ഹയർ എജ്യുക്കേഷൻ ഓപ്പർച്ച്യൂണിറ്റീസ്.

**15. ബ്ലഡ് ഫോറം**

പുതിയ ബ്ലഡ് ഫോറം തുടങ്ങുന്നു. ചേരാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടുക.

**16. അവയവദാനം**

രൂപതാ സമിതി നടത്തിയ അവയവദാന സമ്മതം യൂണിറ്റുകളിലേക്ക് വ്യാപിപ്പിക്കാൻ ആഗ്രഹിക്കുന്നു. സന്നദ്ധരായവർ രൂപതാ ഓഫീസുമായി ബന്ധപ്പെടുക

**17. വിവിധ ഫോറങ്ങളുടെ രൂപീകരണം**

കൃഷി, ഉദ്യോഗം, വിവിധ രാജ്യങ്ങളിലുള്ള പ്രവാസം, പൗരാണികത്വം, വിദ്യാഭ്യാസം തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ വിവിധ ഫോറങ്ങൾ രൂപീകരിച്ചു വരുന്നു.

**18. 2020 കർമ്മരേഖ (മിഷൻ ഇയർ കെ.സി.ബി.സി. + കർഷക വർഷം പാലാ രൂപത)**

ഈ വർഷത്തെ കർമ്മരേഖ മാർച്ച് പകുതിയോടെ പ്രസിദ്ധീകരിക്കുന്നതാണ്. അതിനുമുമ്പ് എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീകരിക്കപ്പെടാൻ

ഫൊറോനാസമിതി ശ്രദ്ധിക്കണം. യൂണിറ്റ്-ഫൊറോനാ-രൂപതാതല പ്രവർത്തനങ്ങളുടെ വിലയിരുത്തലിനായി രൂപത പ്രസിദ്ധീകരിക്കുന്ന കർമ്മരേഖയിൽ പറയുന്ന മാനദണ്ഡങ്ങൾ ഫോളോ ചെയ്യേണ്ടതാണ്. കർമ്മരേഖയിൽ പരസ്യങ്ങൾ ഉൾപ്പെടുത്താൻ പ്രത്യേക മാർക്കോടുകൂടി അവസരമുണ്ട്. വിവരങ്ങൾക്ക് രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**19. യൂണിറ്റ്, ഫൊറോന സന്ദർശനങ്ങൾ**

വിവിധ യുവജന- സാമുദായിക-സാമൂഹിക വിഷയങ്ങളും പരിഹാരങ്ങളും എന്ന ലക്ഷ്യം മുൻനിർത്തി രൂപതാ ഡയറക്ടർ, ആനിമേറ്റർ സിസ്റ്റേഴ്സ്, ഭാരവാഹികൾ എന്നിവർ വിവിധ ഘടകങ്ങൾ വർഷത്തിലൊരിക്കലെങ്കിലും സന്ദർശിക്കാനും സംവദിക്കാനും ആഗ്രഹിക്കുന്നു. വിവിധ ക്ലാസുകൾ നയിക്കുന്നതിന് റിസോഴ്സ് പേഴ്സൺസ് ലഭ്യമാണ്.

**ഫാ. സിറിൽ തയ്യിൽ** (ഡയറക്ടർ)

# ജീസസ് യൂത്ത്

**1. രാത്രി ആരാധന**

ജീസസ് യൂണിറ്റിന്റെ മദ്ധ്യസ്ഥപ്രാർത്ഥനകൾക്കുവേണ്ടിയുള്ള രാത്രി ആരാധന ഫെബ്രുവരി 7-ാം തീയതി അരുണാപുരം ഇടവകയിൽ നടന്നു. ഫാ. ജിനു സി.എം.ഐ. വചനം പ്രഘോഷിച്ചു. കെവിൻ ബിനോയി, ബിജീഷ് ജോസഫ്, ആഷിഷ് ജോസ് എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**2. യുവജനധ്യാനം**

ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിലുള്ള യുവജനധ്യാനം ഫെബ്രുവരി 7,8,9 തീയതികളിൽ കടുത്തുരുത്തി എസ്.വി.ഡി. ധ്യാനമന്ദിരത്തിൽ നടന്നു. ബിലാസ് കളത്തൂർ, അനിതാ ജോജി, രാജൻ പീറ്റർ എന്നിവർ നേതൃത്വം നൽകി.

**3. രണ്ടാം ശനിയാഴ്ച കൂട്ടായ്മ**

ജീസസ് യൂത്തിന്റെ രണ്ടാം ശനിയാഴ്ച സംഗമം ഫെബ്രുവരി 8-ന് സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ഫാ. ജിനു സി.എം.ഐ. വചനം പ്രഘോഷിക്കുകയും ദിവ്യകാരുണ്യ ആരാധന നയിക്കുകയും ചെയ്തു. ഫാ. സിറിൽ തയ്യിൽ, ക്ലിജോ കണിയാംപടി, ജെയിംസ് സെബാസ്റ്റ്യൻ, അൻസു മുണ്ടയ്ക്കൽ എന്നിവർ നേതൃത്വം നൽകി.

**4. നാലാം ശനിയാഴ്ച സംഗമം**

നാലാം ശനിയാഴ്ച സംഗമം ജനുവരി 25-ന് ഭരണങ്ങാനം അസ്സീസി ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. സി. ജോൺസി എഫ്.സി.സി., ജോൺ വിവേക് എന്നിവർ നേതൃത്വം നൽകി.

**5. പരീക്ഷ ഒരുക്ക സെമിനാർ**

പരീക്ഷയ്ക്ക് ഒരുങ്ങുന്ന വിദ്യാർത്ഥികൾക്കു വേണ്ടിയുള്ള ഒരുക്ക സെമിനാറും പ്രാർത്ഥനയും വിവിധ സ്കൂളുകളിൽ നടത്തപ്പെട്ടു. ജനുവരി 26-ന് പാലാ സെന്റ് മേരീസ് സ്കൂളിലും, ജനുവരി 25-ന് ചേർപ്പുങ്കൽ ഹോളി ക്രോസ്

ഹൈസ്കൂളിലും, ഫെബ്രുവരി 4,5,6 തീയതികളിൽ ഹോളി ക്രോസ് ഹയർ സെക്കണ്ടറി സ്കൂൾ, പാലാ കാർമ്മൽ പബ്ലിക് സ്കൂൾ, എ.ആർ.എസ്. സ്കൂൾ ഭരണങ്ങാനം എന്നിവിടങ്ങളിലും പരീക്ഷ ഒരുക്ക സെമിനാർ നടത്തപ്പെട്ടു. ആഷിഷ് ജോസഫ്, ബിലാസ് കളത്തൂർ, ജോസ് മാത്യു, ജോൺ വിവേക് എന്നിവർ വിവിധയിടങ്ങളിൽ ക്ലാസുകൾ നയിച്ചു.

**6. ലൂർദ്ദ് ഭവൻ സന്ദർശനം**

ചേർപ്പുങ്കൽ ബി.വി.എം. ഹോളിക്രോസ് കോളേജിലെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ പള്ളിക്കത്തോട് ലൂർദ് ഭവൻ സന്ദർശനം നടത്തപ്പെട്ടു. അന്തേവാസികളെ സന്ദർശിച്ച് കലാവിരുന്നുകൾ നടത്തുകയും ആവശ്യമായ സഹായങ്ങൾ ചെയ്യുകയും ചെയ്തു.

**7. ജീസസ് യൂത്ത് ഫോർമേഷൻ**

ജീസസ് യൂത്ത് തുടർ പരിശീലനത്തിന്റെ ഭാഗമായ സ്റ്റുവേർഡ്ഷിപ്പ് കോഴ്സ് ഫെബ്രുവരി രണ്ടാം തീയതി അരുവിത്തുറ മിനി പാരിഷ് ഹാളിൽ നടന്നു. 2,9,16,23 തീയതികളിൽ പോൾ കോഴ്സും, എമ്മാവൂസ് കോഴ്സും നടത്തപ്പെട്ടു.

**8. കോർ ടീം**

കുറവിലങ്ങാട് ദേവമാതാ കോളേജിൽ വരുന്ന ഒരു വർഷക്കാലം ജീസസ് യൂത്ത് പ്രവൃത്തികൾക്ക് നേതൃത്വം നൽകുന്നതിനായി പുതിയ കോർ ടീം തിരഞ്ഞെടുക്കപ്പെട്ടു. അലീന മൈക്കിൾ കോ-ഓർഡിനേറ്ററായും, ആൻ മരിയ, ജെഫ് ജെറി, ഐറിൻ, ആൽവിൻ, അഞ്ജലി, അന്ന മരിയ, ആൻ തേരെസ, ആൽക്കിഷ് എന്നിവർ അംഗങ്ങളായും തിരഞ്ഞെടുക്കപ്പെട്ടു.

**9. കൊയ്നോനിയ**

പാലാ സെന്റ് തോമസ് കോളേജിൽനിന്ന് പഠിച്ചിറങ്ങിയ ജീസസ് യൂത്ത് അംഗങ്ങളുടെ സംഗമം ഫെബ്രുവരി 9-ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. സി. ആൻ മാത്യൂസ് എസ്.എച്ച്., സച്ചിൻ റ്റോമിൻ എന്നിവർ നേതൃത്വം നൽകി.

**10. ഏകദിന പ്രോഗ്രാം**

ചേർപ്പുങ്കൽ ഇടവകയിലെ സൺഡേ സ്കൂൾ കുട്ടികൾക്കായി ഫെബ്രുവരി 10-ാം തീയതി ക്യാറ്റലിസ്റ്റ് എന്ന പേരിൽ ഏകദിന പ്രോഗ്രാം നടത്തപ്പെട്ടു. മരിയാമോൾ ജോസഫ്, കെവിൻ ബിനോയി എന്നിവർ നേതൃത്വം നൽകി.

**11. മദ്ധ്യസ്ഥ പ്രാർത്ഥന സംഗമം**

ഫെബ്രുവരി 21-ന് പാലാ സെന്റ് തോമസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് മദ്ധ്യസ്ഥ പ്രാർത്ഥന സംഗമം നടത്തപ്പെട്ടു. ശാലു സുബാഷ്, കെവിൻ എന്നിവർ നേതൃത്വം നൽകി.

**12. മംഗളവാർത്ത ധ്യാനം**

ജീസസ് യൂത്ത് ഏഞ്ചൽസ് ആർമിയുടെ നേതൃത്വത്തിൽ ജീവിത പങ്കാളികൾക്കും, ഗർഭിണികൾക്കും, കുഞ്ഞുങ്ങൾക്കായി കാത്തിരിക്കുന്ന ദമ്പതികൾക്കും വേണ്ടിയുള്ള മംഗളവാർത്ത ധ്യാനം ഫെബ്രുവരി 23,24,25,26 തീയതികളിൽ കൊടുമ്പിടി താബോർ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തപ്പെട്ടു. ജോസ്

മാത്യു, ജോസുകുട്ടി ജേക്കബ്, സജി ജോസഫ് എന്നിവർ നേതൃത്വം നൽകി. ഫാ. ജോസഫ് മലേപ്പറമ്പിൽ ഫാ. തോമസ് മണ്ണൂർ, ഫാ. ജോർജ് മുളങ്ങാട്ടിൽ, ഫാ. സിറിൽ തയ്യിൽ, സുനിൽ രാമപുരം എന്നിവർ ക്ലാസുകൾ നയിച്ചു.

**13. ഏയ്ഞ്ചൽ ആർമി സമ്മേളനം**

ഏയ്ഞ്ചൽ ആർമിയുടെ എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടക്കുന്ന സമ്മേളനം ഫെബ്രുവരി 8-ന് ഭരണങ്ങാനം പാറേൽ പള്ളിയിൽ വച്ച് നടത്തപ്പെടുന്നു. ജോസ് മാത്യു, ജോസുകുട്ടി ജേക്കബ് എന്നിവർ നേതൃത്വം നൽകി.

**ഫാ. കുര്യൻ മറ്റം, ഫാ. സിറിൽ തയ്യിൽ** (ഡയറക്ടേഴ്സ്)

# കുടുംബകൂട്ടായ്മ

1 2-2-2020 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ഇളംതോട്ടം ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ യോഗത്തിൽ കുടുംബകൂട്ടായ്മ രൂപതാ റിസോഴ്സ് ടീം അംഗം ശ്രീ. അലോഷ്യസ് തോണക്കര കുടുംബകൂട്ടായ്മ ഭാരവാഹികളുടെ വിളിയും ദൗത്യവും എന്തെല്ലാമാണെന്ന് വിശദീകരിച്ചു.

2. 6-2-2020 വ്യാഴാഴ്ച രാവിലെ 9.30 മുതൽ കുടുംബകൂട്ടായ്മ രൂപതാ കൗൺസിൽ അംഗങ്ങൾ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ ഷാലോം ചാപ്പലിൽ ഒരുമിച്ചുകൂടി രൂപതയിലെ കുടുംബകൂട്ടായ്മ ശുശ്രൂഷകളുടെ വിജയത്തിനായി ദിവ്യകാരുണ്യസന്നിധിയിൽ പ്രാർത്ഥിച്ചു.

3. 9-2-2020 ഞായറാഴ്ച രാവിലെ 7 മണിക്ക് കൊളമാവ് പള്ളിയിൽ കുടുംബകൂട്ടായ്മ ഡയറക്ടർ ബഹു. വിൻസെന്റ് മൂങ്ങാമാക്കലച്ചൻ വിശുദ്ധ കുർബാന അർപ്പിച്ച് കുടുംബകൂട്ടായ്മയെക്കുറിച്ച് പ്രസംഗിച്ചു.

4. 9-2-2020 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ കൊളമാവ് ഇടവകയിലെ കുടുംബകൂട്ടായ്മകളിൽ രൂപതാ റിസോഴ്സ് ടീം കുടുംബകൂട്ടായ്മയുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

5. 23-2-2020 ഞായറാഴ്ച രാവിലെ 8.30 മുതൽ മുളക്കുളം ഇടവകയിലെ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സമ്മേളനത്തിൽ രൂപതാ കോ-ഓർഡിനേറ്റർ ശ്രീ. തോമസ് വടക്കേൽ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ വിളിയേയും ദൗത്യത്തേയും പറ്റി ക്ലാസ്സെടുത്തു.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

## A. Counselling Course

**1. മാർച്ച് മാസം കോഴ്സ് തീയതികൾ**

**ഡിപ്ലോമ കോഴ്സ് 7, 8** തീയതികളിലും **സർട്ടിഫിക്കറ്റ് കോഴ്സ് 13, 27** തീയതികളിലും നടത്തപ്പെടുന്നതാണ്.

## B. വിവാഹ ഒരുക്ക കോഴ്സ്

### 1. സർട്ടിഫിക്കറ്റ്

**ഫെബ്രുവരി 3-5** തീയതികളിലെ വിവാഹ ഒരുക്ക കോഴ്സിൽ 137 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

### 2. രജിസ്ട്രേഷൻ

**മാർച്ച് 16-18, 30-ഏപ്രിൽ 1** തീയതിയിലേക്കു നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു. **ഏപ്രിൽ 13-15, 27-29** തീയതിയിൽ നടക്കുന്ന കോഴ്സുകളുടെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

### 3. പേരന്റ്സ് മീറ്റ്

ഫെബ്രുവരി മാസത്തെ 3-5 തീയതിയിലെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 262 മാതാപിതാക്കൻമാർ സംബന്ധിച്ചു.

### 4. യാത്രയയപ്പ് സമ്മേളനം - പാലാ

ഫാമിലി അപ്പോസ്തലേറ്റിന്റെ ഡയറക്ടറായി ഒന്നരവർഷക്കാലം സുത്യർഹമായ സേവനം അനുഷ്ഠിച്ച ശേഷം മേരിലാന്റ് ഇടവകയിലെ വികാരിയായി നിയമിതനായ ബഹുമാനപ്പെട്ട റവ. ഡോ. ഷീൻ പാലയ്ക്കത്തടത്തിലച്ചന് ഫാമിലി അപ്പോസ്തലേറ്റ് അംഗങ്ങളും വിവിധ സംഘടനാ ഭാരവാഹികളും ഫെബ്രുവരി 14 ന് സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ നേർന്നു.

### 5. സ്വീകരണം - പാലാ

ഫെബ്രുവരി 15-ാം തീയതി പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ പുതിയ ഡയറക്ടറായി നിയമിതനായ ബഹുമാനപ്പെട്ട റവ. ഡോ. ജോസഫ് കുറ്റിയാങ്കലച്ചന് സ്നേഹനിർഭരമായ സ്വാഗതം നല്കി.

## C. പിതൃവേദി

### 1. വാർഷികം- അരുവിത്തുറ

അരുവിത്തുറ ഇടവകയിലെ പിതൃവേദി വാർഷികം നടത്തപ്പെട്ടു. പ്രസിഡന്റ് ആൻഡ്രൂസ് തെക്കേക്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട വാർഷികം ഡയറക്ടർ റവ. ഡോ. ഷീൻ പാലയ്ക്കാത്തടത്തിൽ ഉദ്ഘാടനം നടത്തി. ഫോറോന വികാരി റവ. ഫാ. അഗസ്റ്റ്യൻ പാലയ്ക്കപ്പറമ്പിൽ സന്ദേശം നല്കി. ഫോറോന ജോ. ഡയറക്ടർ റവ. ഫാ. സ്കറിയ മേനാംപറമ്പിൽ, രൂപത പ്രസിഡന്റ് ജോസ് ജോൺ കീലത്ത്, സെക്രട്ടറി ജോസഫ് വടക്കേൽ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

### 2. ആദരവ് - അരുവിത്തുറ

അരുവിത്തുറ ഇടവകയിൽ പിതൃവേദിയുടെ നേതൃത്വത്തിൽ 70 വയസ്സിൽ കൂടുതലുള്ള പിതാക്കൻമാരെ ആദരിച്ചു. 4 കുട്ടികളിൽ കൂടുതലുള്ള ദമ്പതികളെ മെമന്റോ നല്കി ആദരിച്ചു.

## D. മാതൃവേദി

**1. പുതിയ ജോയിന്റ് ഡയറക്ടർ**

മാതൃവേദിയുടെ രൂപത ജോയിന്റ് ഡയറക്ടറായി റവ. സി. എൽസാ ടോം ട.ഒ നെ നിയമിച്ചു.

**2. പ്രവർത്തനോദ്ഘാടനം- രാമപുരം, ചേർപ്പുങ്കൽ, മാവടി**

മാതൃവേദിയുടെ പ്രവർത്തനോദ്ഘാടനം വിവിധ മേഖലയിൽ നടത്തപ്പെട്ടു. ചേർപ്പുങ്കൽ മേഖലയിലെ പ്രവർത്തനോദ്ഘാടനം സി. ഡോളി നടത്തുകയും തദവസരത്തിൽ ചേർപ്പുങ്കൾ ജോ. ഡയറക്ടർ സി. ഫിലമിന്റെ 50 വർഷജൂബിലി ആഘോഷം നടത്തി സിസ്റ്ററിന് ആശംസകൾ നേരുകയും ചെയ്തു. രാമപുരം മേഖലയുടെ ഫെറോന വികാരി റവ. ഡോ. ജോർജ് വർഗ്ഗീസ് ഞാറക്കുന്നലിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രവർത്തനോദ്ഘാടനം മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം നടത്തി. മുട്ടുചിറ ഫെറോനയുടെ പ്രവർത്തനോദ്ഘാടനം കാഞ്ഞിരത്താനം ഇടവകയിൽ വച്ച് നടത്തപ്പെട്ടു വികാരി റവ. ഫാ. ജോസഫ് ഇടത്തുംപറമ്പിൽ ഉദ്ഘാടനം നടത്തി.

**3. സുവനീർ - മാതൃമൊഴി**

മാതൃവേദിയുടെ രജതജൂബിലിയോടനുബന്ധിച്ച് 25 വർഷത്തെ പരിപാടികൾ ഉൾപ്പെടുത്തി 'മാതൃമൊഴി' എന്ന സുവനീർ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു.

**4. ക്യാൻസർ ബോധവത്കരണസെമിനാർ - രാമപുരം**

രാമപുരം യൂണിറ്റിൽ വച്ച് ക്യാൻസർ ബോധവത്കരണസെമിനാർ നടത്തി. ഡോ. കീർത്തി സുരേഷ് ക്യാൻസറിനെകുറിച്ച് ക്ലാസ്സെടുത്തു.

## E. പ്രോലൈഫ്

**1. കർമ്മരേഖ**

പ്രോലൈഫ് സമിതിയുടെ കർമ്മരേഖ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തുവരുന്നു.

## F. സീറോ മലബാർ പാലാ മാട്രിമണി

**1. ഡേറ്റ സ്വീകരണം**

ജീവിതപങ്കാളിയെ കണ്ടെത്താൻ സഹായിക്കുന്ന സീറോ മലബാർ മാട്രിമണി ഇടവകകളിലെ ഭക്തസംഘടനകളുടെ സഹകരണത്തോടെ ഡേറ്റ സ്വീകരണം നടത്തിക്കൊണ്ടിരിക്കുന്നു.

**2. മാഗസിൻ**

സീറോ മലബാർ മാട്രിമണിയുടെ ഫെബ്രുവരി മാസത്തെ മാഗസിൻ വിതരണം ചെയ്തുവരുന്നു.

## G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്

**1. ക്ലാസ്സുകൾ**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റ് നടത്തുന്ന **മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച്** കുടുംബ വിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീ

ലനം, തയ്യൽ പരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾ നിർമ്മാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബിഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ്, ക്രോഷ്യ വർക്ക് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു.കോഴ്സിനെക്കുറിച്ച് വിശദവിവരങ്ങൾക്ക് മഡോണ ഇൻസ്റ്റിറ്റ്യൂട്ടുമായി ബന്ധപ്പെടുക. വിളിക്കേണ്ട നമ്പർ —— **9496571321**

### H. മംഗല്യനിധി

പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധി വഴിയായി കഴിഞ്ഞമാസം **അമ്പാറനിരപ്പേൽ, കുറവിലങ്ങാട്, മൂഴൂർ, മണിയംകുളം, അടുക്കം, കരൂർ, ളാലം പുതിയപള്ളി** ഇടവകകളിൽ നിർദ്ധനരായ കത്തോലിക്കപെൺകുട്ടികൾക്ക്ക്ക് വിവാഹസഹായമായി **48,000** രൂപാ നൽകി.

**ഫാ. ജോസഫ് കുറ്റിയാങ്കൽ** (ഡയറക്ടർ)

## എ.കെ.സി.സി.

### നവവൈദികർക്ക് സ്വീകരണം

കത്തോലിക്കാ കോൺഗ്രസ് പാലാ സമിതിയുടെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 9-ന് രാമപുരത്ത് വച്ച് പാലാ രൂപതയിൽ നവഅഭിഷിക്തരായ വൈദികർക്ക് സ്വീകരണം നൽകി. രൂപതാ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സംഗമം രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ അനുമോദനപ്രസംഗം നടത്തി. നവവൈദികർക്ക് കർമ്മ മണ്ഡലങ്ങളിൽ എല്ലാവിധ പിന്തുണയും കത്തോലിക്കാ കോൺഗ്രസ് പ്രഖ്യാപിച്ചു. സാജു അലക്സ്, ജേക്കബ് മുണ്ടക്കൽ, ജോസ് വട്ടുകുളം, ജോബിൻ പുതിയിടത്തുചാലിൽ എന്നിവർ പ്രസംഗിച്ചു. നവവൈദികർക്ക് രൂപതാസമിതി നൽകിയ ഉപഹാരങ്ങൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് വിതരണം ചെയ്തു.

### ലവ്ജിഹാദ് ചർച്ചാക്ലാസ്

കേരളത്തിൽ ക്രൈസ്തവ പെൺകുട്ടികളെ ലക്ഷ്യം വച്ച് നടക്കുന്ന ലവ്ജിഹാദിനെക്കുറിച്ച് കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ ചർച്ചാ ക്ലാസ് സംഘടിപ്പിച്ചു. പ്രണയം നടിച്ച് ക്രിസ്ത്യൻ പെൺകുട്ടികളെ വശീകരിക്കുകയും പീഢിപ്പിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്ത് തീവ്രവാദപ്രവർത്തനങ്ങൾക്കും മറ്റ് താല്പര്യങ്ങൾക്കും ഉപയോഗിക്കുന്നത് വ്യാപകമായികൊണ്ടിരിക്കുകയാണ്. ഇത് ഒരു വിഭാഗം ആളുകളുടെ നിഗൂഢമായ താൽപര്യങ്ങളും ലക്ഷ്യങ്ങളുമാണ്. ഇതിന് ഇരയാകുന്നത് നമ്മുടെ സമുദായത്തിലെ പെൺകുട്ടികളാണെന്നാണ് അങ്ങേയറ്റം ഗൗരവതരമായ കാര്യമാ

ണ്. ഇതിനെതിരെ ശക്തമായ പ്രവർത്തനങ്ങളും ബോധവത്കരണങ്ങളും നടത്തുവാൻ കത്തോലിക്കാ കോൺഗ്രസ് തീരുമാനിച്ചു.

**ന്യൂനപക്ഷ അവകാശങ്ങളിലെ വിവേചനം**

സർക്കാരുകളും ന്യൂനപക്ഷ ക്ഷേമവകുപ്പുകൾ വഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളും സ്കോളർഷിപ്പുകളും ന്യൂനപക്ഷ ബോർഡുകളിലെ പ്രാതിനിധ്യവും ഈ സംഖ്യാനുപാതികമായി വിഭജിക്കണമെന്ന് കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി പ്രമേയങ്ങളിലൂടെ ആവശ്യപ്പെട്ടു. 80:20 എന്ന രീതിയിലുള്ള വിഭജനം തെറ്റാണ്. 40% അവകാശമുള്ള ക്രൈസ്തവ സമുദായം അവഗണിക്കപ്പെടുകയാണ്. ഒരു വിഭാഗം ന്യൂനപക്ഷ വിഭാഗങ്ങളെ പ്രീതിപ്പെടുത്താൻവേണ്ടി രാഷ്ട്രീയ പാർട്ടികളും ഭരണാധികാരികളും നടത്തുന്ന വിവേചനം അനീതിയാണെന്നും അതു തിരുത്തണമെന്നും രൂപതാ നേതൃസമ്മേളനം ആവശ്യപ്പെട്ടു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ അധ്യക്ഷത വഹിച്ചു.

**പൗരത്വ നിയമത്തിനെതിരെ**

രാജ്യത്തിന്റെ ഭരണഘടനയിലെ മതനിരപേക്ഷത കാത്തുസൂക്ഷിക്കുവാൻ കേന്ദ്ര സർക്കാർ ബാധ്യസ്ഥമാണെന്നു പൗരത്വനിയമത്തിലെ പോരായ്മകൾ തിരുത്തണമെന്നും കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതി ആവശ്യപ്പെട്ടു. മതത്തിന്റെ അടിസ്ഥാനത്തിൽ രാജ്യത്തിന്റെ പൗരന്മാരെ വിഭജിക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുമെന്ന് രൂപതാ സമ്മേളനത്തിൽ നടന്ന ചർച്ചയിൽ അഭിപ്രായമുയർന്നു. പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലിന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ഡയറക്ടർ ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി.

**പഞ്ചായത്ത് ഹെൽപ്-ഡെസ്ക്**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ എല്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലും ഹെൽപ്-ഡെസ്കുകൾ രൂപീകരിക്കുന്നു. സർക്കാർ തലത്തിലുള്ള ആനുകൂല്യങ്ങൾ വിവിധ കർഷക പെൻഷനുകൾ, ന്യൂനപക്ഷ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, സൗജന്യ നിയമസഹായം, തുടങ്ങിയ കാര്യങ്ങൾ ലഭ്യമാക്കുവാൻ ജനങ്ങളെ സഹായിക്കുവാൻ വേണ്ടിയാണ് ഹെൽപ് ഡെസ്കുകൾ രൂപീകരിക്കുന്നത്. ഒരു പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ഇടവകകളിലെ പ്രസിഡന്റുമാർ, സെക്രട്ടറിമാർ, കൂടാതെ അതാത് ഇടവകകളിൽ നിന്നുള്ള റിട്ടയേർഡ് ഗവ. ഉദ്യോഗസ്ഥന്മാർ, നിയമജ്ഞർ, പഞ്ചായത്ത് മെമ്പർമാർ തുടങ്ങിയവർ ഉൾപ്പെടുന്ന കോർഡിനേഷൻ കമ്മിറ്റിയാണ് രൂപീകരിക്കുന്നത്. പാലാ രൂപതയുടെ പരിധിയിൽ വരുന്ന 40 ഓളം പഞ്ചായത്തുകളിൽ സമിതികൾ രൂപീകരിക്കും. ആദ്യഘട്ടമായി മാഞ്ഞൂർ, മരങ്ങാട്ടുപിള്ളി, കടനാട്, അറക്കുളം, തീക്കോയി എന്നീ പഞ്ചായത്തുകളിൽ രൂപീകരിക്കുന്നതിനുള്ള സമിതികൾ രൂപീകരിച്ചു. രൂപതാ തല

കോർഡിനേറ്റർമാരായി ജോൺസൺ ചെറുവള്ളി, ഫ്രാൻസിസ് കരിമ്പാനി എന്നിവരെ തെരഞ്ഞെടുത്തു.

**സംരംഭകവർഷം**

കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 2020 സംരംഭക വർഷമായി ആചരിക്കുന്നു. നവസംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങൾക്ക് പിന്തുണ നൽകുന്നതിനും വേണ്ടിയാണ് നടത്തുന്നത്. നവസംരംഭങ്ങൾ ആരംഭിക്കുവാൻ പ്രോത്സാഹനം, പ്രോജക്ട്, രൂപീകരണം, സാങ്കേതികസഹായം എന്നിവ നൽകുന്നതിനായി വിദഗ്ധർ ഉൾപ്പെടുന്ന സമിതി രൂപീകരിച്ചു. കത്തോലിക്കാ കോൺഗ്രസ് പാലാ രൂപതാ സമിതിയുടെ നേതൃത്വത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതും കർഷകരെ കോർത്തിണക്കുന്നതുമായ ഒരു സംരംഭം ആരംഭിക്കുവാൻ രൂപതാ നേതൃയോഗം തീരുമാനിച്ചു. ജോയി പണിപറമ്പിൽ, ജയിംസ് കുറ്റികോട്ടയിൽ, രൂപതാ ഭാരവാഹികൾ എന്നിവർ അടങ്ങിയ കമ്മിറ്റിയെ ഇതിനായി ചുമതലപ്പെടുത്തി.

**ഇമ്മാനുവൽ നിധീരി** (ജന സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**യാത്രയയപ്പ് സമ്മേളനം നടത്തി.**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ഡയറക്ടറായി കഴിഞ്ഞ നാലര വർഷക്കാലം സുദീർഘമായ സേവനം ചെയ്ത ഫാ. മാത്യു പുല്ലുകാലായിലിന് യാത്രയയപ്പ് നൽകുകയും അച്ചൻ സൊസൈറ്റിയിൽ ചെയ്ത വിപുലമായ കർമ്മപരിപാടികൾ ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹത്തെ അനുമോദിക്കുകയും ചെയ്തു. ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സമ്മേളനത്തിന് പാലാ രൂപതാ വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അദ്ധ്യക്ഷത വഹിക്കുകയും പി.എസ്.ഡബ്യു.എസ്. സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം മുഖ്യപ്രഭാഷണം നടത്തുകയും ചെയ്തു.

**കേരള സോഷ്യൽ സർവീസ് ഫോറം**

കെ.സി.ബി.സി. യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ പാലാ ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് ഒരു ഏകദിന ശില്പശാല നടത്തി. രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഞ്ചു വർഷത്തെ പദ്ധതി പ്ലാനിംഗിന്റെ ഭാഗമായി നടന്ന സെമിനാറിന് കെ.എസ്.എഫ്. ഡയറക്ടർ ഫാ. മൈക്കിൾ വെട്ടിക്കാട്ട് നേതൃത്വം നൽകി. പി.എസ്.ഡബ്ല്യു.എസ്. ഡയറക്ടർ ഫാ. മാത്യു പുല്ലുകാലായിൽ യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. പി.എസ്.ഡബ്ല്യു.എസ്. സ്റ്റാഫ് അംഗങ്ങൾ സോൺ കൗൺസിൽ അംഗങ്ങൾ എന്നിവർ പരിശീലനത്തിൽ പങ്കെടുത്തു.

**വനിതാദിനാഘോഷം**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി, മാതൃജ്യോതി, കെ.സി.വൈ.എം., ഡി.സി.എം.എസ്. എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ പാലാ, അരുവിത്തുറ, മുട്ടുചിറ, തുടങ്ങനാട് എന്നീ റീജിയൺ തലത്തിൽ മാർച്ച് 7 മുതൽ വിവിധങ്ങളായ പരിപാടികളോടെ വനിതാദിനാഘോഷപരിപാടികൾ നടക്കും.

**ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാം**

സേവ് എ ഫാമിലി പ്ലാൻ ഫാമിലി ഡവലപ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി അരുവിത്തുറ, പാലാ, മുട്ടുചിറ എന്നീ സ്ഥലങ്ങളിൽ വച്ച് പദ്ധതി പ്ലാനിംഗ് ശില്പശാല നടത്തി. എലിസബത്ത് സിബി പാറശ്ശേരിൽ പരിശീലനത്തിന് നേതൃത്വം നൽകി.

**കുറഞ്ഞ പലിശ നിരക്കിൽ വായ്പ**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ന്യൂനപക്ഷ വികസന കോർപ്പറേഷനുമായി സഹകരിച്ച് 25 ഗ്രൂപ്പുകൾക്ക് 2 ലക്ഷം രൂപാവരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുന്നു. നവസംരംഭങ്ങൾ തുടങ്ങാനാണ് വായ്പ അനുവദിക്കുക.

**സോൺ വാർഷികങ്ങൾ**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വിവിധ സോണുകളുടെ വാർഷികങ്ങൾ മാർച്ച് ഏപ്രിൽ മാസങ്ങളിൽ സോൺ തലത്തിൽ നടക്കും.

**വാട്ടർ ടാങ്ക് വിതരണം**

പി.എസ്.ഡബ്ല്യു.എസ്. ന്റെ വേനൽക്കാല ജല സംഭരണപദ്ധതിയുടെ ഭാഗമായി ചേന്നാട്, വിളക്കുമാടം, കൈപ്പള്ളി, പാലാ, മുട്ടുചിറ, തീക്കോയി, പറത്താനം, വേലനിലം, മൂലമറ്റം, ഇടാട് എന്നീ സ്ഥലങ്ങളിൽ വാട്ടർ ടാങ്കുകൾ വിതരണം ചെയ്തു.

**ബക്കരി ഗാവ് യോജന**

സൊസൈറ്റിയുടെ ബക്കരി ഗാവ് യോജനാ പദ്ധതിപ്രകാരം എടാട്, മൂലമറ്റം, പാലാ എന്നീ സ്ഥലങ്ങളിൽ ആടുകളെ വിതരണം ചെയ്തു.

**സാമൂഹ്യ സുരക്ഷപദ്ധതികൾ ശില്പശാല**

സർക്കാരിന്റെ വിവിധ സാമൂഹ്യസുരക്ഷാപദ്ധതികളെക്കുറിച്ച് ബോധവത്ക്കരണം നടത്തുന്നതിനുള്ള ശില്പശാലകൾ ഇടവക തലത്തിൽ സംഘടിപ്പിക്കാം. സർക്കാരിന്റെ വിവിധ ഫിനാൻസിയൻ ലിറ്ററസി കൗൺസിൽ അംഗങ്ങൾ പരിപാടിക്ക് നേതൃത്വം നൽകും.

**അന്താരാഷ്ട്ര ക്യാൻസർ ദിനാചരണം**

അന്താരാഷ്ട്ര ക്യാൻസർ ദിനമായ ഫെബ്രുവരി നാലിന് പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ആശാകിരണം കാൻസർ സുരക്ഷായജ്ഞപരിപാടിയുടെ ഭാഗമായി ബോധവൽക്കരണ സെമിനാർ നടന്നു.

**അഗ്രിമ മാർക്കറ്റ്**

പാലാ സെന്റ് തോമസ് പ്രസ്സിന് സമീപമുള്ള അഗ്രിമ കർഷക ഓപ്പൺ മാർക്കറ്റിൽ ചേന, കിഴങ്ങ്, കാച്ചിൽ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ വിത്തുകളുടെ വിപണനമേള നടന്നുവരുന്നു.

**കാർഷിക പഠനയാത്ര**

തിരുവനന്തപുരം കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രത്തിലേക്ക് ഏകദിനപഠന പരിശീലനയാത്ര സംഘടിപ്പിച്ചു. 50 അംഗങ്ങൾ പങ്കെടുത്ത പരിശീലന പരിപാടിക്ക് പി.വി. ജോർജ് നേതൃത്വം നൽകി. കപ്പ ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പനങ്ങൾ ഉണ്ടാക്കുന്ന പരിശീലനത്തിൽ അംഗങ്ങൾ പങ്കെടുത്തു.

**മികച്ച സ്വാശ്രയസംഘങ്ങൾ**

സൊസൈറ്റികളുടെ 17 സോണുകളുടെയും മികച്ച സ്വാശ്രയ സംഘങ്ങളെ തിരഞ്ഞെടുക്കുന്നു. എല്ലാ സ്വാശ്രയസംഘങ്ങളുടെയും 10 പേജിൽ കവിയാത്ത റിപ്പോർട്ട് സോണൽ കോർഡിനേറ്ററെ ഏല്പിക്കുക.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

---

# ഡി.സി.എം.എസ്.

---

**രൂപതാ കമ്മിറ്റി**

2020 ഫെബ്രുവരി 16 ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ.ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കമ്മിറ്റി നടത്തപ്പെട്ടു. രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. ഡിസിഎംഎസ് സംസ്ഥാന ഡയറക്ടർ ഫാ. ഷാജ്കുമാർ, സെക്രട്ടറി ഷാജി കാഞ്ഞിരപ്പള്ളി എന്നിവർ സംസാരിച്ചു.

**രൂപതാ കൗൺസിൽ**

ഫെബ്രുവരി 16-ന് ഷാലോം പാസ്റ്ററൽ സെന്ററിൽ വച്ച് രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ രൂപതാ കൗൺസിൽ നടത്തപ്പെട്ടു. രൂപതാ വൈസ് ശ്രീമതി സെലിൻ ജോസഫ് സ്വാഗതം ആശംസിച്ചു പ്രസിഡന്റ് രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല റിപ്പോർട്ട് വായിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് സന്ദേശം നൽകി. മാർച്ച് 7-നു പി.ഓ.സി. യിൽ വച്ച് സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ, സുപ്രീം കോടതിയിൽ നടക്കുന്ന കേസിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഫ്രാങ്ക്ളിൻ സീസറുമായി ചർച്ച നടത്തുന്ന കാര്യം അറിയിച്ചു. XIME മാനേജ്മെൻറ് ട്രെയിനിങ് ഇൻസ്റ്റിട്യൂട്ടിന്റെയും നേതൃത്വത്തിൽ ഏതെങ്കിലും പ്രൊഫഷണൽ കോഴ്സ് പൂർത്തിയാക്കിയവർക്ക് ജോലി നേടുവാൻ പ്രാപ്തരാക്കുന്നതിനായി കേരളത്തിലെ വിഖ്യാതമായ മാനേജ്മെൻറ് ട്രെയിനിങ് സ്ഥാപനമായ XIME

(Xavier Institute of Management and Enterpernurship) യുടെ നേതൃത്വത്തിൽ ഒരുമാസം നീണ്ടു നിൽക്കുന്ന ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിക്കുന്ന കാര്യവും പ്രതിനിധികളെ അറിയിച്ചു. നാലു മണിയോടെ യോഗം അവസാനിച്ചു.

**TSDTP പരീക്ഷ നടത്തപ്പെട്ടു**

കെ സി ബി സി SC/ ST /BC കമ്മീഷൻ, ഡിസിഎംഎസ് സംസ്ഥാന കമ്മിറ്റി എന്നിവയുടെ നേതൃത്വത്തിൽ ദളിത് കത്തോലിക്കാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി നടത്തുന്ന Talent and Skill Development Training Progamme ന്റെ selection test ഫെബ്രുവരി 8-നു പാലാ സെന്റ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇടവകകളിൽനിന്നും 53 കുട്ടികൾ പരീക്ഷയെഴുതി.

**സിവിൽ സർവീസ് പരിശീലന ക്ലാസ്**

പാല രൂപത ഡിസിഎംഎസ് കുട്ടികൾക്കായി നടത്തിവരുന്ന സിവിൽ സർവീസ് പരിശീലന ക്ലാസ്സിന്റെ ഫെബ്രുവരി മാസത്തെ ക്ലാസുകൾ 8, 21 തീയതികളിൽ നടത്തപ്പെട്ടു.

**മുട്ടുചിറ മേഖല കൗൺസിൽ**

ഡിസിഎംഎസ് മുട്ടുചിറ മേഖലയുടെ മേഖല കൗൺസിൽ ജനുവരി 26-നു മുട്ടുച്ചിറയിൽ വച്ച് നടത്തപ്പെട്ടു. മുട്ടുചിറ മേഖലാ പ്രസിഡന്റ് ശ്രീ. വി. വി. തോമസിൻറെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിനു മേഖലാ കമ്മിറ്റി അംഗം ശ്രീ. ബിനോയ് ജോൺ സ്വാഗതം അർപ്പിച്ചു. തുടർന്ന് മേഖലാ സെക്രട്ടറി ശ്രീമതി. മേഴ്സി സെബാസ്റ്റ്യൻ റിപ്പോർട്ട് അവതരിപ്പിക്കുകയും മേഖലാ പ്രസിഡന്റ് വി. വി. തോമസ് അധ്യക്ഷപ്രസംഗം നടത്തി. തുടർന്ന് രൂപതാ സെക്രട്ടറി ശ്രീ. ജോണി പരമല ചർച്ച നയിക്കുകയും രൂപതാ ഓർഗനൈസർ ശ്രീ. പി.ഒ. പീറ്റർ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു വിവിധ ഇടവകളിൽ നിന്നുമെത്തിയ മേഖലാ കൗൺസിലർമാർക്കു മുട്ടുചിറ യൂണിറ്റ് പ്രസിഡന്റ് ശ്രീ. ഒ.ജെ. ജോൺ കൃതജ്ഞത ആർപ്പിക്കുകയും, സ്നേഹവിരുന്നോടെ കൗൺസിൽ അവസാനിക്കുകയും ചെയ്തു

**One-month Intensive Training Programme On Building Leadership in the New Generation**

പാല രൂപത ഡി.സി.എം.എസ് രൂപതാ കമ്മിറ്റിയുടെയും XIME മാനേജ്മെൻറ് ട്രെയിനിങ് ഇൻസ്റ്റിട്യൂട്ടിന്റെയും നേതൃത്വത്തിൽ, ഏതെങ്കിലും പ്രൊഫഷണൽ കോഴ്സ് അല്ലെങ്കിൽ ബിരുദാനന്തരബിരുദം പൂർത്തിയാക്കിയ വർക്കായി ജോലി നേടുവാനും ജീവിതത്തിൽ ഉന്നതിയിലെത്തിച്ചേരുന്നതിനുമായി സഹായിക്കുന്ന, ഒരുമാസം നീണ്ടു നിൽക്കുന്ന ട്രെയിനിംഗ് പ്രോഗ്രാം കേരളത്തിലെ വിഖ്യാതമായ മാനേജ്മെൻറ് ട്രെയിനിങ് സ്ഥാപനമായ XIME ന്റെ (Xavier Institute of Management and Enterpernurship) സഹായത്തോടെ സംഘടിപ്പിക്കുന്നു. ആത്മവിശ്വാസം വളർത്തൽ, നൈപുണ്യവികസനം, അഭിമുഖ പരിശീലനം ഇംഗ്ലീഷിൽ സംസാരിക്കാനുള്ള കഴിവ് (confidence building,English speaking skills, skill development, interview skills) തുടങ്ങിയ മേഖലകളിൽ വിദഗ്ദ്ധരായ

വ്യക്തികൾ ട്രെയിനിംഗ് നൽകുന്നതാണ്. ദളിത് കത്തോലിക്ക വിദ്യാർത്ഥികൾക്കായി തികച്ചും സൗജന്യമായി നടത്തുന്ന ഈ ട്രെയിനിംഗ് പ്രോഗ്രാം എല്ലാ ദളിത് കത്തോലിക്കർക്കും പങ്കെടുക്കാവുന്നതാണ്. വളരെ പ്രയോജനം ചെയ്യുന്ന ഈ ട്രെയിനിംഗ് പ്രോഗ്രാം പരമാവധി ഉപയോഗിക്കാൻ എല്ലാവരും ശ്രമിക്കണം. മാർച്ച് 19 മുതൽ ഏപ്രിൽ 18 വരെ നടക്കുന്ന ഈ പ്രോഗ്രാം എറണാകുളത്തു കളമശ്ശേരിയിൽ XIME ട്രെയിനിങ് സെൻററിൽ ആണ് നടക്കുന്നത്.

**ഉദ്യോഗസ്ഥർ- ഉദ്യോഗാർത്ഥികളുടെ മീറ്റിംഗ് നടത്തി**

പാലാ രൂപതാ ദലിത് കത്തോലിക്കാ ഉദ്യോഗസ്ഥർ ഉദ്യോഗാർത്ഥികൾ എന്നിവർക്കുവേണ്ടിയുള്ള മീറ്റിംഗ് ഫെബ്രുവരി 21-നു പാലാ സെൻറ് തോമസ് ഹൈസ്കൂളിൽ വച്ച് നടത്തപ്പെട്ടു. ഡി.സി.എം.എസ് രൂപതാ ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അദ്ധ്യക്ഷത വഹിച്ച യോഗത്തിനു ശ്രീ. സദീപ് കെ.പി. സ്വാഗതം ആശംസിച്ചു. ഫോറത്തിന്റെ കൺവീനർ ശ്രീ. ദിനേശ് മുയറ്റിൽ വിഷയാവതരണം നടത്തി. ഫാ. ജോസ് വടക്കേക്കുറ്റ് അദ്ധ്യക്ഷപ്രസംഗം നടത്തി. വിവിധ ജോലി സാദ്ധ്യതകൾ, അവ നേടുന്നതിനാവശ്യമായ പരിശീലനം നേടുന്നതിന്റെ ആവശ്യകത, സംഘടനാ പ്രവർത്തനങ്ങൾ എന്നിവയെ കുറിച്ച് സംസാരിച്ചു. ശ്രീ. പി. ഒ. പീറ്റർ, ബേബി പാറയ്ക്കൽ എന്നിവർ ആശംസ അർപ്പിച്ചു. രൂപതാ ജോയിൻറ് സെക്രട്ടറി ശ്രീമതി ബിജി സാലസ് കൃതജ്ഞത അർപ്പിച്ചു.

**മാതാപിതാക്കളുടെ മീറ്റിംഗ് നടത്തി**

പാല രൂപത ഡി.സി.എം.എസ് കുട്ടികൾക്കായി നടത്തിവരുന്ന സിവിൽ സർവീസ് പരിശീലന ക്ലാസ്സിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കളുടെ മീറ്റിംഗ് ഫെബ്രുവരി 21-ന് നടത്തപ്പെട്ടു. രൂപതാ ഓർഗനൈസർ പി.ഒ. പീറ്റർ അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിന് ശ്രീമതി ബിന്ദു സെബാസ്റ്റ്യൻ സ്വാഗതം അർപ്പിച്ചു ശ്രീ. ജോർജ് കരുണക്കൽ മുഖ്യ പ്രഭാഷണം നടത്തിയ മീറ്റിംഗിന് ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആശംസ നേർന്നു രൂപതാ ജോയിൻറ് സെക്രട്ടറി ശ്രീമതി ബിജി സാലസ് കൃതജ്ഞത അർപ്പിച്ചു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

# കെയർ ഹോംസ്

**1. കെയർഹോംസ് പൊതുയോഗം നടത്തി**

കെയർഹോംസിന്റെ പൊതുയോഗം ഫെബ്രുവരി 6-ാം തീയതി ഉച്ചക ഴിഞ്ഞ് 2 മണിക്ക് ഷാലോമിൽ വച്ച് നടത്തി. കെയർ ഹോംസിന്റെ കാരുണ്യ നിധി സമ്മാനകൂപ്പൺ നറുക്കെടുപ്പ് നടത്തി. 55 ആകർഷക സമ്മാനങ്ങൾ വിത രണം ചെയ്തു.

**2. സമ്മാനാർഹരുടെ ലിസ്റ്റ്**

| | | |
|---|---|---|
| 1. | ശാന്തിഭവൻ, കൂത്താട്ടുകുളം | 3852 |
| 2. | സാൻജോസ് ഹോസ്റ്റൽ, ളാലം (എഫ്.സി.സി.) | 13476 |

| | | |
|---|---|---|
| 3. | കർമ്മലാരാം കോൺവെന്റ്, അരുണാപുരം | 12633 |
| 4. | ടി.പി. തോമസ് തുണ്ടത്തിൽ | 23483 |
| 5. | എസ്തേർ അമ്മോട്ടുകുന്നേൽ | 14412 |
| 6. | ദിയ കൃഷ്ണ | 31877 |
| 7. | സിയോൺ മജു | 9325 |
| 8. | ഫാ. ജോസഫ് ഫാത്തിമാപുരം | 34379 |
| 9. | അലീന വി. രഞ്ജിത്ത് വാക്കത്തിനാൽ | 11546 |
| 10. | ആഷിൽ തോമസ് ആശാഭവൻ | 31853 |
| 11. | ദിയ സജീവ് തിടനാട് | 22588 |
| 12. | ജയജയകുമാർ വെമ്പള്ളിൽ | 9661 |
| 13. | റിച്ചാർഡ് കുര്യൻ പൊടിമറ്റത്തിൽ | 8882 |
| 14. | എബി ജോസ് അയിലുകുന്നേൽ | 8856 |
| 15. | സി. കൃപാ മരിയ മണ്ണാറപ്പാറ | 31772 |
| 16. | അലീന വിജോയ് വെട്ടുകല്ലേൽ | 14590 |
| 17. | സി.എം.സി. കോൺവെന്റ്, രാമപുരം | 23238 |
| 18. | ജാസ്മിൻ റോഷൻ | 20669 |
| 19. | ജോഹൻ ജോർജ് | 22251 |
| 20. | ആൽബിൻ തോമസ് അറുനൂറ്റിമംഗലം | 14038 |
| 21. | ജോൺ വർക്കി സെന്റ് മേരീസ് കാരുണ്യഭവൻ | 1552 |
| 22. | സംയുക്ത പാലാ ഹോസ്റ്റൽ | 8679 |
| 23. | പ്രിയ കെ. ജോയി കൊഴുവനാൽ | 18515 |
| 24. | സോജൻ ജോസഫ് | 32951 |
| 25. | റീത്താ കരിയേഴത്ത് | 3423 |
| 26. | സെബിൻ സിബി | 11554 |
| 27. | ചിന്നമ്മ പി.സി. ദയാഭവൻ, രാമപുരം | 3441 |
| 28. | ജെറിൻ രാജു | 3442 |
| 29. | ട്രീസ | 6876 |
| 30. | സെന്റ് കോൺവെന്റ്, തോടനാൽ | 36129 |
| 31. | ഡൊമിനിക് ജോസഫ് | 19789 |
| 32. | സീന തോട്ടുവളപ്പേൽ | 20796 |
| 33. | ധന്യ ജോണി | 6012 |
| 34. | ലാർ കോൺവെന്റ്, വാക്കാട് | 13793 |
| 35. | ലൗലി ഓടയ്ക്കൽ, പൈക | 548 |
| 36. | ബിമൽ ബെന്നി | 14086 |
| 37. | ശ്രീകാന്ത് ബി. | 8198 |
| 38. | ജ്യോതി പബ്ലിക് സ്കൂൾ, പൂവരണി | 6216 |
| 39. | മദർ സ്നേഹസദൻ | 1660 |
| 40. | തോമസ് | 3322 |
| 41. | കുര്യൻ, കള്ളിവയിൽ | 9167 |
| 42. | എബി കൃഷ്ണൻ | 823 |
| 43. | ബേബി മാത്യു | 10165 |

| | | |
|---|---|---|
| 44. | നസീമ സി.സി.എം. | 10704 |
| 45. | ജ്യോതി പബ്ലിക് സ്കൂൾ, പൈക | 6349 |
| 46. | എഫ്.സി.സി. കോൺവെന്റ്, ചിറ്റാർ | 28238 |
| 47. | ബെന്നി | 37464 |
| 48. | ഗുഡ് ന്യൂസ് കോൺവെന്റ്, ചിറ്റാർ | 35997 |
| 49. | ഗീത സോമരാജൻ | 34230 |
| 50. | ജുവൽ പി. അനിൽ | 31767 |
| 51. | ഏലിയാസ് കെ. ജോസഫ് | 14026 |
| 52. | റോജൻ നോബിൾ | 4737 |
| 53. | ദിയ ചാർലി, കൊട്ടാരത്തിൽ | 9490 |
| 54. | ജോയിസ് മാത്യു | 14186 |
| 55. | ലീജിൻ ഹോം പാലാ | 35011 |

**3. കെയർ ഹോംസ് പാലാ രൂപത 5-ാമത് വാർഷികവും അവാർഡ് വിതരണവും നടത്തി.**

കെയർ ഹോംസ് പാലാ രൂപതയുടെ 5-ാമത് വാർഷികവും അവാർഡ് സമർപ്പണവും ഫെബ്രുവരി 8 ശനിയാഴ്ച രാവിലെ 9.30 മുതൽ 5.15 വരെ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടത്തി. രാവിലെ സമ്മേളനത്തിൽ പാലാ രൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് അധ്യക്ഷത വഹിച്ചു. പാലാ ഡി.വൈ.എസ്.പി. ഷാജിമോൻ ജോസഫ് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. കെയർ ഹോംസിന്റെ 2020 ലെ പുതിയ കലണ്ടർ പ്രകാശനം ചെയ്തു. സന്ന്യാസ സമർപ്പണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കെയർ ഹോംസിലെ മൂന്നു സിസ്റ്റേഴ്സിനെയും വിവാഹത്തിന്റെ 25-ാം ജൂബിലി ആഘോഷിക്കുന്ന ആനിക്കാട് സെന്റ് മേരീസ് ആശ്രമത്തിന്റെ ഡയറക്ടർ സിബി & സാലി ചെരുവിൽപുരയിടത്തെയും സമ്മേളനത്തിൽ ആദരിച്ചു.

**4. വിവിധ മേഖലകളിൽ പുരസ്കാരം കിട്ടിയവരെ ആദരിച്ചു.**

മോൺ. സെബാസ്റ്റ്യൻ വേത്താനം അനുഗ്രഹപ്രഭാഷണം നടത്തുകയും ബാൻഡ് സെറ്റ് മത്സരത്തിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പാലാ മുനിസിപ്പൽ കൗൺസിലർ മിനി പ്രിൻസ് തയ്യിൽ ആശംസ അർപ്പിച്ചു.

**5. കാരുണ്യസ്പർശം അവാർഡ്**

മികച്ച വിഭവ സമാഹരണം നടത്തിയ സ്കൂളുകൾക്ക് അവാർഡുകൾ സമ്മാനിച്ചു. മികച്ച കലാമത്സരവിജയികൾക്കുള്ള സമ്മാനങ്ങൾ റവ.ഫാ. ജോർജ് പുതിയാപറമ്പിൽ വിതരണം ചെയ്തു.

**6. സമാപന സമ്മേളനം**

ഉച്ചകഴിഞ്ഞ് നടന്ന സമാപന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് അധ്യക്ഷത വഹിച്ചു. ശ്രീ. ജോസ് കെ.മാണി എം.പി. സമ്മേളനം ഉദ്ഘാടനം ചെയ്തു. കെയർ ഹോംസിന്റെ പത്രവാർത്താ ബുള്ളറ്റിൻ ജനമൈത്രി സി.ആർ.ഒ. ബിനോയി തോമസ് പ്രകാശനം ചെയ്തു.

മികച്ച ജീവകാരുണ്യ പ്രവർത്തകർക്കുള്ള അവാർഡ് വിതരണം ചെയ്തു.

**ഗുഡ് സമിരിറ്റൻ അവാർഡ്**

1. സി. റീനാ സിറിയക് സി.എം.സി. കരിപ്പാക്കുടിയിൽ - ശാന്തിനിലയം സ്പെഷ്യൽ സ്കൂൾ, അന്തീനാട്
2. സി. പയസ് എസ്.എം.എസ്. - ബോയ്സ് ടൗൺ, പാലാ
3. സന്തോഷ് ജോസഫ് - മരിയസദനം, പാലാ
4. എം.വി. ജോർജ് - സന്മനസ് കൂട്ടായ്മ, പാലാ
5. ശ്രീമതി മേഴ്സി ജോസ് കുര്യൻ - ഗീതാ വില്ലേജ്, മൂലമറ്റം

**പൊതുസമൂഹത്തിൽനിന്നുള്ള അവാർഡ്**

ശ്രീ. ജോസഫ് കണ്ടനാട്ട് - ഇടനാട്

ശ്രീ. ബിനോയി തോമസ് സി.ആർ.ഒ. ജനമൈത്രി, പാലാ

**എക്സലൻസ് അവാർഡ്**

1. ബാലഭവൻ - ശാന്തിഭവൻ ബാലികാഭവൻ, അരുവിത്തുറ
2. സ്പെഷ്യൽ സ്കൂൾ - ശാലോം ഡി.സി.എം.ആർ. സ്പെഷ്യൽ സ്കൂൾ, പുലിയന്നൂർ
3. മാനസീകരോഗീ പരിചരണ സ്ഥാപനം - അസ്സീസി സ്നേഹഭവൻ, മൂലമറ്റം
4. ഓൾഡ് ഏജ് ഹോം - സെന്റ് റോക്കീസ് അസൈലം, പൂവരണി.

**10. യാത്രയയപ്പ് സമ്മേളനം**

കെയർ ഹോംസിന്റെ 5 വർഷത്തെ ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്തതിനുശേഷം സ്ഥലം മാറി പോകുന്ന ഫാ. സ്കറിയ വേകത്താനത്തിന് കെയർ ഹോംസ് സമിതിയുടെ യാത്രയയപ്പു നൽകി. സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവ് കെയർ ഹോംസിന്റെ ഉപഹാരം ഫാ. സ്കറിയ വേകത്താനത്തിനു സമ്മാനിച്ചു. പൊന്നാട അണിയിച്ച് ആദരിച്ചു.

**11. ജീവകാരുണ്യ ശുശ്രൂഷകരുടെ സംഗമം**

ഭാരതത്തിലെ ആദ്യത്തെ ഉബവിശാലയുടെ 150-ാം വാർഷികത്തിൽ ജീവകാരുണ്യ ശുശ്രൂഷകരുടെ സംഗമം കാരിത്താ-2020 കൈനക്കരി സെന്റ് മേരീസ് ദൈവാലയത്തിലും ചാവറ ജന്മഗൃഹത്തിലും വച്ച് നടന്നു. പാലാ രൂപതയിലെ വിവിധ ജീവകാരുണ്യ സ്ഥാപനങ്ങളിൽ നിന്നായി 50-ഓളം പേർ പങ്കെടുത്തു.

**സ്വീകരണം നടത്തി**

പാലാ രൂപത കെയർ ഹോംസ് ഡയറക്ടറായി സ്ഥാനമേറ്റ ഫാ. ജോർജ് നെല്ലിക്കുന്നു ചെരിവുപുരയിടത്തിന് ഷാലോമിലെ കെയർ ഹോംസിന്റെ ഓഫീസിൽ ഹൃദ്യമായ സ്വീകരണം നടത്തി. കെയർ ഹോംസ് പാലാ രൂപത വൈസ് പ്രസിഡന്റ് സിബി ജോസഫ് ചെരുവിൽപുരയിടവും വിവിധ സ്ഥാപനാധികാരികളും സന്നിഹിതരായിരുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. യാത്രയയപ്പും സ്വീകരണവും നടത്തി**

കെ.എൽ.എം. മുൻ ഡയറക്ടർ ഫാ. സ്കറിയ വേകത്താനത്തിന് യാത്ര യയപ്പ് നൽകുകയും കെ.എൽ.എം. ന്റെ പുതിയ സാരഥിയായി ചാർജ്ജെടുത്ത ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിന് ഷാലോമിലെ കെ.എൽ.എം. ഓഫീസിലേയ്ക്ക് ഹൃദ്യമായ സ്വീകരണം നടത്തുകയും ചെയ്തു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**1. വേളാങ്കണ്ണി തീർത്ഥാടനം**

ലഹരി വിമുക്തജീവിതം നയിക്കുന്നവരേയും അവരുടെ കുടുംബാം ഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് ജനുവരി 31-ാം തീയതി വൈകുന്നേരം 5 മണിക്ക് അഡാർട്ടിൽനിന്നും വേളാങ്കണ്ണിയിലേയ്ക്ക് തീർത്ഥയാത്ര നടത്തി. 94 പേർ പങ്കെടുത്തു. ഫെബ്രുവരി 1-ാം തീയതി രാവിലെ 6 മണിക്ക് തീർത്ഥാടക സംഘം അഡാർട്ടിൽ തിരിച്ചെത്തി.

**2. ആത്മവിശുദ്ധീകരണധ്യാനം**

ലഹരിവിമുക്തരായവർക്കും കുടുംബാംഗങ്ങൾക്കുമായി ഫെബ്രുവരി 21,22,23 തീയതികളിൽ അഡാർട്ടിൽ വച്ച് ആത്മവിശുദ്ധീകരണധ്യാനം നടത്തി. റവ.ഡോ. തോമസ് പാറക്കൽ, ഫാ. മാത്യു പുതിയിടത്ത്, രവി തോമസ്, എൻ. എം. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം വഹിച്ചു.

**3. മദ്യനിരോധനസമിതി കോട്ടയം ജില്ലാ ജാഥ**

ഫാ. വർഗീസ് മുഴുത്തേറ്റ്, ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻമാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ മദ്യനിരോധനസമിതി ദക്ഷിണ മേഖല നടത്തിയ മേഖലാജാഥാ ഫെബ്രുവരി 14-ാം തീയതി 9 മണിക്ക് പാലായിൽ അഡാർട്ട് ഡയറക്ടർ ഫാ. മാത്യു പുതിയിടത്ത് ഉദ്ഘാടനം ചെയ്തു. ഭരണങ്ങാനം, ഈരാറ്റുപേട്ട, കാഞ്ഞി രപ്പള്ളി, കൊടുങ്ങൂർ, പാമ്പാടി, കറുകച്ചാൽ, പുതുപ്പള്ളി, മണിർക്കാട് വഴി കോട്ട യത്ത് എത്തിച്ചേർന്ന ജാഥയുടെ സമാപനയോഗം ഡോയ യൂഹാനോൻ മാർ ദിയാസ്ക്കോറസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു.

**4. പി.റ്റി.എ യും വാർഷികവും**

ഫെബ്രുവരി 25-ാം തീയതി കടനാട് സെന്റ് സെബാസ്റ്റ്യൻസ് എച്ച്.എസ്.എ സ്. ലെ വാർഷിക യോഗത്തിൽ അഡാർട്ട് പ്രോജക്ട് ഡയറക്ടർ എൽ.എം. സെബാസ്റ്റ്യൻ മദ്യമയക്കമരുന്നിന്റെ ഭരണത്തെപ്പറ്റിയും സ്കൂൾ കോളേജ് വിദ്യാർത്ഥികൾ ലഹരിയിലേയ്ക്ക് ആകർഷിക്കപ്പെടുന്നതിന്റേയും വിവിധ വശ ങ്ങളെപ്പറ്റി ക്ലാസ്സെടുത്തു.

**5. ഹയർസെക്കൻഡറി, കോളേജ് അദ്ധ്യാപകർക്ക് ട്രെയിനിംഗ്**

കേന്ദ്ര ഗവൺമെന്റീന്റെ നിർദ്ദേശാനുസരണം സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടെ ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപകർക്കും ഫെബ്രുവരി 26-27 തീയതികളിൽ അഡാർട്ടിൽ വച്ച് ലഹരി ആസക്തി -നിവാരണ മാർഗ്ഗത്തെപ്പറ്റി ട്രെയിനിംഗ് നടത്തി. 30 അദ്ധ്യാപകർ പങ്കെടുത്തു. ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനകർമ്മം രൂപതാ കോർപ്പറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം നിർവ്വഹിച്ചു.

**6. പോലീസ് സേനയ്ക്ക് ട്രെയിനിംഗ്**

കോട്ടയം ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കുവേണ്ടി ലഹരി ആസക്തിയും പ്രശ്നങ്ങളും എന്ന വിഷയത്തെപ്പറ്റി കേന്ദ്ര വഗവൺമെന്റിന്റെ നിർദ്ദേശപ്രകാരം സംസ്ഥാന ഗവൺമെന്റിന്റെ സഹകരണത്തോടെ ആർ.ആർ.ടി.സി. സൗത്ത് സെക്കന്റ് ചങ്ങനാശ്ശേരിയിൽ വച്ച് നടത്തിയ ട്രെയിനിംഗ് പ്രോഗ്രാമിൽ ഫെബ്രുവരി 28-ാം തീയതി അഡാർട്ട് പ്രോജക്ട് ഡയറക്ടർ ക്ലാസ്സെടുത്തു.

**6. മദ്യപകർക്കായി ധ്യാനം**

കുന്നന്താനം ധ്യാനകേന്ദ്രത്തിൽ വച്ച് മദ്യപകർക്കായി നടത്തിയ ഒരാഴ്ചത്തെ ധ്യാനത്തിൽ ഫെബ്രുവരി 28-ാം തീയതി ഉച്ചയ്ക്ക് 2 മുതൽ 4 വരെയും എൽ.എം. സെബാസ്റ്റ്യൻ ലഹരി ആസക്തിരോഗം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സെടുത്തു. 20 പേർ കുടുംബസമേതം പങ്കെടുത്തു.

**7. ജയിൽ മിനിസ്ട്രി**

ജയിൽ മിനിസ്ട്രി പാലാ യൂണിറ്റിന്റെ പ്രാർത്ഥനാകൂട്ടായ്മ ഫെബ്രുവരി 2-ന് അഡാർട്ടിൽ വച്ചും മുട്ടം യൂണിറ്റിന്റെ കൂട്ടായ്മ മുട്ടം ടൗൺ ചാപ്പലിൽ വച്ചും നടത്തി.

ഫെബ്രുവരി 8-ാം തീയതി വേഴങ്ങാനം ഇടവക വികാരി ഫാ. ജോർജ് കാവുംപുറം പാലാ സബ് ജയിലിൽ പ്രാർത്ഥനാശുശ്രൂഷ നടത്തി പ്രവിത്താനം ഇടവകയിലെ യുവജനങ്ങൾ കാലാപരിപാടികൾ അവതരിപ്പിച്ചു.

ഫെബ്രുവരി 22-ന് ഇടുക്കി ജില്ലാ ജയിലിൽ (മുട്ടം), അരുവിത്തുറ എഫ്.സി.സി. പ്രൊവിൻസിലെ ജൂണിയർ സിസ്റ്റേഴ്സ് വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ഫാ. മാത്യു പുതിയിടത്ത് പ്രാർത്ഥനകൾക്ക് നേതൃത്വം വഹിച്ചു.

**8. സാരഥി**

അരുണാപുരം യൂണിറ്റിന്റെ മൂന്നാമത് വാർഷികം അരുണാപുരം അൽഫോൻസാ ഹോസ്റ്റലിൽ വച്ച് നടത്തി. ഫാ. മാത്യു പുതിയിടത്ത് അദ്ധ്യക്ഷത വഹിച്ചു. പാലാ മുനിസിപ്പൽ ചെയർപേഴ്സൺ ശ്രീമതി മേരി ഡൊമിനിക് ഉദ്ഘാടനം ചെയ്തു. സിസ്റ്റർ ബന്നറ്റ് എഫ്.സി.സി. നേതൃത്വം വഹിച്ച പ്രോഗ്രാമിൽ പ്രൊവിൻഷ്യൽ സി. ഡോ. ഗ്രേയ്സ് മുണ്ടപ്ലാക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. യൂണിറ്റ് മീറ്റിംഗുരൾ നടന്നുവരുന്നു.

**ഫാ. മാത്യു പുതിയിടത്ത്** (ഡയറക്ടർ)

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2019 ന്റെ സമ്മാനങ്ങൾ അരുണാപുരം പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന ബൈബിൾ അപ്പസ്തോലേറ്റിന്റെ വാർഷികത്തിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് വിതരണം ചെയ്തു.

അടുത്ത വർഷത്തെ ലോഗോസ് ക്വിസ് (2020) ഒരുക്കങ്ങൾ ഇപ്പോഴേ ആരംഭിക്കാം. പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന ബൈബിൾ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു.

**കൊറിയാന**

ബൈബിൾ അപ്പസ്തോലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിച്ച കൊറിയാനയുടെ കോപ്പികൾ (ഒരു വർഷംകൊണ്ട് ബൈബിൾ വായിക്കുവാൻ സഹായിക്കുന്ന പുസ്തകം) ഓഫീസിൽ ലഭ്യമാണ്.

NB: ലോഗോസ് ക്വിസ് 2019 ന്റെ സമ്മാനങ്ങൾ കൈപ്പറ്റാത്തവർ എത്രയും വേഗം ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.

**ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**1. ഉപവാസമദ്ധ്യസ്ഥ പ്രാർത്ഥന കത്തീഡ്രലിൽ**

ഈ മാസം 7,14,21,28 തീയതികളിൽ പാലാ കത്തീഡ്രലിൽ വച്ച് രാവിലെ 9 മണി മുതൽ 3 വരെ ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. റവ.ഫാ. ജോസ് വെള്ളാച്ചേരി OFM Cap, ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, സി. റോസിറ്റ് എസ്. എച്ച്. മൂലമറ്റം, ബ്രദർ പയസ് വടക്കേമുറി, ഇവാഞ്ചലൈസേഷൻ ടീമംഗങ്ങൾ തുടങ്ങിയവർ നേതൃത്വം നൽകി.

**2. സെൽ പ്രാർത്ഥന ഷാലോമിൽ**

ഈ മാസം 3,10,17,24 തീയതികളിൽ ഷാലോമിൽ വച്ച് വൈകുന്നേരം 4 മണി മുതൽ 5.30 വരെ സെൽ പ്രാർത്ഥനാ നടത്തി. ഇവാഞ്ചലൈസേഷന്റെയും കരിസ്മാറ്റിക്സിന്റെയും ജീസസ് യൂത്തിന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടി മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു. ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, ജെയിംസ് മാറാട്ടുകുളം, തങ്കച്ചൻ ശ്രാമ്പിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**3. മദ്ധ്യസ്ഥപ്രാർത്ഥന ഷാലോമിൽ**

ഈ മാസം 3,4,5,6,10,11,12,13,17,18,19,20,24,25,26,27 തീയതികളിൽ പാലാ ഷാലോമിൽ വച്ച് രാവിലെ 10 മണി മുതൽ 3 വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. രൂപതയ്ക്കുവേണ്ടിയും സഭയുടെ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടിയും കരിസ്മാറ്റിക്സിന്റെയും ഇവാഞ്ചലൈസേഷന്റെയും പ്രവർത്തനങ്ങൾക്കുവേണ്ടിയും മാദ്ധ്യസ്ഥം വഹിച്ച് പ്രാർത്ഥിച്ചു.

**4. ഇവാഞ്ചലൈസേഷൻ മിനിസ്ട്രി കൂട്ടായ്മ**

രൂപതയിൽ പ്രവർത്തിക്കുന്ന കോളനി, ആശുപത്രി, ജയിൽ, മദ്യപാനം, മദ്ധ്യസ്ഥ പ്രാർത്ഥന, ആത്മഹത്യയ്ക്കെതിരെയുള്ള മിനിസ്ട്രികളിൽ പ്രവർത്തിക്കുവാൻ ഈ മാസം 13-ാം തീയതി രാവിലെ 9.30 മുതൽ 1 വരെ ഷാലോമിൽ വച്ച് ഡയറക്ടർ വിൻസെന്റച്ചന്റെ അദ്ധ്യക്ഷതയിൽ കൂടി കഴിഞ്ഞ മാസം പ്രവർത്തിച്ച കാര്യങ്ങൾ അവതരിപ്പിക്കുകയും അടുത്ത മാസം പ്രവർത്തിക്കേണ്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാനിക്കുകയും ചെയ്തു. ബ്രദർ റ്റോമി കടനാട് വടനം പങ്കുവയ്ക്കുകയും ചെയ്തു. മിനിസ്ട്രികളിൽ പ്രവർത്തിക്കുന്നവർ ഈശോയ്ക്കുവേണ്ടി എന്നതുപോലെ ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് അച്ചൻ ഒർമ്മിപ്പിച്ചു. തങ്കച്ചൻ ശ്രാമ്പിക്കൽ, സോണിയ ചെറ്റകാരിക്കൽ തുടങ്ങിയവർ നേതൃത്വം നൽകി.

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

**1. വചനദീപ്തി ധ്യാനം**

പാലാക്കാട് ലിറ്റിൽ ഫ്ളവർ ദൈവാലയത്തിൽ ഫെബ്രുവരി 6-ാം തീയതി വ്യാഴാഴ്ചയും മീനച്ചിൽ സെന്റ് ആന്റണീസ് ദൈവാലയത്തിൽ 7-ാം തീയതി വെള്ളിയാഴ്ചയും വചനദീപ്തി തുടർധ്യാനം നടത്തപ്പെട്ടു. പാലാക്കാട് ദൈവാലയത്തിൽ ബ്രദർ സാബു കോഴിക്കോട്ട് മീനച്ചിൽ ദൈവാലയത്തിൽ റവ.ഫാ. ജോസ് വാലംചേരിൽ തോംസുകുട്ടി OFM Cap. വചനശുശ്രൂഷ ആരാധനയും നയിച്ചു.

**2. ഇടവകതലത്തിൽ വചനശുശ്രൂഷയും ആരാധനയും**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിൽ ഇടവക വികാരിമാർ ആവശ്യപ്പെടുന്നതനുസരിച്ച് വചനശുശ്രൂഷയും ആരാധനയും കരിസ്മാറ്റിക് ടീം അംഗങ്ങളുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. ഫെബ്രുവരി 14-ാം തീയതി വെള്ളിയാഴ്ച അന്ത്യാളം ഇടവകയിലും ബ്രദർ ചാക്കോട്ട് ശൗര്യാംകുഴിയും രാമപുരം കരിസ്മാറ്റിക് സബ് സോൺ 8-ാം തീയതി 27-ാം ശനിയാഴ്ച പ്രോഗ്രാമിൽ ബ്രദർ വിൻസെന്റ് പിറവവും കുട്ടികൾക്കായി ലിസിമോൾ കുരിശുമൂട്ടിൽ വചനശുശ്രൂഷയും സൗഖ്യപ്രാർത്ഥനയും നയിച്ചു.

**3. വരദാന മദ്ധ്യസ്ഥപ്രാർത്ഥന ഫൊറോനാതലത്തിൽ**

വരദാന മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഫൊറോനാതല ശുശ്രൂഷകൾ സോണൽ സേവനസമിതിയുടെ നേതൃത്വത്തിൽ രാമപുരം, തുടങ്ങനാട്, തീക്കോയി, കൂട്ടിയ്ക്കൽ, ഇലഞ്ഞി, കോതനെല്ലൂർ, മുട്ടുചിറ, കുറവിലങ്ങാട്, മൂലമറ്റം എന്നീ ഫൊറോനാകൾ കേന്ദ്രീകരിച്ച് നടത്തപ്പെട്ടു. സബ് സോൺ സേവനസമിതി അംഗങ്ങളും ഇടവകതലപ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങളും പങ്കെടുത്തു.,

**4. ജീസസ് ഏയ്ഞ്ചൽസ് ഫോർമേഷൻ പ്രോഗ്രാം**

നമ്മുടെ രൂപതയിലെ വിവിധ ഇടവകകളിലെ കുട്ടികളെ ക്രൈസ്തവ വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുന്നതിനായി ഉടമകൾ കേന്ദ്രീകരിച്ച് കുട്ടികൾക്കായി ഏകദിന വചനശുശ്രൂഷയും തിരുവചനകളരി എന്നിവ നടത്തപ്പെടുന്നു. ഫെബ്രുവരി മാസത്തിൽ രാമപുരം മുണ്ടാങ്കൽ, ഇടപ്പാടി, ഇല്ലിയാനി, പൂഞ്ഞാർ, സിബിഗിരി, കാക്കൊമ്പ്, പൂവത്തോട്, പൈക, പാദുവ എന്നീ ഇടവകകളിൽ ശുശ്രൂഷ നടത്തപ്പെട്ടു. റവ.ഫാ. തോമസ് ഓലായത്തിൽ, സി. ദീപ്തി, സി. സ്റ്റാർലെറ്റ്, ബ്രദർ ജോസ് മാത്യു, ബ്രദർ സിബി, ബെയ ജോജറ്റ് എന്നിവർ വചനശുശ്രൂഷകൾക്കും ആരാധനകൾക്കും നേതൃത്വം നൽകി. പരീക്ഷ ഒരുക്ക പ്രാർത്ഥനയും നടത്തപ്പെട്ടു.

**5. രാത്രി ആരാധന**

രൂപതാ സേവനസമിതിയുടെ നേതൃത്വത്തിൽ മാസാവസാന ശനിയാഴ്ചകളിൽ ഭരണങ്ങാനം സെന്റ് അൽഫോൻസാ തീർത്ഥാടന ദൈവാലയത്തിൽ വച്ച് നടന്നുവരുന്ന രാത്രി ആരാധന പ്രത്യേകമായി ഈ വർഷം പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികൾക്കായി പരീക്ഷ ഒരുക്ക പ്രാർത്ഥനയും ദൈവകൃപശുശ്രൂഷയും ഫെബ്രുവരി 29-ാം തീയതി ശനിയാഴ്ച 7 മണിക്ക് വി. കുർബാനയോടുകൂടി ആരംഭിച്ചു. മാർച്ച് 1-ാം തീയതി വെളുപ്പിന് 4 മണിക്ക് വി. കുർബാനയോടുകൂടി അവസാനിച്ചു. റവ.ഫാ. തോമസ് കടുത്താനം ഒ.സി.ഡി. വചനശുശ്രൂഷയും ആരാധനയും നയിച്ചു. റവ.ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, റവ.ഫാ. ജോസ് വള്ളോംപുരയിടം (റെക്ടർ വി. അൽഫോൻസാ തീർത്ഥാടനകേന്ദ്രം) കരിസ്മാറ്റിക് ടീമംഗങ്ങൾ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**6. സോണൽ സേവന സമിതി 2020-2022**

പുതുതായി തിരഞ്ഞെടുക്കപ്പെട്ട സോണൽ സേവന സമിതിയുടെ പരിശീലനവും അഭിഷേക പ്രാർത്ഥനയും ഫെബ്രുവരി 11,12 തീയതികളിൽ കരിസ്മാറ്റിക് സേവനസമിതിയുടെ സെൻട്രൽ ഓഫീസായി പ്രവർത്തിക്കുന്ന എമ്മാവൂസ് കളമശ്ശേരിയിൽ വച്ച് നടത്തപ്പെട്ടു. കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ വൈസ് ചെയർമാൻ സാമുവേൽ മാർ എറേനിയാസ് പിതാവിന്റെ കൈവെപ്പ് ശുശ്രൂഷയും അനുഗ്രഹപ്രാർത്ഥനയും നടത്തപ്പെട്ടു. തുടർന്ന് പിതാവ് പാലാ സോണൽ കോർഡിനേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട സണ്ണി വാഴയിലിന് കത്തിച്ച തിരി കൈമാറി കൊണ്ട് 2020-22 സേവനവർഷം പ്രവർത്തനത്തിന് അനുഗ്രഹാ യുസ്സുകൾ നേർന്നു. നമ്മുടെ രൂപതയിലെ മുഴുവൻ സേവനസമിതി അംഗങ്ങളും 2 ദിവസത്തെ സേവന സമിതി പരിശീലനപരിപാടിയിലും പങ്കെടുത്തു.

**7. പുതുതായി തിരഞ്ഞെടുക്കപ്പെട്ട സേവനസമിതി അംഗങ്ങൾ അവരുടെ ചുമതലകളും താഴെ കൊടുക്കുന്നു.**

കോ-ഓർഡിനേറ്റർ - സണ്ണി വാഴയിൽ കാവുംകണ്ടം

സെക്രട്ടറി - ജോൺസൺ തടത്തിൽ രാമപുരം

ട്രഷറർ - ജോർജുകുട്ടി ഞാവള്ളിൽ

മിനിസ്ട്രി ചുമതലകൾ, ശുശ്രൂഷ ചുമതലകൾ

1. ലോർഡ് കപ്പിൾസ് വചനദീപ്തിധ്യാനം -
സണ്ണി വാഴയിൽ കാവുംകണ്ടം PH: 9446756641
2. ക്രിസ്റ്റിൻ - ബിയ ജോർജ്, പൂഞ്ഞാർ PH: 9495871557
3. മദ്ധ്യസ്ഥപ്രാർത്ഥന വെള്ളിയാഴ്ച കത്തീഡ്രലിൽ ശുശ്രൂഷ -
മാത്യുകുട്ടി താന്നിയ്ക്കൽ മീനച്ചിൽ PH: 9447037114
4. ജീസസ് യൂത്ത് -
ലിൻസിമോൾ കുരിശുംമൂട്ടിൽ, മുണ്ടാടൻ PH: 9400203219
5. കെറിഗ്മ കോളനി വചനശുശ്രൂഷ വെള്ളിയാഴ്ച കത്തീഡ്രൽ ശുശ്രൂഷ -
ജോയിസ് അബ്രാഹം കൊഴുവനാൽ PH: 9400769221
6. മരിയൻ സിംഗിൾസ് തൂവാനിസാ -
ലില്ലിക്കുട്ടി ജോസ് മൂഴൂർ PH: 9544191895
7. പാരിഷ് മിനിസ്ട്രി വചനദീപ്തി ധ്യാനം ആദ്യശനി കരിസ്മാറ്റിക് കൂട്ടായ്മ -
ശാലോം ജോൺസൺ കടക്കിൽ, രാമപുരം PH: 9477804527
8. ഫിനാൻസ് കൗൺസിൽ ഹിന്ദികൂട്ടായ്മ സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രം രാത്രി ആരാധന - ജോർജുകുട്ടി ഞാവള്ളിൽ പാലാ PH: 9846644085
9. ജീവജാല കൗൺസിൽ സെന്റ് അൽഫോൻസാ തീർത്ഥാടനകേന്ദ്രം രാത്രി ആരാധന - വിൻസൺ ജോസഫ്-അന്തീനാട് PH: 9447227158
10. എൽഡേഴ്സ് മിനിസ്ട്രി കരിസ്മാറ്റിക് ഫോർമേഷൻ -
സണ്ണി പള്ളിവാതുക്കൽ PH: 8848329174

**8. സേവനസമിതി അംഗങ്ങളെ ചുമതലപ്പെടുത്തിയിരിക്കുന്ന സബ് സോണുകൾ**

1. സണ്ണി വാഴയിൽ - കുറവിലങ്ങാട് സബ്സോൺ
2. ജോൺസൺ തടത്തിൽ - കോതനെല്ലൂർ സബ്സോൺ, മുട്ടുചിറ സബ്സോൺ
3. ജോർജുകുട്ടി ഞാവള്ളിൽ - ഇലഞ്ഞി, രാമപുരം
4. ബിയ ജോജറ്റ് - അരുവിത്തുറ, തീക്കോയി
5. വിൽസൺ ജോസഫ് - തുടങ്ങനാട്, മൂലമറ്റം
6. ലിൻസിമോൾ കുരിശുംമൂട്ടിൽ - ചേർപ്പുങ്കൽ, ഭരണങ്ങാനം
7. ലില്ലിക്കുട്ടി ജോസ് - പ്രവിത്താനം, കടനാട്
8. മാത്യുകുട്ടി താന്നിക്കൽ - കൂട്ടിക്കൽ, പൂഞ്ഞാർ
9. ജോസി അബ്രാഹം - പാലാ എ & ബി
10. സണ്ണി പള്ളിവാതുക്കൽ - കടുത്തുരുത്തി

**ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ (ഡയറക്ടർ)**

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

ജനുവരി ഇരുപത്തഞ്ചാം തിയതി ശനിയാഴ്ച രാവിലെ 8.30 മുതൽ 2.30 വരെ ഡയറക്ടർ ഫാ. തോമസ് വാഴചാരിയ്ക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ് തെരുവിൽ എന്നിവരുടെ നേതൃത്വത്തിൽ ഏകദിന ദൈവരാജ്യാനുഭവശുശ്രൂഷ നടത്തപ്പെട്ടു. ഫെബ്രുവരി രണ്ടാം തിയതി മുതൽ എട്ടാം തിയതി വരെ നടത്തപ്പെട്ട ദൈവരാജ്യാനുഭവധ്യാനത്തിൽ ഡയറക്ടർ, അസി. ഡയറക്ടർ എന്നിവർക്കൊപ്പം, ഫാ. ജോർജ് വയലിൽകളപ്പുര CMI, ഫാ. സെബാസ്റ്റ്യൻ തോട്ടുങ്കൽ OFM Cap., ഫാ. ചെറിയാൻ മൂലയിൽ, ഫാ. മാത്യു കുരിശുംമൂട്ടിൽ, ഫാ. ജോസഫ് തെരുവിൽ, ഫാ. മാത്യു പിണക്കാട്ട്, ഫാ. റിന്റു മണ്ണൂർ OFM Cap., അഡ്വ. സെബി ചെറിയാൻ വിലങ്ങുപാറ, സി. റോസിലി കുറിച്ച്യാപറമ്പിൽ ASI, സണ്ണി മാന്നാത്ത്, ജോസ് ടോം കാടൻകാവിൽ, ബിനി കലൂർ, മനോജ് വാഗമൺ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. മൗണ്ട് നെബോയിൽ അടുത്ത ദൈവരാജ്യാനുഭവധ്യാനങ്ങൾ മാർച്ച് എട്ട് മുതൽ പതിനാല് വരെയും, ഏപ്രിൽ ഇരുപത്താറു മുതൽ മെയ് രണ്ടു വരെയും. ബുക്കിംഗിന്: 9847472522, 9747252227, 9447488624.

മൗണ്ട് നെബോ ശുശ്രൂഷകളുടെ പുതിയ സംരംഭമായി ആരംഭിച്ചിരിക്കുന്ന ദൈവരാജ്യത്തിന്റെ രഹസ്യങ്ങൾ എന്ന ലഘുപുസ്തകപരമ്പരയിലെ അഞ്ചും ആറും പുസ്തകങ്ങൾ - സാത്താനിക അതിപ്രസരം നമുക്കുചുറ്റും, അവൻ വചനംകൊണ്ട് അശുദ്ധാത്മാക്കളെ പുറത്താക്കി - പ്രസിദ്ധീകരിച്ചു. മൗണ്ട് നെബോയ്ക്ക് പുറമേ, പാലാ സെന്റ് തോമസ് ബുക്ക് സ്റ്റാൾ, പാലാ ഡിവൈൻ മേഴ്സി ബുക്ക്സ്റ്റാൾ എന്നിവിടങ്ങളിൽ പുസ്തകങ്ങൾ ലഭ്യമാണ്. പ്രസ്തുത പുസ്തകങ്ങളും തുടർപുസ്തകങ്ങളും ക്രമമായി തപാൽവഴി ലഭിക്കുന്നതിന് 9947114491, 9947114492 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)
**ഫാ. ജോർജ് തെരുവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായ സഭ

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത സമിതി ഭാരവാഹികൾ സ്പിരിച്ച്വൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM Cap ന്റെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാക്കൻമാരായ മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജേക്കബ് മുരിക്കൻ എന്നിവരെ 2020 ഫെബ്രുവരി 4-ാം തീയതി ചൊവ്വാഴ്ച രാവിലെ മെത്രാസനമന്ദിരത്തിൽ സന്ദർശിച്ചു. ഫ്രാൻസിസ്കൻ അൽമായ സഭയുടെ യൂണിറ്റ്, റീജിയൻ രൂപത തലങ്ങളിലുള്ള പ്രവർത്തനങ്ങളെക്കുറിച്ചും പുതിയ കർമ്മപദ്ധതികളെക്കുറിച്ചും അഭിവന്ദ്യ പിതാക്കന്മാരോട് വിശദീകരിച്ചു. രൂപതയിലെ എല്ലാ ഇടവകകളിലും ഫ്രാൻസിസ്കൻ അൽമായസഭയുടെ യൂണിറ്റുകൾ സ്ഥാപിക്കേ

ണ്ടത് കാലഘട്ടത്തിന്റെ ആവശ്യാമാണെന്നും അതിനുള്ള പ്രവർത്തനങ്ങൾ ബഹു. വികാരിയച്ചന്മാരായി സഹകരിച്ച് ഊർജ്ജിതപ്പെടുത്തണമെന്നും അഭിവന്ദ്യ പിതാക്കന്മാർ ഉദ്ബോധിപ്പിച്ചു.

**യൂണിറ്റ് സന്ദർശനം**

ഫ്രാൻസിസ്കൻ അൽമായ സഭ പാലാ രൂപത, റീജിയൻ ഭാരവാഹികൾ രൂപതയിലെ എല്ലാ യൂണിറ്റുകളും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പുതിയ കർമ്മപദ്ധതികൾ ആവിഷ്കരിക്കുന്നതിനും യൂണിറ്റ് സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു.

**രൂപത വാർഷികവും നോമ്പുകാലസമ്മേളനവും**

ഫ്രാൻസിസ്കൻ അൽമായ സഭ രൂപത വാർഷികവും നോമ്പുകാല സമ്മേളനവും 2020 മാർച്ച് 28-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ ഭരണങ്ങാനം അസ്സീസി ധ്യാനമന്ദിരത്തിൽവച്ച് നടത്തപ്പെടുന്നു. പാലാ രൂപത വികാരി ജനറൽ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യും. പ്രസ്തുത സമ്മേളനത്തിൽ വച്ച് വിവാഹധനസഹായം, ജീവകാരുണ്യസഹായം, മികച്ച യൂണിറ്റുകൾക്കുള്ള പുരസ്കാരം എന്നിവയുടെ വിതരണവും നടത്തപ്പെടുന്നതാണ്.

**ഫാ. ആന്റണി വെച്ചൂർ** OFM Cap (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

**1. മാധ്യമ സെമിനാർ**

മുണ്ടാങ്കൽ സെന്റ് ആന്റണീസ് ഇടവകയിൽ മാധ്യമ സെമിനാർ നടത്തി. വികാരി ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ഡി.എഫ്.സി. സംസ്ഥാന വൈസ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ സെമിനാർ നയിച്ചു. ടോമി തുരുത്തിക്കര ആമുഖപ്രഭാഷണം നടത്തി. സർക്കുലേഷൻ ഏരിയാ മാനേജർ സജി കോയിപ്പുറം, ഡിഎഫ്സി യൂണിറ്റ് ഭാരവാഹികൾ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**2. ഡി.എഫ്.സി. ഡ്രീംലൈൻ പ്രോജക്ട് നടപ്പിലാക്കി**

മുണ്ടാങ്കൽ ഇടവകയിൽ ദീപിക പത്ര പ്രചാരണ പരിപാടി സംഘടിപ്പിച്ചു. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. വികാരി ഫാ. മാത്യു കിഴക്കേ അരഞ്ഞാണിയിൽ ഡി.എഫ്.സി. ഭാരവാഹികൾ, പാരിഷ് കോൺസിലംഗങ്ങൾ തുടങ്ങിയവർ പരിപാടിക്ക് നേതൃത്വം നൽകി.

**3. ഡി.എഫ്.സി. നേതൃയോഗം കോട്ടയത്ത്**

ഡി.എഫ്.സി. യുടെ നേതൃയോഗം കോട്ടയം ദീപിക ഓഫീസിൽ വച്ചു നടത്തി. ദീപിക എം.ഡി. റവ.ഫാ. മാത്യു ചന്ദ്രൻകുന്നേൽ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. ഫാ. ജിനോ പുന്നമറ്റത്തിൽ സ്വാഗതം ആശംസിച്ചു. തുടർന്ന്

ദീപിക പത്ര പ്രചരണ പരിപാടിയെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. പാലാ രൂപതയിലെ പുതിയ ഡി.എഫ്.സി. കോ-ഓർഡിനേറ്ററായി ചുമതലയേൽക്കുന്ന ഫാ. ജോർജ് നെല്ലിക്കുന്ന് ചെരിവുപുരയിടം മീറ്റിംഗിൽ സംബന്ധിച്ചു.

**4. യാത്രാമംഗളം നേർന്നുള്ള സമ്മേളനം**

ഡി.എഫ്.സി. യുടെ പാലാ രൂപതയുടെ കോ-ഓർഡിനേറ്റർമാരായി മൂന്നു വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലം മാറിപോകുന്ന ഫാ. സ്കറിയ വേകത്താനത്തിന് ദീപിക ഫ്രണ്ട്സ് ക്ലബിന്റെ ആഭിമുഖ്യത്തിൽ യാത്രയയപ്പു നടത്തി. രൂപത പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു. റവ.ഫാ. റോയി കണ്ണംചിറ സി.ഡി.എഫ്.സി. സംസ്ഥാന ഡയറക്ടർ) മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. ജിനോ പുന്നമറ്റം CDFC സംസ്ഥാന ജോയിന്റെ ഡയറക്ടർ), ഫാ. സിറിയക് കൊച്ചുകൈപ്പട്ടിയിൽ, ശ്രീമതി സാലിമ്മ ജോളി, ജോർജ് വടക്കേൽ തുടങ്ങിയവർ പ്രസംഗിച്ചു. ബെന്നി വടക്കേടം സ്വാഗതവും ബിജു കദളിയിൽ കൃതജ്ഞതയും പറഞ്ഞു. ഫാ. സ്കറിയ വേകത്താനം മറുപടി പ്രസംഗം നടത്തി.

**5. സ്വീകരണം നടത്തി**

ഡിഎഫ്സി പാലാ രൂപതയുടെ പുതിയ സാരഥിയായി ചാർജ്ജെടുത്ത ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടത്തിന് ഷാലോമിലെ ഡി.എഫ്.സി. ഓഫീസിലേയ്ക്ക് ഹൃദ്യമായ സ്വീകരണം നടത്തി. ഡി.എഫ്.സി. പാലാ രൂപത പ്രസിഡന്റ് ഡോ. സണ്ണി വി. സ്കറിയ പൂച്ചെണ്ടു നൽകി അച്ചനെ സ്വീകരിച്ചു. ഫാ. സ്കറിയ വേകത്താനം സ്വാഗതം ആശംസിച്ചു. ജോർജ് വടക്കേൽ, ബെന്നി വടക്കേടം, സാലിമ്മ ജോളി, മോളി കുന്നുംപുറം, തെയ്യാമ്മ, സിനി, മിനി തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരുവുപുരയിടം** (ഡയറക്ടർ)

---

# ഇൻഫാം

---

**1. തോട്ടം-പുരയിടം പ്രശ്നത്തിന് അദാലത്ത്**

റീസർവ്വേയിൽ പുരയിടം എന്ന് രേഖപ്പെടുത്തുന്നതിന് പകരം തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് തിരുത്തുവാനായി ഫെബ്രുവരി 13-ാം തീയതി പാലാ കത്തീഡ്രൽ പാരിഷ് ഹാളിൽ വച്ച് മീനച്ചിൽ താലൂക്ക് ഓഫീസിന്റെ ആഭിമുഖ്യത്തിൽ നടന്ന അദാലത്തിനുവേണ്ടി ഇൻഫാം- കർഷകവേദി കൂട്ടുകെട്ട് വേണ്ട നേതൃത്വം കൊടുത്തു. ശ്രീ. മാണി സി കാപ്പൻ എം.എൽ.എ, പി.സി ജോർജ് എം.എൽ.എം., ജോൻസ് ജോസഫ് എം.എൽ.എം. എന്നിവർ അദാലത്തിൽ പങ്കെടുത്തു.

**2. സംസ്ഥാന നേതൃസംഗമം**

വാഴക്കുളത്ത് പുതുതായി ഉദ്ഘാടനം ചെയ്യപ്പെട്ട ഇൻഫാം സംസ്ഥാന ഓഫീസിൽ വച്ച് ഫെബ്രുവരി 21-ന് നടന്ന സംസ്ഥാന സമ്മേളനത്തിൽ ഡയറ

ക്ടർ ഫാ. ജോസ് തറപ്പേൽ, മാത്യു മാമ്പറമ്പിൽ, ഫാ. സിറിയക് തയ്യിൽ, ബേബി പന്തപ്പള്ളി, സണ്ണി മുത്തോലപുരം തുടങ്ങിയവർ സംബന്ധിച്ചു.

**3. ദേശീയ കമ്മറ്റി പി.ഒ.സിയിൽ**

ഇൻഫാമിന്റെ പുതിയ രക്ഷാധികാരിയായി ചുമതലയേറ്റ മാർ റെമേജിയോസ് ഇഞ്ചനാനിക്കൽ പിതാവിന്റെ നേതൃത്വത്തിൽ എറണാകുളം പി.ഒ.സിയിൽ ഫെബ്രുവരി 27-ന് നടന്ന മീറ്റിംഗിൽ പാലാ രൂപതാ ഭാരവാഹികൾ പങ്കെടുത്തു.

**4. റബറിന് കേന്ദ്രം സബ്സിഡി നൽകണം**

സംസ്ഥാന ഗവൺമെന്റ് റബറിന് 150 രൂപ കർഷകന് ലഭിക്കത്തക്ക വിധം സഹായം ചെയ്യുന്നതുപോലെ കേന്ദ്ര സർക്കാർ റബറിന് കുറഞ്ഞത് 200 രൂപയെങ്കിലും കർഷകന് ലഭിക്കത്തക്കവിധം വിലസ്ഥിരതാഫണ്ട് ഏർപ്പെടുത്തണമെന്ന് രൂപതാ എക്സിക്യൂട്ടീവ് യോഗം പ്രമേയം പാസാക്കി. പാലായിൽ പ്രവർത്തനരഹിതമായി കിടക്കുന്ന സൊസൈറ്റികൾ എത്രയുംവേഗം തുറന്ന് പ്രവൃത്തിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

**ഫാ. ജോസ് തറപ്പേൽ** (ഡയറക്ടർ)
**ഫാ. സിറിൽ തയ്യിൽ** (അസി. ഡയറക്ടർ)

# Received Heavenly Reward



# ആദരാഞ്ജലികൾ



## സി. മാർഗരറ്റ് മേരി കുന്നപ്പള്ളിൽ എസ്.എച്ച്.

പാലാ രൂപത പൈക ഇടവകയിൽ ദൈവവിളികളാൽ സമ്പന്നമായ കുന്നപ്പള്ളിൽ കുടുംബത്തിൽ സെബാസ്റ്റ്യൻ റോസ ദമ്പതികളുടെ 8 മക്കളിൽ മൂന്നാമത്തെ പുത്രിയായി 1929 ഡിസംബർ 17-ാം തീയതി ജനിച്ചു. സാമാന്യ വിദ്യാഭ്യാസത്തിനു ശേഷം 1952 ൽ തിരുഹൃദയ സന്യാസിനീ സമൂഹത്തിൽ അംഗമായി ചേർന്നു. സന്യാസ പരിശീലനത്തിനുശേഷം 1954-ൽ ആദ്യവ്രതം ചെയ്ത് സി. മാർഗരറ്റ് മേരി എന്ന പേരു സ്വീകരിച്ചു. കൊട്ടിയം സ്കൂൾ ഓഫ് നേഴ്സിംഗിൽ നിന്ന് പഠനം പൂർത്തിയാക്കി ബീഹാറിലെ റാഞ്ചി സ്കൂൾ ഓഫ് നേഴ്സിംഗിൽ 3 വർഷം സേവനം ചെയ്തു. തുടർന്ന് രൂപതാ വക കുമ്മണ്ണൂർ ചിൽഡ്രൻസ് ഹോമിലും കൊഴുവനാൽ ഫാത്തിമ ഹോസ്പിറ്റലിലും മേലുകാവ് അസംപ്ഷൻ ഹോസ്പിറ്റലിലും ചക്കാമ്പുഴ, വയല എന്നിവിടങ്ങളിലെ എസ്.എച്ച്. ഹോസ്പിറ്റലുകളിലും സേവനമനുഷ്ഠിച്ചു.

സമർപ്പണ ജീവിതത്തിന്റെ ആഴവും അർത്ഥവും മനസ്സിലാക്കി ജീവിച്ച യഥാർത്ഥ തിരുഹൃദയ പ്രേഷിതയായിരുന്നു മാർഗരറ്റ് മേരിയമ്മ. ദൈവസ്നേഹത്തിന്റെ പാരമ്യം അനുഭവിക്കാൻ കുരിശാണ് ഏറ്റവും ഫലപ്രദമായ മാർഗ്ഗമെന്ന് കണ്ടെത്തിയ അമ്മ കുരിശിനെ സ്നേഹിച്ചു. "ക്ഷമിക്കുക, സഹിക്കുക, മറ്റുള്ളവർക്കുവേണ്ടി ബലിയാടാകുക' ഇതായിരുന്നു അമ്മയുടെ ജീവിതാദർശനം. മണിക്കൂറുകൾ ദിവ്യകാരുണ്യസന്നിധിയിൽ ഈശോയോടുകൂടി ആയിരുന്ന അമ്മയ്ക്ക് ധാരാളം വരങ്ങളും ദാനങ്ങളും ലഭിച്ചു. ഈശോ തന്റെ സന്ദേശങ്ങൾ വളരെ വ്യക്തമായി അമ്മയ്ക്കു നൽകിയിരുന്നു. തനിക്കു ലഭിച്ച വരദാനങ്ങൾ വൈദികരും സിസ്റ്റേഴ്സും അല്മായരും ഉൾപ്പെടെ അനേകരെ ആത്മീയമായി നയിക്കാൻ വിനിയോഗിച്ചു.

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ, സുപ്പീരിയർ, മേട്രൺ എന്നീ നിലകളിലായി 50 വർഷത്തോളം സേവനമനുഷ്ഠിച്ച മാർഗരറ്റ് മേരിയമ്മയെ വിശ്രമാർത്ഥം

2011- ൽ മൂലമറ്റം മഠത്തിലേയ്ക്ക് സ്ഥലം മാറ്റി. 2019 ഡിസംബർ 17-ന് വീടുകൾ ചേർന്ന് അമ്മയുടെ ജന്മദിനത്തിന്റെ നവതി ആഘോഷിച്ചു. 2020 ജനുവരി മാസത്തിൽ മൂലമറ്റം ബി.വി.എം.സിയിൽ ഐസിയുവിൽ പ്രവേശിപ്പിക്കുന്നതുവരെ അമ്മയുടെ പ്രാർത്ഥനകളും ഉപദേശ നിർദ്ദേശങ്ങളും സ്വീകരിക്കാൻ ധാരാളം ആളുകൾ എത്തിയിരുന്നു. 2020 ജനുവരി 28-ാം തീയതി രാത്രി 9.15 ന് അമ്മയുടെ പാവനാത്മാവ് തിരുഹൃദയനാഥനിൽ വിലയം പ്രാപിച്ചു.

പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പിതാവ് എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അമ്മയുടെ സേവനങ്ങളെ അനുസ്മരിച്ച് രൂപതയുടെ പേരിലുള്ള അനുശോചനമറിയിക്കുകയും ചെയ്തു. മൃതസംസ്കാര ശുശ്രൂഷകൾ ജനുവരി 30 ശനി രാവിലെ 9-ന് മാർഗരറ്റ് മേരിയമ്മയുടെ സഹോദരിപുത്രനും ദീപികയുടെ ചീഫ് എഡിറ്ററായ ഫാ. സെബാസ്റ്റ്യൻ മണ്ണംപ്ലാക്കലിന്റെ മുഖ്യകാർമ്മികത്വത്തിൽ വി. കുർബാനയോടെ ആരംഭിച്ചു. മഠത്തിലെ ശുശ്രൂഷകൾക്കുശേഷം പാലാ രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു. പ്രിയപ്പെട്ട മാർഗരറ്റ് മേരിയമ്മയുടെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ച് പ്രാർത്ഥിക്കുന്നു.



## സി. ബഞ്ചമിൻ ട്രീസാ എഫ്.സി.സി.

പാലാ രൂപത കാഞ്ഞിരമറ്റം ഇടവകയിൽ ഐക്കര കുടുംബത്തിൽ മത്തായി-ഏലി ദമ്പതികളുടെ അഞ്ചാമത്തെ സന്താനമായി 22-04-1935 ൽ ബഹു. ബഞ്ചമിൻട്രീസാ ജനിച്ചു. മാമ്മോദീസായിൽ ഏലി എന്ന പേര് നല്കപ്പെട്ടു. 1954 ൽ എസ്.എസ്.എൽ.സി. പാസ്സായ ശേഷം ക്ലാരസഭയിൽ അർത്ഥിനിയായി ചേർന്നു. 25.05.1955 ൽ സഭാവസ്ത്രം സ്വീകരിച്ച് 27.05-1956 ൽ ആദ്യവ്രതവും 27.05.1959 ൽ നിത്യവ്രതവും അനുഷ്ഠിച്ചു.

നഴ്സിംഗ് പഠനത്തിനുശേഷം എഫ്.എം.എച്ച്. കൊഴുവനാൽ, മരിയൻ മെഡിക്കൽ സെന്റർ പാലാ എന്നിവിടങ്ങളിലും വിജയവാഡ, ഉജ്ജെജൻ തുടങ്ങിയ മിഷൻ പ്രദേശങ്ങളിലുമായി ആതുരശുശ്രൂഷാരംഗത്തെ തന്റെ ദൗത്യം നിർവ്വഹിച്ചുകൊണ്ട് ക്രിസ്തുവിന്റെ സാക്ഷിയായി.

ഭരണങ്ങാനം, കൊഴുവനാൽ, അരുണാപുരം, രാമപുരം, കോതനല്ലൂർ, ഇടമറ്റം എന്നിവിടങ്ങളിലും വിജയവാഡ, ഉജ്ജെജൻ എന്നീ മിഷൻ ഭവനങ്ങളിലുമായിരുന്നുകൊണ്ട് സുപ്പീരിയർ, അസി. സുപ്പീരിയർ, ജൂണിയർ മിസ്ട്രസ്, മെസ് മാനേജർ എന്നീ നിലകളിൽ തന്റെ ശുശ്രൂഷാദൗത്യം പൂർത്തിയാക്കി.

പ്രാർത്ഥനാരൂപി, നിയമാനുഷ്ഠാനതല്പരത, അധികാര വിധേയത്വം, സാഹോദര്യം, സേവന സന്നദ്ധത, സന്തോഷപ്രകൃതി തുടങ്ങിയ ബഞ്ചമിനമ്മയിൽ വിളങ്ങി പ്രശോഭിച്ചിരുന്ന സവിശേഷ ഗുണങ്ങളായിരുന്നു. ദൈവത്തെയും

മനുഷ്യരെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക എന്നതായിരുന്നു അമ്മയുടെ ആദർശവാക്യം.

നടക്കാൻ പ്രയാസം അനുഭവിച്ചിരുന്ന ബഞ്ചമിനമ്മ പ്രാർത്ഥനയും വിശ്രമജീവിതവുമായി കഴിയുകയായിരുന്നു. പ്രമേഹരോഗ്വും പിടിപെട്ടിരുന്നു. ഓർമ്മക്കുറവും തീർത്തും നടക്കാൻ പറ്റാത്ത അവസ്ഥയുമായപ്പോൾ കൂടുതൽ പരിചരണം ലഭിക്കുന്നതിനായി തിടനാട് ക്ലാരനഗർ മഠത്തിലേയ്ക്കു കൊണ്ടുപോയി. നാലുമാസത്തോളം തീർത്തും ശയ്യാവലംബയായി കഴിഞ്ഞു. ക്ഷീണം വർദ്ധിച്ചതിനാൽ രോഗീലേപനവും നല്കി. പിന്നീട് ക്ഷീണം അല്പം കുറഞ്ഞു. രണ്ടാഴ്ചയോളം അങ്ങനെ കഴിഞ്ഞുപോയി.

10-01-2020 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3.15 ആയപ്പോഴേയ്ക്കും പെട്ടെന്ന് ചെറിയൊരു ശ്വാസതടസ്സം പോലെ കാണപ്പെട്ടു. ബഹു. ബഞ്ചമിൻഡ ട്രീസാമ്മയുടെ ആത്മാവ് നിത്യഗേഹത്തിലേയ്ക്കു യാത്രയായി. അന്നുതന്നെ മൃതദേഹം ഇടമറ്റം മഠം ചാപ്പലിൽ കൊണ്ടുവന്നു.

പിറ്റേദിവസം 11-01-2020 ശനിയാഴ്ച ഉച്ചയ്ക്ക് 2-ന് ബഹു. മാത്യു ചീരാംകുഴി അച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ മഠം ചാപ്പലിൽ സമൂഹബലിയോടെ സംസ്കാരശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് മൃതശരീരം ഇടമറ്റം പള്ളിയിലേയ്ക്കു സംവഹിക്കപ്പെട്ടു. പള്ളിയിലെ കർമ്മങ്ങൾക്ക് പാലാ രൂപത വികാരി ജനറാൾ റവ.ഫാ. ജോസഫ് മലേപ്പറമ്പിൽ മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് ധാരാളം വൈദികരുടേയും സിസ്റ്റേഴ്സിന്റെയും ബന്ധുജനങ്ങളുടേയും ഇടവക സമൂഹത്തിന്റെയും സാന്നിദ്ധ്യത്തിൽ മൃതദേഹം ഇടമറ്റം പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.

നന്മയുടെ പ്രകാശം പരത്തികടന്നുപോയ ബഹു. ബഞ്ചമിൻ ട്രീസാമ്മയെ ദിവ്യനാഥൻ നിത്യകിരീടം അണിയിക്കട്ടെ.

## മദർ പയസ് എഫ്.സി.സി. പാലാ

പാലാ രൂപതാ കിഴപറയാർ ഇടവക പുളിയ്ക്കത്തടത്തിൽ ദേവസ്യാ, മറിയം ദമ്പതികളുടെ 4 മക്കളിൽ 4-ാമത്തെ സന്താനമായി, 1929 മാർച്ച് 20ന് ചിന്നമ്മ ജനിച്ചു. മാമ്മോദീസായിൽ അന്നമ്മ എന്ന നാമം സ്വീകരിച്ചു. പ്രാഥമിക - ഹൈസ്കൂൾ വിദ്യാഭ്യാസം പാലാ സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിൽ നിന്നും പൂർത്തിയാക്കിയ അന്നമ്മ, 1949 മെയ് 4-ാം തീയതി പാലാ ളാലം മഠത്തിൽ അർത്ഥിനിയായി ചേർന്നു. 1950 ഏപ്രിൽ 27-ാം തീയതി സഭാവസ്ത്രം സ്വീകരിച്ച് സി. പയസ് എന്ന നാമം സ്വീകരിച്ച അമ്മ 1952-53 കാലയളവിൽ കല്ലൂർക്കുളം മഠത്തിൽ നോവിഷ്യേറ്റ് പൂർത്തിയാക്കിയശേഷം 1953ൽ പ്രഥമവ്രതവാഗ്ദാനവും 1956ൽ നിത്യവ്രതവാഗ്ദാനവും നടത്തി. തൃശൂർ സെന്റ് മേരീസ് കോളേജിൽനിന്ന് പി.യു.സി.യും, ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് കോളേജിൽനിന്ന് ബി.എ

ബിരുദവും എറണാകുളം സെന്റ് ജോസഫ്സ് ബിഎഡ് കോളേജിൽ നിന്ന് ബി.എഡും, അമേരിക്കയിലെ Pitt Universityയിൽ നിന്ന് അമേരിക്കൻ ഹിസ്റ്ററിയിൽ ബിരുദാനന്തരബിരുദവും കരസ്ഥമാക്കിയ പയസമ്മ, 10 വർഷക്കാലം പാലാ സെന്റ് മേരീസ് ഹൈസ്കൂളിലും, 19 വർഷം പാലാ അൽഫോൻസാ കോളേജിലും അദ്ധ്യാപികയായും 14 വർഷക്കാലം മരിയൻ മെഡിക്കൽസെന്ററിന്റെ അഡ്മിനിസ്ട്രേറ്ററായും സേവനമനുഷ്ഠിച്ചു.

1965-69ൽ റോമിലെ റെജീനാ മുന്തി യൂണിവേഴ്സിറ്റിയിൽനിന്ന് ദൈവശാസ്ത്രപഠനം പൂർത്തിയാക്കി തിരിച്ചെത്തിയ ബഹു. പയസമ്മയ്ക്ക് എഫ്.സി.സി. പാലാ അൽഫോൻസാ പ്രോവിൻസിൽ ആത്മീയതയുടെ നവോന്മേഷം പകർന്നു നൽകാൻ സാധിച്ചു. 1970 മുതൽ 1977വരെയും 1989-1994വരെയും എഫ്.സി.സി. പാലാ അൽഫോൻസാ പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ സുപ്പീരിയറായി, 12 വർഷക്കാലം ബഹു. പയസമ്മ ശുശ്രൂഷ ചെയ്തു. എഫ്.സി.സി. യൂണിഫിക്കേഷൻ കമ്മിറ്റിയിലെ ഒരംഗമായും പ്രൊവിൻഷ്യൽ കൗൺസിലർ എന്ന നിലയിലും അനേകം എഫ്.സി.സി തനയരുടെ ആത്മീയ മാതൃത്വം ഏറ്റെടുത്ത വാത്സല്യനിധിയും നിഷ്കളങ്കയുമായ ഒരു അമ്മയായിരുന്നു പയസമ്മ. അധികാര ശുശ്രൂഷയിൽനിന്ന് വിരമിച്ചശേഷവും സഭാതനയരുടെ ആത്മീയ വളർച്ചയിൽ ഏറെ ശ്രദ്ധ ചെലുത്തിയിരുന്ന ഒരു സഭാസ്നേഹിയായിരുന്നു. 1994ൽ തന്റെ ഔദ്യോഗിക ശുശ്രൂഷാദൗത്യത്തിൽനിന്ന് പിൻവാങ്ങിയ പയസമ്മ അന്നു മുതൽ 2020വരെ സെറാഫിക് മഠത്തിലായിരുന്നു തന്റെ ശുശ്രൂഷകൾ ചെയ്തിരുന്നത്. 1994 മുതൽ 2009വരെ പാലാ പ്രോവിൻസിലെ ഫോർമേഷൻ ടീമിൽ അതീവ തീക്ഷ്ണതയോടെ പ്രവർത്തിച്ചു. അതിനിടയിൽ 3 വർഷക്കാലം സെറാഫിക് മഠത്തിന്റെ സുപ്പീരിയറായി അമ്മ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തന്റെ സമർപ്പണജീവിതത്തിൽ, നിഷ്ക്കളങ്കമായ സ്നേഹത്തിന്റെയും, ആഴമായ വിശ്വാസത്തിന്റെയും വിശുദ്ധമായ നിയോഗങ്ങളുടെയും, ജീവിതലാളിത്യത്തിന്റെയും, അധികാര വിധേയത്വത്തിന്റെയും ഉത്തമമാതൃകയും പ്രചോദനവുമായിരുന്നു ബഹു. പയസമ്മ. വി. അൽഫോൻസാമ്മയെ നേരിൽ കാണാനും, അടുത്ത് ഇടപഴകാനും സാധിച്ച പയസ്സമ്മയ്ക്ക് വിശുദ്ധിയുടെ പുണ്യപരിമളത്താൽ തന്റെ ജീവിതം കരുപ്പിടിപ്പിക്കാൻ കഴിഞ്ഞു. അൽഫോൻസാമ്മയെക്കുറിച്ച് കേൾക്കുമ്പോഴും, പറയുമ്പോഴും, അമ്മയുടെ ഹൃദയം വികാരതരളിതമാവുന്നത് കാണാൻ കഴിയുമായിരുന്നു. അമ്മയുടെ അടുത്ത് വരുന്ന ആരോടും, പ്രായഭേദമന്യേ, അൽഫോൻസാമ്മയുടെ വിശുദ്ധ ഗുണങ്ങളെക്കുറിച്ച് സംസാരിക്കാതെ പറഞ്ഞുവിടാറില്ല. ഒരുചെറു പുഞ്ചിരിയോടെ എപ്പോഴും കാണപ്പെടുന്ന അമ്മ, തന്റെ അടുക്കൽ വരുന്നവരോട് - ഈശോയെ സ്നേഹിക്കണം, സഹിക്കണം, ഒരു വിശുദ്ധയാകണം എന്നൊക്കെയുള്ള സദുപദേശങ്ങൾ - പ്രോവിൻസിലെ ഏറ്റവും ഇളയ അംഗത്തിന്പോലും നൽകുന്നതിൽ ശ്രദ്ധാലുവായിരുന്നു. അനാരോഗ്യംമൂലം സമൂഹത്തിന് വെളിയിൽ പോയി ക്ലാസ്സുകൾ എടുക്കുവാനോ, ആനിമേഷൻ നടത്തുവാനോ സാധിക്കാതെ

വന്നപ്പോൾ, അൽഫോൻസാമ്മയുടെ പടങ്ങൾ ശേഖരിച്ച് തിരുശേഷിപ്പുകളാക്കി, അനേകായിരങ്ങൾക്ക് വിതരണം ചെയ്ത് ഒരു പ്രേഷിതയായി മാറി. തെളിമയാർന്ന ലാളിത്യത്തിന്റെ ഉടമയായിരുന്ന അമ്മ, അധികാരികളോട് അങ്ങേയറ്റം വിധേയത്വവും സ്നേഹവും പ്രകടിപ്പിച്ചിരുന്നു. 'മോളേ സാരമില്ല' എന്ന ഒരു വാക്കും തോളിൽ തട്ടിയുള്ള ഒരു സ്നേഹതലോടലും, പോസിറ്റീവ് ചിന്തകളും എല്ലാം സഭാതനയർക്ക് എപ്പോഴും ഒരു ശക്തിയും പ്രോത്സാഹനവുമായിരുന്നു. പ്രായത്തിന്റെ ക്ഷീണവും, അസ്വസ്ഥതകളും, ഓർമ്മക്കുറവുകളുമൊക്കെ ഉണ്ടായപ്പോഴും അമ്മയുടെ നാവിൽനിന്ന് ഒരു പരാതിയോ പരിഭവമോ കേൾക്കാനിടയായിട്ടില്ല. പയസമ്മ ആരുടെയും കുറ്റം പറയുകയോ, മറ്റുള്ളവരെക്കുറിച്ച് മോശമായി സംസാരിക്കാൻ അനുവദിക്കുകയോ ചെയ്യാത്ത ഒരു മഹത്വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു. അത്രമാത്രം ദൈവികജ്ഞാനമുണ്ടായിരുന്നു ഈ ജീവിതത്തിന് നിശബ്ദമായ സഹനത്തിലൂടെയും, നിസ്വാർത്ഥമായ സ്നേഹത്തിലൂടെയും, ശാന്തമായ പെരുമാറ്റത്തിലൂടെയും, അനേകരുടെ ഹൃദയങ്ങളിൽ ഇടം കണ്ടെത്തുവാൻ അമ്മയ്ക്ക് കഴിഞ്ഞു. പാവപ്പെട്ടവരോടും ഭവനത്തിലെ ജോലിക്കാരോടുമൊക്കെ പ്രത്യേക സ്നേഹവും, കരുതലിന്റെ ഭാവവും ഉള്ളിൽ നിറച്ചിരുന്നു. അധികാരശുശ്രൂഷ നിർവ്വഹിക്കുന്നവർക്കും, സമർപ്പിതസഹോദരങ്ങൾക്കും, പരിശീലനത്തിലായിരിക്കുന്നവർക്കും, വേണ്ടത് വേണ്ടതുപോലെ, വേണ്ടസമയത്ത് നൽകാനുള്ള ഉൾവെളിച്ചം അമ്മയിൽ ജ്വലിച്ചിരുന്നു. 2017 മുതൽ ചെറിയ തോതിൽ ഓർമ്മക്കുറവുകൾ അമ്മയെ അലട്ടിയിരുന്നെങ്കിലും സമൂഹപ്രാർത്ഥന, സമൂഹഭക്ഷണം, ഉല്ലാസം എന്നിവയിലെല്ലാം ഒരു നിറസാന്നിദ്ധ്യമായിരുന്നു. തീർത്തും ശയ്യാവലംബയായിത്തീരുന്നതിന് മുമ്പ് അമ്മ സ്വന്തം കൈപ്പടയിൽ തന്റെ മരണത്തിനൊരുങ്ങുന്നതിനെക്കുറിച്ച് എഴുതിയത് ശ്രദ്ധേയമാണ്. "രാത്രി കഴിഞ്ഞു. പുലരിയായി മുറിയിലെ വിളക്ക് അണഞ്ഞു. ഇതാ ഞാൻ വിളി കേൾക്കുന്നു. ഞാൻ എന്റെ യാത്രയ്ക്ക് ഒരുങ്ങി കഴിഞ്ഞു." ഒഴിഞ്ഞ കരത്തോടും പ്രതീക്ഷയാർന്ന ഹൃദയത്തോടും കൂടി ഞാൻ എന്റെ യാത്രാ സമാരംഭിക്കുന്നു. ഇക്കാലയളവിൽ നിശബ്ദമായി അമ്മ മരണത്തിനൊരുങ്ങുകയായിരുന്നു.

2019 ഏപ്രിൽ 14-ാം തീയതി ചെറിയ ഒരു വീഴ്ചയെതുടർന്ന് ശയ്യാവലംബയായിതീർന്ന പയസമ്മ, തന്റെ അടുത്ത് വരുന്നവരെയും തന്നെ ശുശ്രൂഷിക്കുന്നവരെയും സന്തോഷിപ്പിക്കുന്നതിൽ ശ്രദ്ധാലുവായിരുന്നു. രോഗകിടക്കയിൽ ആയിരിക്കുമ്പോഴും എന്റെ ഈശോയെ, എന്റെ അമ്മേ എന്ന് വിളിച്ച് നിർത്താതെ പ്രാർത്ഥിക്കുന്നത് കേൾക്കുമ്പോൾ, ഈശോയെ നേരിൽകണ്ട് സംസാരിക്കുന്നതുപോലെ തോന്നുമായിരുന്നു. ഈശോയെ എനിക്ക് ശക്തിതരണമെ, കൂടുതൽ സഹിക്കാൻ ശക്തി തരണമേയെന്ന് നിരന്തരം പ്രാർത്ഥിക്കുമായിരുന്നു. ആഴമായ പ്രാർത്ഥനാജീവിതത്തിന്റെയും ലാളിത്യത്തിന്റെയും ബാഹ്യപ്രകടനമായിരുന്നു രോഗകിടക്കയിൽപോലും ദൃശ്യമായത്. "Die daily for Jesus crucified"എന്ന അമ്മയുടെ ആദർശവാക്യം ജീവിതംകൊണ്ട് പ്രാവർത്തികമാക്കി. ഏതാനും മാസങ്ങൾക്ക്മുമ്പ് അമ്മയുടെ

ആരോഗ്യനില മോശമായിത്തുടങ്ങി. എങ്കിലും പ്രാർത്ഥനാപൂർവ്വം എല്ലാം സ്വീകരിക്കാൻ കഴിഞ്ഞിരുന്നു. 2020 ഏപ്രിൽ 11 ദുഃഖശനിയാഴ്ച അമ്മയ്ക്ക് ഛർദ്ദിയും പനിയും അനുഭവപ്പെട്ടതിനെത്തുടർന്ന് മരിയൻ മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിച്ചു. വിദഗ്ദ്ധ പരിചരണം ലഭിച്ചുവെങ്കിലും ഫലമുണ്ടായില്ല. 2020 ഏപ്രിൽ 16-ാം തീയതി രാവിലെ 5.30ന് അമ്മയുടെ പാവനാത്മാവ് ദിവ്യനാഥ സന്നിധിയിലേയ്ക്ക് പറന്നുപോയി.

'ജീവിതംപോലെ തന്നെ മരണവും' എന്ന ചൊല്ല് അന്വർത്ഥമാക്കി, ശാന്തമായി പയസമ്മ നമ്മോട് വിടചൊല്ലി. അനേകം ശിഷ്യഗണങ്ങളും, സ്വന്തക്കാരും, ആത്മീയ മക്കളുമെല്ലാം അരികിലെത്തി അന്ത്യചുംബനം അർപ്പിക്കാനും, ആദരവ് ഏറ്റുവാങ്ങുവാനും നോക്കി നിൽക്കാതെ അമ്മ യാത്രയായി. ലളിതമായി ജീവിച്ചു, ലളിതമായി മരിച്ചു. ലളിതമായി സംസ്ക്കരിക്കുന്നു. ആരവങ്ങളില്ല, ആഘോഷങ്ങളില്ല, ആർഭാഢങ്ങളില്ല, ആൾക്കൂട്ടങ്ങൾ ഇല്ല, - ലാളിത്യത്തിന്റെ സമർപ്പിത ഇതാ നമ്മോട് യാത്ര ചോദിക്കുന്നു. വി. അൽഫോൻസാമ്മയുടെ മൃതസംസ്ക്കാരചടങ്ങ് നമ്മുടെ ഓർമ്മയിൽ തെളിയുന്നുണ്ടാവാം. ഈ മൃതസംസ്കാരവും ഒരു വിശുദ്ധയുടെ ഓർമ്മ നമ്മിൽ ഉണർത്തട്ടെ. എഫ്.സി.സി. പാലാ പ്രോവിൻസിന്റെ വളർച്ചയിൽ നിർണ്ണായക പങ്കുവഹിച്ച്, അനേകർക്ക് വിശുദ്ധിയുടെ പാതയിൽ മുന്നേറാൻ മാർഗ്ഗദർശിയായി മാറിയ ഒരു വിശുദ്ധ ജന്മം. പയസമ്മ മരിക്കുന്നില്ല; ഇനിയും ജീവിക്കും; അനേകം മക്കളുടെ ഓർമ്മകളിൽ.

17.04.2020 1.45ന് മഠം ചാപ്പലിൽ ആരംഭിച്ച മൃതസംസ്ക്കാരകർമ്മങ്ങൾക്ക് അരുണാപുരംപള്ളി വികാരി റവ. ഫാ. മാത്യു പുല്ലുകാലായിൽ കാർമ്മികത്വം വഹിച്ചു. എപ്പോഴും പുഞ്ചിരിയോടുകൂടിയാണ് പയസമ്മ കാണപ്പെട്ടതെന്നും, ലാളിത്യവും, വി. അൽഫോൻസാമ്മയോടുള്ള ഭക്തിയും അമ്മയിൽ വിളങ്ങിയിരുന്ന പ്രത്യേകതകളായിരുന്നുവെന്ന് അച്ചൻ തന്റെ അനുശോചനസന്ദേശത്തിൽ പറഞ്ഞു. 2.15 PMന് മൃതദേഹം അരുണാപുരം പള്ളിയിലേയ്ക്ക് സംവഹിക്കപ്പെട്ടു. ദേവാലയത്തിലെ കർമ്മങ്ങൾക്ക്, പാലാ രൂപതാ സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ മുഖ്യകാർമ്മികത്വം വഹിച്ചു. അമ്മയുടെ ശുശ്രൂഷകളെക്കുറിച്ചും, കർമ്മശേഷിയെക്കുറിച്ചും അഭിവന്ദ്യ പിതാവ് ഊന്നിപ്പറയുകയും, ഒരു സമർപ്പിത എന്ന നിലയിൽ സഭയ്ക്ക് നൽകിയ സേവനങ്ങൾക്ക് കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തു. തുടർന്ന് മൃതദേഹം അരുണാപുരം പള്ളി സെമിത്തേരിയിൽ സംസ്ക്കരിച്ചു. കാരുണ്യവാനായ ദൈവം തന്റെ വിശ്വസ്തദാസിയെ നിത്യകിരീടമണിയിക്കട്ടെ.



# അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2020

| | | |
|---|---|---|
| 1 | 11.00 am | കുറവിലങ്ങാട് ഇടവകയിൽ വിവാഹം ആശീർവദിച്ചു. |
| | 05.30 pm | കൊല്ലപ്പള്ളി ഇടവകയിൽ പുതുതായി പണിതീർത്ത കടനാട് ഇടവകയുടെ കുരിശുപള്ളി വെഞ്ചെരിച്ചു. |
| 2 | 11.30 am | മണ്ണയ്ക്കനാട് ഇടവകയിൽ കാരുണ്യഭവൻ കെട്ടിടത്തിന്റെ ഒന്നാംനില വെഞ്ചെരിച്ചു. |
| | 02.30 pm | സെന്റ് മർത്താസ് കോൺഗ്രിഗേഷൻ മേജർ ആർക്കി എപ്പിസ്കോപ്പൽ പദവിയിലേയ്ക്കുയർത്തപ്പെട്ടതിന്റെ ഭാഗമായി പാലാ സെന്റ് മർത്താസ് ജനറലേറ്റിൽ വി. കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും അനുമോദന ചടങ്ങിൽ സംബന്ധിക്കുകയും ചെയ്തു. |
| 3 | 10.00 am | കാഞ്ഞിരപ്പള്ളി രൂപതയുടെ പുതിയ മെത്രാനായി നിയമിതനായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ സംബന്ധിച്ചു. |
| | 02.30 pm | കാഞ്ഞിരപ്പള്ളി രൂപതയുടെ മെത്രാനായിരുന്ന അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്റെ വിരമിക്കൽ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. |
| 4 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 02.30 pm | രാമപുരം ഇടവകയിൽ ഹോം പാലയോടനുബന്ധിച്ച് പണിതീർത്ത ഒരു ഭവനം വെഞ്ചെരിച്ചു. |
| | 04.00 pm | ലൂർദ്ദ് മൗണ്ട് ഇടവകയിൽ ഹോം പാലയുടെ നേതൃത്വത്തിൽ പണിതീർത്ത 2 ഭവനങ്ങൾ വെഞ്ചെരിച്ചു. |
| | 05.30 pm | ഇലപ്പള്ളി ഇടവകയിൽ പുതുതായി പണി തീർത്തു കൊണ്ടിരിക്കുന്ന പള്ളിമേട സന്ദർശിച്ചു. |

| | | |
|---|---|---|
| | 07.00 pm | അരമനയിൽ നവവൈദികരെ സ്വീകരിക്കുകയും അവർക്ക് ആശംസകൾ നേരുകയും ചെയ്തു. |
| 5 | 11.00 am | വെള്ളികുളം ഇടവകയിൽ പുതുതായി പണിതീർത്ത എൽ.പി. സ്കൂൾ കെട്ടിടവും പാരിഷ് ഹാളും വെഞ്ചെരിച്ചു. |
| | 04.30 pm | കുറവിലങ്ങാട് ഇടവകയിൽ മൂന്നു നോമ്പ് തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാനയർപ്പിച്ചു. |
| 6 | 08.00 am | മൂവാറ്റുപുഴ നെസ്റ്റിൽ നടന്ന അഭിവന്ദ്യ പിതാക്കന്മാരുടെ റീജിയണൽ ധ്യാനത്തിൽ സംബന്ധിച്ചു. |
| | 04.00 pm | ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽ വടവാതൂർ സെമിനാരിയിൽനിന്നും സൺഡേ മിനിസ്ട്രിക് വരുന്ന ബ്രദേഴ്സിന്റെ മീറ്റിംഗിൽ സന്ദേശം നൽകി. |
| 7 | 07.30 am | ചങ്ങനാശ്ശേരി അരമനയിൽ അഭിവന്ദ്യ പവ്വത്തിൽ പിതാവിനെ കാണുകയും നവതിയുടെ ആശംസകൾ നേരുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. |
| | 10.00 am | പാലാ സെന്റ് തോമസ് കോളേജിലെ സെന്റ് ജോസഫ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന മാനേജ്മെന്റ് ഡിവലപ്പിംഗ് പ്രോഗ്രാമിൽ സംബന്ധിച്ചു. |
| 8 | 10.00 am | സെന്റ് തോമസ് കോളേജിൽ മാനേജ്മെന്റ് ഡിവലിപ്പിംഗ് പ്രോഗ്രാമിൽ സംബന്ധിച്ചു. |
| | 01.45 pm | അൽഫോൻസാ കോളേജിൽ കെയർ ഹോംസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മീറ്റിംഗിൽ സംബന്ധിച്ചു. |
| | 02.30 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ബൈബിൾ അപ്പസ്തോലേറ്റിന്റെ മീറ്റിംഗിൽ സംബന്ധിച്ച് സന്ദേശം നൽകുകയും ലോഗോസ് ക്വിസ് സമ്മാനങ്ങൾ നല്കുകയും ചെയ്തു. |
| | 05.00 pm | കരിമ്പാനി ഇടവകയിൽ പുതുതായി പണികഴിപ്പിച്ച ഓഡിറ്റോറിയം വെഞ്ചെരിച്ചു. |

| | | |
|---|---|---|
| 9 | 11.00 am | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സന്ദർശിച്ചു. |
| | 04.00 pm | കയ്യൂർ ഇടവകയിൽ തിരുനാളിനോടനുബന്ധിച്ച് സുറിയാനി കുർബാന അർപ്പിച്ചു. |
| 10 | 09.30 am | വിളക്കുമാടം ഇടവകയിൽ ഹോം പാലയോടനുബന്ധിച്ച് പണിതീർത്ത ഒരു ഭവനം വെഞ്ചെരിച്ചു. |
| | 10.30 am | പ്ലാശനാൽ സ്കൂളിൽ നിന്നും വിരമിച്ച പ്രിൻസിപ്പലിന്റെയും ഹെഡ്മിസ്ട്രിസിന്റെയും റിട്ടയർമെന്റ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 03.00 pm | സെന്റ് തോമസ് കോളേജിൽ നടന്ന മെറിറ്റ് ഡേ മീറ്റിംഗിൽ അധ്യക്ഷപദം വഹിച്ചു. |
| | 05.30 pm | ഭരണങ്ങാനം അൽഫോൻസാ ഷ്രൈനിൽ മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | കുറവിലങ്ങാട് ഹയർ സെക്കന്ററിയുടെ പുതിയ കെട്ടിടത്തിന്റെ വെഞ്ചെരിപ്പുകർമ്മം നിർവഹിച്ചു. |
| | 07.00 pm | അരമനയിൽ റിട്ടയറായ ബഹുമാനപ്പെട്ട കുഴിഞ്ഞാലിലച്ചനും മറ്റച്ചന്മാർക്കും ശാലോം പാസ്റ്ററൽ സെന്ററിൽനിന്ന് റിട്ടയറായ അച്ചന്മാർക്കും സെന്റ് ഓഫ് നൽകി. |
| 12 | 11.00 am | പുതുപ്പിള്ളിക്കടുത്തുള്ള സെന്റ് ഗിറ്റ്സ് കോളേജിൽ പരുമല തിരുമേനി അനുസ്മരണദിനാഘോഷം ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി. |
| 12-20 | | ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ. മീറ്റിംഗിൽ സംബന്ധിച്ചു. |
| 21 | 10-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| 22 | 02.30 pm | അരമനയിൽ അൽഫോൻസ കോളേജ് ഗവേർണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 05.00 pm | തീക്കോയി ഇടവകയിൽ ഹോം പാലായുടെ നേതൃത്വത്തിൽ പണിതീർത്ത ഭവനം വെഞ്ചെരിച്ചു. |
| 24- March 2 | | അദിലാബാദ് മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചു. |



# അഭിവന്ദ്യ മാർ ജേക്കബ് മുരിക്കൻ പിതാവിന്റെ ഡയറിയിൽനിന്ന്

## FEBRUARY 2020

| | | |
|---|---|---|
| 1 | 09.00 am | ഭരണങ്ങാനം പള്ളിയിൽ മാമ്മോദീസ പരികർമ്മം ചെയ്തു. |
| | 12.30 pm | നീലൂർ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 4.00 pm | പൊതി, കലയത്തുംകുന്ന് സെന്റ് ആന്റണീസ് പള്ളി യിൽ വി. കുർബാനയർപ്പിച്ചു. |
| 02 | 12.00 noon | മുതലക്കോടം പള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 04.00 pm | ഭരണങ്ങാനം പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവ ദിച്ചു. |
| 03 | 10.00 am | കാഞ്ഞിരപ്പള്ളി രൂപതാമെത്രാനായി നിയമിതനായ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ സ്ഥാനാ രോഹണകർമ്മത്തിൽ പങ്കെടുത്തു. |
| | 05.00 pm | മൂന്ന് നോമ്പിനോടനുബന്ധിച്ച് കുറവിലങ്ങാട് ആർച്ച് ഡീക്കൻ ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. |
| 04 | 02.45 pm | ചേർപ്പുങ്കൽ നഴ്സിംഗ് കോളേജിൽ മീറ്റിംഗിൽ സംബ ന്ധിച്ചു. |
| 05 | 06.00 am | നവവൈദികരോടൊപ്പം വി. കുർബാനയർപ്പിച്ചു. |
| | 10.00 am | അൽഫോൻസാ കോളേജിൽ പ്രൊമോഷൻ മീറ്റിംഗിൽ പങ്കെടുത്തു. |
| | 04.00 pm | മൂവാറ്റുപുഴ 'നെസ്റ്റ്' ൽ വച്ചു നടന്ന അഭിവന്ദ്യ പിതാ ക്കന്മാരുടെ റീജിയണൽ റിട്രീറ്റിൽ പങ്കെടുത്തു. |
| 06 | 03.00 pm | സെന്റ് തോമസ് ഹൈസ്കൂളിൽ മീറ്റിംഗിൽ സംബ ന്ധിച്ചു. |
| 7 | 08.30 pm | ചങ്ങനാശ്ശേരി അരമനയിൽ അഭിവന്ദ്യ പൗവ്വത്ത് പിതാ വിന്റെ നവതി ആഘോഷത്തിൽ പങ്കെടുത്ത് ആശം സകൾ നൽകി. |

| | | |
|---|---|---|
| | 02.00 pm | കുറവിലങ്ങാട് ദേവമാതാ കോളേജിൽ സാമ്പത്തിക ശാസ്ത്ര വിഭാഗത്തിലെ മീറ്റിംഗിൽ പങ്കെടുത്തു. |
| 08 | 10.00 am | അൽഫോൻസാ കോളേജിൽ വച്ചു നടന്ന 'കെയർ ഹോം'ന്റെ 5-മത് വാർഷികത്തിൽ സംബന്ധിച്ചു. |
| | 11.00 am | ളാലം പഴയപള്ളിയിൽ വിവാഹം ആശീർവദിച്ചു. |
| | 12.15 pm | കാളികാവ് ഇടവകയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 03.00 pm | കാട്ടാമ്പാക്ക് ഡി.ബി.എസ്. കോൺവെന്റിലെ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.30 pm | ഗാഗുൽത്താ ഹോളിക്രോസ് പള്ളിയിൽ വി. കുർബാനയർപ്പിച്ചു. |
| 09 | 10.00 am | ചങ്ങനാശ്ശേരി വടക്കേക്കര പള്ളിയിൽ വി. കുർബാന അർപ്പിച്ചു. |
| 10 | 12.30 pm | അരുവിത്തുറ സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 05.30 pm | ഭരണങ്ങാനത്ത് ജനറൽ ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| 11 | 8-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 03.00 pm | സെന്റ് തോമസ് കോളേജിൽ 'മാത്സ് ഫെസ്റ്റി'ൽ പങ്കെടുത്തു. |
| | 07.00 pm | അരമനയിൽനിന്നും റിട്ടയറായ ബഹു. ജോസഫ് കുഴിഞ്ഞാലിൽ അച്ചനും ബഹു. അച്ചന്മാർക്കും, ശാലോം പാസ്റ്ററൽ സെന്ററിൽനിന്നും സ്ഥലം മാറിപ്പോകുന്ന ബഹു. അച്ചന്മാർക്കും നൽകിയ യാത്രയയ്പ്പ് സമ്മേളനത്തിൽ പങ്കെടുത്തു. |
| 12-17 | | ബാംഗ്ലൂരിൽ നടന്ന സി.ബി.സി.ഐ മീറ്റിംഗിൽ പങ്കെടുത്തു. |
| 17 | 11.00 am | മൂഴൂർ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. |
| 18 | 7-5 pm | കുട്ടിക്കാനം മരിയൻ കോളേജിൽ സെമിനാറിൽ പങ്കെടുത്തു. |
| 19 | 10.00 am | അൽഫോൻസാ കോളേജിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 21 | 8-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |

| | | |
|---|---|---|
| 22 | 11.45 am | മുട്ടുചിറ പള്ളിയിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. |
| | 12.30 pm | ബി.എഡ്. കോളേജിൽ സെന്റ് ഓഫ് മീറ്റിംഗിൽ പങ്കെടുത്തു. |
| | 02.30 pm | ബിഷപ്പ് ഹൗസിൽ വച്ചു നടന്ന അൽഫോൻസാ കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു. |
| 24 | 06.30 am | പാലാ കത്തീഡ്രൽ ദൈവാലയത്തിൽ വിഭൂതിത്തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. |
| | 10.30 am | കോതനല്ലൂർ ഹൈസ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 25,26 | | തക്കല മിഷൻ കേന്ദ്രങ്ങളിൽ സന്ദർശനം നടത്തി. |
| 27 | 06.15 am | സെന്റ് മാർത്താസ് ജനറലേറ്റ് കോൺവെന്റിൽ വി. കുർബാനയർപ്പിച്ചു. |
| | 09.30 am | കുടക്കച്ചിറ ഹയർ സെക്കൻഡറി സ്കൂളിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| | 11.30 am | സെന്റ് മാർത്താസ് ജനറലേറ്റ് കോൺവെന്റിൽ മീറ്റിംഗിൽ പങ്കെടുത്തു. |
| 28 | 8-12 noon | അരമനയിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 04.30 pm | ചങ്ങനാശ്ശേരി പാറേൽപള്ളിയിൽ രൂപതാ കൺവെൻഷനിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി. |



# Bishop's Engagements
## Mar Joseph Kallarangatt
### MARCH 2020

| | | | |
|---|---|---|---|
| 1-2 | | | Adilabad Mission Visit |
| 3 | Tue | 10.00 am | Pala : Inter Eparchial Meeting |
| 4 | Wed | 10.30 am | Shalom Pastoral Centre : Meeting |
| 5 | | | Cherpunkal : Medicity Meeting |
| 6 | Fri | 10-12 noon | Visitors' Time |
| | | 03.00 pm | Bishop's House : Meeting |
| 7-8 | Sat | | Cherpunkal Medicity : Meeting |
| 9 | Mon | 03.00 pm | Choodacherry : Meeting |
| 10 | Tue | 10-12 noon | Visitors' Time |
| 11 | Wed | | Cherpunkal : Medicity Meeting |
| 12 | Thu | 06.00 pm | Arunoottimangalam : Blessing |
| 13 | Fri | 10-12 noon | Visitors' Time |
| | | 03.00 pm | Bed. College : Meeting |
| 14 | Sat | 11.00 am | Pastoral Institute: Meeting |
| | | 03.00 pm | Aruvithura : Blessing |
| | | 06.30 pm | Pastoral Institute : Meeting |
| 15 | Sun | | Cherpunkal : Medicity Meeting |
| 16 | Mon | 03.00 pm | Bishop's House : ADCP Executive Meeting |
| 17 | Tue | 10-12 noon | Visitors' Time |
| 18 | | | Cherpunkal: Medicity Meeting |

| | | | |
|---|---|---|---|
| 19 | Thu | | Feast of St. Joseph |
| 20 | Fri | | Cherpunkal: Medicity Meeting |
| 21 | Sat | | Cherpunkal: Medicity Meeting |
| 22 | Sun | 03.30 pm | Pastoral Institute : Meeting |
| 23 | | | Cherpunkal: Medicity Meeting |
| 24 | Tue | 10-12 noon | Visitors' Time |
| 25-26 | | | Cherpunkal: Medicity Meeting |
| 27 | Fri | 10-12 noon | Visitors' Time |
| 28-29 | | | Cherpunkal: Medicity Meeting |
| 30 | Mon | 03.30 pm | DST Generalate : Blessing |



## Auxiliary Bishop's Engagements

# Mar Jacob Muricken

## MARCH 2020

| | | | |
|---|---|---|---|
| 01 | Sun | 04.30 pm | Marangattupilly : Qurbana |
| 02 | Mon | 06.15 am | SMS Generalate : Qurbana |
| | | 10.00 am | Alphosa College : Meeting |
| | | 03.00 pm | Palakara : Meeting |
| 03 | Tue | 10.00 am | Pala : Inter Eparchial Meeting |
| 04 | Wed | 05.30 pm | Thudanganad : Qurbana |
| 05 | Thu | 02.00 pm | Mallikassery : Meeting |
| 06 | Fri | 06.15 am | Palakkattumala SMS Provincial House : Qurbana |
| | | 9-12 noon | Visitors' Time |
| | | 02.30 pm | Engaged |
| 07 | Sat | 10.00 am | POC : Meeting |
| 08 | Sun | | Engaged |
| 09 | Mon | 07.00 am | Vagamon : Qurbana |
| 10 | Tue | 9-12 noon | Visitors' Time |
| | | 02.30 pm | St. Thomas College : Meeting |
| 11 | Wed | 03.00 pm | Poonjar : Meeting |
| 12 | Thu | 04.30 pm | Mundankal : Blessing |
| 13 | Fri | 9-12 noon | Visitors' Time |
| | | 02.00 pm | Paika : Meeting |
| 14 | Sat | 04.00 pm | Bishop's House : Meeting |

| | | | |
|---|---|---|---|
| 15 | Sun | | Engaged |
| 16 | Mon | 03.00 pm | Bishop's House : ADCP Executive Meeting |
| 17 | Tue | 9-12 noon | Visitors' Time |
| 18 | Wed | 11.00 am | Kanjirappally : Meeting |
| 19 | Thu | 04.00 pm | Bishop's House : Meeting |
| 20 | Fri | 9-12 noon | Visitors' Time |
| | | 02.00 pm | Engaged |
| 21 | Sat | 04.00 pm | S.H. Mount : Meeting |
| 22 | Sun | | Engaged |
| 23 | Mon | 11.00 am | Kottayam : Meeting |
| 24 | Tue | 9-12 noon | Visitors' Time |
| 25 | Wed | 11.00 am | Palarivattom : Meeting |
| 26 | Thu | 11.00 am | Alphonsa College : Meeting |
| 27 | Fri | 9-12 noon | Aruvithura : Qurbana |
| 28 | Sat | 04.00 pm | Bishop's House : Meeting |
| 29 | Sun | | Engaged |
| 30 | Mon | 10.00 am | Peruvanthanam : Meeting |
| 31 | Tue | 9-12 noon | Visitors' Time |

# നവവൈദികർക്ക് ആശംസകൾ



**Fr. Antony Thonakkara**
Mob: 8547547699



**Fr. Paul Kunnumpurath**
Mob: 9446427471



**Fr. Emmanuel Kanjirathinkal**
Mob: 6238413094



**Fr. Mathew Kandankavil**
Mob: 9497171670



**Fr.Thomas Pezhumkattil**
Mob: 9645917306



**Fr. Jose Kuzhinjalil**
Mob: 9605269970



**Fr. Thomas Vazhayil**
Mob: 9496248273



**Fr. George Ozhukayil**
Mob: 7561824528



**Fr. Antony Vazhakalayil**
Mob: 8281620889



**Fr. Joseph Alanickal**
Mob: 9645541392



**Fr. Thomas Puthuparambil**
Mob: 8281083526



**Fn. Joseph Koovalloor**
Mob: 8281107394



**Fr. Mathew Vazhacharickal**
Mob: 8075747327



**പാലാ രൂപതയിലെ നവവൈദികർ അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം**

2020
MARCH

SANTHWANAPRAKASHAM
PALAI DIOCESAN BULLETIN



ബാംഗ്ലൂർ സെന്റ് ജോൺസിൽ കൂടിയ 34–ാമത് സി.ബി.സി.ഐ. പ്ലീനറി അസംബ്ലി

Printed at St. Thomas Press, Palai and Published by Fr. John Edettu